LifeDay

# ഓശാന മുതൽ ഉയിർപ്പ് വരെ



ഫാ. ജി. കടൂപ്പാറയിൽ MCBS | ഫാ. വിൻസെന്റ് ശ്രാമ്പിക്കൽ MCBS

www.malankaralibrary.com

# ഓശാന മുതൽ ഉയിർപ്പ് വരെ

**ധ്യാനം, പ്രസംഗം, ആരാധന, കുരിശിന്റെ വഴി, പ്രാർത്ഥനകൾ**

ഫാ. ജി. കടൂപ്പാറയിൽ MCBS | ഫാ. വിൻസെന്റ് ശ്രാമ്പിക്കൽ MCBS

LIFEDAY BOOKS

www.malankaralibrary.com

OSANA MUTHAL UYIRPPU VARE
(Dhyanam, Prasangam, Aradhana, Kurisinte Vazhi, Prarthanakal)
Malayalam (e-book)

Edited by : Fr. G. Kadooparayil, Fr. Vincent Srambickal
Publishers : Lifeday
First Impression : March, 2021
Cover & Book Design : Maggi Jerry Francis
Copy Right : Editors
For Private Circulation
Available Online at : www.lifeday.in

www.malankaralibrary.com

# സമർപ്പണം



**റവ. ഫാ. ജോയി വള്ളോംകുന്നേൽ MCBS**
(03.05.1956 - 06.11.2020)

നിങ്ങൾ ക്രിസ്തുവിനോടൊപ്പം സഹിക്കുകയാണെങ്കിൽ, അവനോടൊപ്പം സഹനങ്ങളെ അതിജീവിക്കും; നിങ്ങൾ ക്രിസ്തുവിനോടൊപ്പം കരയുകയാണെങ്കിൽ, അവനോടൊപ്പം ആനന്ദിക്കും; നിങ്ങൾ ക്രിസ്തുവിനോടൊപ്പം കുരിശിൽ മരിക്കുകയാണെങ്കിൽ, അവനോടൊപ്പം ഉയിർപ്പിക്കപ്പെടും - നിങ്ങളുടെ പേര് ജീവന്റെ പുസ്തകത്തിൽ എഴുതപ്പെടുകയും ചെയ്യും.

www.malankaralibrary.com

# ആശംസകൾ

ഒരു വർഷത്തിലെ എല്ലാ ദിനങ്ങളും മനോഹരമാണെങ്കിലും ക്രൈസ്തവരെ സംബന്ധിച്ച് ഓശാന മുതൽ ഉയിർപ്പ് വരെയുള്ള ദിനങ്ങൾ കൂടുതൽ വിശുദ്ധവും അനുഗ്രഹീതവുമാണ്. കാരണം, നമ്മുടെ രക്ഷകനും നാഥനുമായ ഈശോയുടെ പീഡാനുഭവ-മരണ-ഉത്ഥാന അനുഭവങ്ങളുടെ ഓർമ്മയാചരണമാണ് ആ ദിനങ്ങളിൽ നമ്മൾ നടത്തുന്നത്. ആ ദിനങ്ങളെ കൂടുതൽ പ്രാർത്ഥനാനിർഭരമാക്കാൻ സഹായിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ ഇ-ബുക്ക് പുറത്തിറക്കുന്നത്.

വിശുദ്ധവാരത്തിൽ നമ്മെ ആത്മീയമായി സഹായിക്കുന്ന ധ്യാനചിന്തകളും പ്രസംഗങ്ങളും പ്രാർത്ഥനകളും ആരാധനയും കുരിശിന്റെ വഴിയും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. നമ്മുടെ വലിയ ആഴ്ചയെ ആത്മീയമായി സമ്പന്നമാക്കാൻ ഈ പുസ്തകത്തിനു സാധിക്കും എന്നാണ് എന്റെ പ്രതീക്ഷ.

ലൈഫ്ഡേയുടെ ഈ സംരംഭത്തിന് എല്ലാ ആശംസകളും.

**ഫാ. ഡൊമിനിക് മുണ്ടാട്ട് MCBS**
പ്രൊവിൻഷ്യൾ സുപ്പീരിയർ
എം.സി.ബി.എസ്. എമ്മാവൂസ് പ്രൊവിൻസ്, കോട്ടയം

മാർച്ച് 27, 2021

www.malankaralibrary.com

# നന്ദി

ആത്മീയജീവിതത്തിന് ഉപകാരപ്രദമാകുന്ന ഒരു പുസ്തകം ഈ വിശുദ്ധവാരത്തിൽ പുറത്തിറക്കാൻ സാധിക്കുന്നതിൽ സന്തോഷമുണ്ട്. വ്യക്തിപരമായ പ്രാർത്ഥനാജീവിതത്തെയും പൊതുപ്രാർത്ഥനാശൈലിയേയും സഹായിക്കുന്ന ധ്യാനങ്ങളും പ്രസംഗങ്ങളും പ്രാർത്ഥനകളും ആരാധനകളുമാണ് ഈ പുസ്തകത്തിൽ. ഏവർക്കും പ്രയോജനകരമാകും എന്നു വിശ്വസിക്കുന്നു.

ഈ പുസ്തകത്തിലെ എല്ലാ മാറ്ററുകളും ലൈഫ്ഡേ ഓൺലൈൻ പത്രത്തിൽ (www.lifeday.in) പ്രസിദ്ധീകരിച്ചിട്ടുള്ളവയാണ്. എല്ലാ എഴുത്തുകാർക്കും ഹൃദയം നിറഞ്ഞ നന്ദി. പ്രൂഫ് വായിച്ചു സഹായിച്ചത് ഫാ. ആന്റണി ചിറയ്ക്കൽ മണവാളനും ഫാ. അലക്സ് കൂട്ടുങ്കലുമാണ്. എല്ലാ സഹായങ്ങളും നൽകിയ ഫാ. ജോണി മഠത്തിപ്പറമ്പിലിനെയും നന്ദിയോടെ ഓർക്കുന്നു.

അനുവാദവും ആശംസകളും നേർന്ന പ്രൊവിൻഷ്യൾ സുപ്പീരിയർ റവ. ഫാ. ഡൊമിനിക് മുണ്ടാട്ടിനും ഹൃദയം നിറഞ്ഞ നന്ദി.

മരണം മൂലം ഞങ്ങളിൽ നിന്നു വേർപിരിഞ്ഞ, എം.സി. ബി.എസ്. എമ്മാവൂസ് പ്രൊവിൻസിന്റെ അസിസ്റ്റന്റ് പ്രൊവിൻഷ്യൾ സുപ്പീരിയർ റവ. ഫാ. ജോയി വള്ളോം കുന്നേലിനാണ് ഈ പുസ്തകം സമർപ്പിച്ചിരിക്കുന്നത്.

സ്നേഹപൂർവ്വം

**ഫാ. ജി. കടൂപ്പാറയിൽ MCBS | ഫാ. വിൻസെന്റ് ശ്രാമ്പിക്കൽ MCBS**

*Special Thanks to*

സി. സൗമ്യ മുട്ടപ്പിള്ളിൽ DSHJ
മരിയ ജോസ്
സുനിഷ നടവയൽ
മാഗി ജെറി ഫ്രാൻസിസ്
കീർത്തി ജേക്കബ്
കുട്ടി ജോസ്

www.malankaralibrary.com

# ഉള്ളടക്കം


**1. ഓശാന ഞായർ** 7

ഓശാന നൽകുന്ന നാല് സന്ദേശങ്ങൾ 8

പ്രാർത്ഥന: കുരുത്തോല വീട്ടിൽ പ്രതിഷ്ഠിക്കുമ്പോൾ 16

**2. വിശുദ്ധവാരം** 19

ധ്യാനം - തിങ്കൾ: ഈശോയെ വധിക്കാൻ ആലോചന 20

ധ്യാനം - ചൊവ്വ: ഗോതമ്പുമണി 21

ധ്യാനം - ബുധൻ: മനുഷ്യപുത്രൻ ഉയർത്തപ്പെടണം 22

ത്രിസന്ധ്യാജപം: വിശുദ്ധവാരം 23

**3. പെസഹാവ്യാഴം** 25

പ്രസംഗം: പെസഹാവ്യാഴം 26

ആരാധന: തിരുസന്നിധിയിൽ 31

പെസഹാ അപ്പവും പാലും തയ്യാറാക്കുന്ന വിധം 37

പ്രാർത്ഥന: പെസഹാ അപ്പം മുറിക്കൽ വീട്ടിൽ 40

**4. ദുഃഖവെള്ളി** 47

പ്രസംഗം: നീ ഇന്ന് എന്നോടുകൂടെ പറുദീസായിലായിരിക്കും 48

പ്രസംഗം: ഇതാ നിന്റെ മകൻ 51

കുരിശിന്റെ വഴി: വി. യൗസേപ്പിതാവിനോടൊപ്പം 55

**5. ദുഃഖശനി** 69

പ്രസംഗം: അവിടുന്ന് വിശ്രമിക്കുകയാണ് 70

**6. ഉയിർപ്പ് ഞായർ** 73

പ്രസംഗം: ഉയിർപ്പ് ഞായർ 74

ധ്യാനം: കല്ലറ 79

കുടുംബപ്രാർത്ഥന: ഉയിർപ്പ് ദിവസങ്ങളിൽ 82

ത്രിസന്ധ്യാജപം: ഉയിർപ്പ് കാലം 85


www.malankaralibrary.com



# ഓശാന ഞായർ

ജറുസലേമിലേക്കുള്ള ഈശോയുടെ രാജകീയപ്രവേശനം.
വിശുദ്ധ വാരത്തിന്റെ തുടക്കം.

പ്രസംഗം, പ്രാർത്ഥന

www.malankaralibrary.com

## പ്രസംഗം: ഓശാന നൽകുന്ന നാലു സന്ദേശങ്ങൾ

ഓശാനത്തിരുനാൾ – വെഞ്ചരിച്ച കുരുത്തോലകൾ കൈക ളിലേന്തി, ഗീതങ്ങൾ ആലപിച്ച് പ്രദക്ഷിണമായി നീങ്ങുന്ന പുണ്യദിനം. യേശുവിന്റെ ജറുസലേമിലേയ്ക്കുള്ള രാജകീയ പ്രവേശനത്തെ നാം അനുസ്മരിക്കുന്ന വിശുദ്ധ ദിനം.

വി. ലൂക്കാ സുവിശേഷകന്റെ പുസ്തകത്തിൽ പത്തൊൻ പതാം അദ്ധ്യായം 32 മുതൽ 40 വരെയുള്ള ഭാഗത്ത്, യേശു വിന്റെ ആ മനോഹരമായ രാജകീയപ്രവേശനം വിവരിക്കു ന്നുണ്ട്. അതിന്റെ വെളിച്ചത്തിൽ ഓശാനത്തിരുനാളിന്റെ നാലു പാഠങ്ങൾ നമുക്ക് കാണാം.

### 1. ശിഷ്യന്മാരുടെ അനുസരണത്തിന്റെ ഒരു പാഠം

''അയയ്ക്കപ്പെട്ടവർ പോയി'' എന്ന് ലൂക്കാ 19:32 –ൽ നമ്മൾ കാണുന്നു.

കഴുതക്കുട്ടിയെ കൊണ്ടുവരുവാനായി അവിടുന്ന് ശിഷ്യ ന്മാരെ പറഞ്ഞയയ്ക്കുകയാണ്. അവർ യേശു പറഞ്ഞതു പോലെ തന്നെ കഴുതക്കുട്ടിയെ കൊണ്ടുവരാനായി മുന്നോട്ടു പോയി. യേശു നൽകിയ കൽപന അവർ അനുസരിച്ചു. വളരെ ലളിതമായ ഒരു കാര്യമാണ് അവിടുന്ന് പറഞ്ഞത്. അവിടുന്ന് പറയുന്നത് അവർ അനുസരിക്കുന്നു. ദൈവത്തെ അനുസരി ക്കുക എന്നതിനേക്കാൾ വലിയ ഒരു കാര്യവും അവിടുന്ന് നമ്മോടു പറയുന്നില്ല. മാനസാന്തരപ്പെടാൻ അവൻ നമ്മോട് പറയുമ്പോൾ നാം പശ്ചാത്തപിക്കണം. വിശ്വസിക്കുവാൻ അവിടുന്ന് ആവശ്യപ്പെടുമ്പോൾ നാം വിശ്വസിക്കണം. ക്ഷമി ക്കുവാൻ പറയുമ്പോൾ ക്ഷമിക്കുവാനും, അവിടുന്ന് പോകു



www.malankaralibrary.com

വാൻ പറയുന്നിടത്തേയ്ക്കു പോകുവാനും നാം തയ്യാറാകണം.

അനുസരണം ചില സമയങ്ങളിലെങ്കിലും വിഷമകരമായ ഒന്നാണെങ്കിലും ഇവിടെ യേശുവിന്റെ ശിഷ്യന്മാർ എന്ന് വിളിക്കപ്പെടുന്നവർക്ക് അതൊരു ബുദ്ധിമുട്ടേയല്ല. പത്തൊൻപതാം അധ്യായത്തിൽ അതാണ് നാം കാണുന്നത്. അവരോട് പോകാൻ പറഞ്ഞു; അവർ പോയി. എന്തു ചെയ്യണമെന്ന് അവൻ പറഞ്ഞുവോ അത് ചെയ്യുകയും ചെയ്തു. അവിടെ ച്ചെന്ന് എന്താണ് പറയേണ്ടതെന്ന് അവരോട് പറയുകയും അവർ അത് പറയുകയും ചെയ്തു. നമ്മളും ജീവിതത്തിൽ പാലിക്കേണ്ടത് കർത്താവിനോടുള്ള അനുസരണം തന്നെയാണ്.

തോമസ് അക്കെമ്പിസ് പറയുന്നു: ''തൽക്ഷണമുള്ള അനുസരണമാണ് അനുസരണം. അൽപം താമസിച്ചുള്ള അനുസരണം, അത് അനുസരണക്കേടാണ്. അനുസരണത്തിൽ നിന്ന് പിന്മാറാൻ ശ്രമിക്കുന്നവൻ കൃപയിൽ നിന്ന് പിന്മാറുന്നു.'' നാം മാംസത്തെയും അതിന്റെ എല്ലാ മോഹങ്ങളെയും ക്രൂശിക്കണം. എതിർപ്പ് കൂടാതെ നമ്മുടെ കുരിശുകൾ ഏറ്റെടുക്കുവാൻ നമുക്ക് കഴിയണം. ക്രിസ്തു പോകുന്നിടത്തെല്ലാം നാം അവനെ അനുഗമിക്കണം. അനുസരണം കൂടാതെ ശിഷ്യനാകുക സാധ്യമല്ല. ഒരു ശിഷ്യൻ എന്താണെന്ന് നിർവചിക്കുക മാത്രമല്ല, അവൻ ആരെയാണ് പിന്തുടരുന്നത് എന്നുകൂടി അനുസരണം വെളിപ്പെടുത്തുന്നു.

നമ്മുടെ അനുസരണം അനുഗ്രഹത്തിലേക്ക് നയിക്കുന്നതെങ്ങനെയെന്ന് നാം വിശുദ്ധ ഗ്രന്ഥത്തിൽ കാണുന്നു. താൻ എവിടേക്കാണ് പോകുന്നതെന്ന് അറിവില്ലായിരുന്നിട്ടും ദൈവം പറഞ്ഞതനുസരിച്ച് പോയ അബ്രഹാം അനുസരണമുള്ളവനായിരുന്നു. നമ്മിൽ എത്രപേർ നമുക്ക് പരിചിതമായതെല്ലാം ഉപേക്ഷിച്ച് ലക്ഷ്യസ്ഥാനം അറിയാത്ത ഒരിടത്തേയ്ക്കു പോവും? അതാണ് അബ്രാഹാം ചെയ്തത്, മീൻപിടിത്തക്കാരായിരുന്ന ശിഷ്യന്മാർ ചെയ്തത്. അനുസരണമുള്ള ഏതൊരു ശിഷ്യനും ചെയ്യുന്നതും ഇത് തന്നെയാണ്.



www.malankaralibrary.com

## 2. ദൈവത്തിന്റെ പരിപാലനയുടെ പാഠം

"യേശു പറഞ്ഞതുപോലെ അവർ കണ്ടു" (ലൂക്കാ 19:32).

ദൈവം തന്റെ വാഗ്ദാനങ്ങൾ പാലിക്കുന്നു എന്നാണ് ഇതിന്റെ അർത്ഥം. അടുത്തുള്ള ഗ്രാമത്തിലെ ഒരു മരത്തിൽ ഒരു കഴുതക്കുട്ടിയുണ്ടെന്ന് അവിടുന്ന് നിങ്ങളോടു പറഞ്ഞാൽ, അടുത്തുള്ള ഗ്രാമത്തിലെ ഒരു മരത്തിൽ ഒരു കഴുതക്കുട്ടി ഉണ്ടായിരിക്കുക തന്നെ ചെയ്യും. അവൻ പറഞ്ഞതുപോലെ അവർ അത് കണ്ടെത്തി. ഞാൻ സത്യമാണെന്നു യേശു പറഞ്ഞതിന്റെ പൊരുളും ഇതു തന്നെയാണ്. എന്നാൽ നിങ്ങൾ സത്യത്തെ വിശ്വസിക്കുന്നുണ്ടോ എന്നതാണ് അടുത്ത ചോദ്യം.

വിശ്വാസത്തെയും ദൈവവചനത്തിൽ പ്രത്യാശ വയ്ക്കുന്നതിനെയും കുറിച്ചുള്ള ഒരു വലിയ പാഠം ഇവിടെയുണ്ട്. ശിഷ്യന്മാർ ഗ്രാമത്തിൽ പ്രവേശിച്ചു. അവിടുന്ന് പറഞ്ഞത് വിശ്വസിച്ചുകൊണ്ട് അവർ ആ ഗ്രാമത്തിലൂടെ കഴുതക്കുട്ടിയെ അന്വേഷിച്ച് നടക്കേണ്ടിവന്നു. അവർ കണ്ടെത്തുകയും ചെയ്തു.

1988-ലെ വിന്റർ ഒളിമ്പിക്സിനു മുമ്പുള്ള ഒരു ടെലിവിഷൻ പരിപാടിയിൽ, അന്ധരായ സ്കീയർമാരെ മത്സരത്തിനായി പരിശീലിപ്പിക്കുകയാണ്. കാഴ്ചയില്ലാത്തതിനാൽ അന്ധരായ ആളുകളെ സംബന്ധിച്ച് അത് അസാധ്യമായ ഒന്നാണെന്ന് കരുതിയിരുന്നു. കാണാൻ കഴിയുന്ന സ്കീയർമാരുമായി ജോഡിയാക്കിയ അന്ധരായ സ്കീയർമാരെ വലത്തോട്ടും ഇടത്തോട്ടും എങ്ങനെ തിരിക്കാമെന്ന് പഠിപ്പിക്കുകയാണ്. പരിശീലനത്തിനുശേഷം അവരെ ഒരു മലഞ്ചെരുവിലേക്ക് കൊണ്ടുപോയി. കാഴ്ചയുള്ള സഹായികളുടെ ഇടത്, വലത് നിർദ്ദേശങ്ങൾക്കനുസരിച്ച് അന്ധരായ ആളുകൾ ചലിച്ചു. അങ്ങനെ അവർക്ക് ഫിനിഷിങ് പോയിന്റ് കടക്കുവാൻ കഴിഞ്ഞു. അവർ വിജയിക്കുകയാണ്. വിശ്വസിച്ചാൽ അത് പൂർണ്ണമായ വിജയവും അല്ലെങ്കിൽ അത് പൂർണ്ണമായ ദുരന്തമോ ആയിത്തീരും എന്നതാണ് യാഥാർത്ഥ്യം.

ക്രിസ്തീയജീവിതത്തിന്റെ ഉജ്ജ്വലമായ ഒരു ചിത്രമാണ് മേൽപറഞ്ഞ മത്സരം! ഈ ലോകത്ത്, എന്ത് മാർഗ്ഗമാണ് സ്വീകരിക്കേണ്ടതെന്നതിനെക്കുറിച്ച് നാം അന്ധരാണ്. നമുക്ക്



www.malankaralibrary.com

നാളെയോ, അടുത്ത ആഴ്ചയോ, അടുത്ത മാസമോ, അടുത്ത വർഷമോ കാണാൻ കഴിയില്ല. "ഒരു ദിവസം എന്തായിരിക്കുമെന്ന് ആർക്കറിയാം? നമുക്ക് മുന്നിൽ കാണാൻ കഴിയുന്നവനെ നാം ആശ്രയിക്കണം. യഥാർത്ഥമായ കാഴ്ചയുള്ള വചനമായ ദൈവത്തെ മാത്രം നാം ആശ്രയിക്കണം. നമ്മുടെ ജീവിതം പൂർത്തിയാക്കാൻ ആവശ്യമായ ദിശാബോധം അവന്റെ വചനം നൽകുന്നു" എന്നാണ് റോബർട്ട് ഡബ്ല്യു. സട്ടൺ പറയുന്നത്. അപ്പോഴും ചില ചോദ്യങ്ങൾ ഉണ്ടാകും. നിങ്ങൾ ഈ വാക്കിനെ വിശ്വസിക്കുന്നുണ്ടോ? അല്ലെങ്കിൽ നിങ്ങൾ സ്വയം വിശ്വസിക്കുന്നുണ്ടോ? നിങ്ങളുടെ തീരുമാനങ്ങളെ നയിക്കുന്നതെന്താണ്? അവന്റെ വാക്കോ നിങ്ങളുടെ വികാരമോ? നിങ്ങളുടെ ജീവിതത്തിലെ അന്തിമ അധികാരം എന്താണ്? നിങ്ങളുടെ യുക്തി, ബുദ്ധി അല്ലെങ്കിൽ ദൈവവചനം?

നമ്മുടെ യുക്തിക്കും വികാരങ്ങൾക്കും അതീതമായി ദൈവവചനത്തെയും ദൈവത്തിന്റെ വാഗ്ദാനങ്ങളെയും വിശ്വസിക്കാൻ നാം പഠിക്കുമ്പോൾ, നല്ല കാര്യങ്ങൾ സംഭവിക്കുന്നത് നാം കണ്ടുതുടങ്ങും. അവനെ സ്നേഹിക്കുകയും അവൻ പ്രത്യേക ലക്ഷ്യങ്ങൾക്കായി തിരഞ്ഞെടുത്തിരിക്കുകയും ചെയ്തിരിക്കുന്നവരുടെ എല്ലാ കാര്യങ്ങളിലും ദൈവം നന്മയ്ക്കായി പ്രവർത്തിക്കുന്നുവെന്ന് അപ്പോൾ നമുക്ക് മനസിലാകും.

എത്രയോ തവണ വിശ്വാസം അനുസരണത്തിനു മുന്നേ പോയിരിക്കുന്നു? ഇപ്പോൾ കഴുതക്കുട്ടിയെ കാണാൻ കഴിയുന്നില്ലെങ്കിലും കഴുതക്കുട്ടിയുണ്ടെന്നു വിശ്വസിച്ച ശിഷ്യന്മാർക്ക് കഴുതക്കുട്ടിയെ ലഭിക്കുക തന്നെ ചെയ്തു.

## 3. യേശുവിന്റെ മഹത്വം മനസിലാക്കുക എന്ന പാഠം

അവൻ പട്ടണത്തോടടുത്ത് ഒലിവുമലയുടെ ചരിവിനു സമീപത്തെത്തിയപ്പോൾ ശിഷ്യഗണം മുഴുവൻ സന്തോഷിച്ച് തങ്ങൾ കണ്ട എല്ലാ അത്ഭുതപ്രവൃത്തികളെയും പറ്റി ഉച്ചത്തിൽ ദൈവത്തെ സ്തുതിക്കാൻ തുടങ്ങി. "കർത്താവിന്റെ



www.malankaralibrary.com

നാമത്തിൽ വരുന്ന രാജാവ് അനുഗൃഹീതൻ, സ്വർഗത്തിൽ സമാധാനം, അത്യുന്നതങ്ങളിൽ മഹത്വം എന്ന് അവർ ആർത്തുവിളിച്ചു'' (ലൂക്ക 19:37,38).

ദാവീദ് പറഞ്ഞു: ''സ്തുതി അർഹിക്കുന്ന യഹോവയെ ഞാൻ വിളിച്ചു...'' (സങ്കീ. 18:3) ഉയർത്തപ്പെടാൻ യോഗ്യനായവൻ ഒരാൾ മാത്രമേയുള്ളൂ. ആരാധിക്കപ്പെടാൻ യോഗ്യനായ ഒരാൾ മാത്രമേയുള്ളൂ. സ്തുതിക്കപ്പെടാൻ യോഗ്യനായ ഒരാൾ മാത്രമേയുള്ളൂ, അത് മിശിഹാ ആണ്. രക്ഷകൻ, ഇമ്മാനുവേൽ, വാഴ്ത്തപ്പെട്ട വീണ്ടെടുപ്പുകാരൻ, സമാധാനത്തിന്റെ രാജകുമാരൻ, സർവ്വശക്തൻ, അത്ഭുതകരമായ ഉപദേഷ്ടാവ്, നിത്യപിതാവ്, ദൈവപുത്രൻ, രാജാക്കന്മാരുടെ രാജാവ്, കർത്താവിന്റെ നാഥൻ, യേശുക്രിസ്തു! മഹത്വമേറിയവൻ തന്റെ പൂർണ്ണസിംഹാസനത്തിൽ നിന്ന് നമ്മെ രക്ഷിക്കുന്നതിനായി ഇറങ്ങിവന്നു. ചരിത്രത്തിലുടനീളം സന്തോഷിക്കാൻ ഒരു നിമിഷം ഉണ്ടെങ്കിൽ, മിശിഹാ ജറുസലേമിൽ വന്ന നിമിഷമായിരുന്നു അത്. അവന്റെ ഘോഷയാത്രയ്ക്കു മുമ്പായി അവർ തങ്ങളുടെ വസ്ത്രങ്ങളും ഈന്തപ്പനചില്ലകളും വിരിച്ചു.

1715-ൽ ഫ്രാൻസിലെ രാജാവായ ലൂയി പതിനാലാമൻ 72 വർഷത്തെ ഭരണത്തിനു ശേഷം മരിച്ചു. അദ്ദേഹം സ്വയം 'മഹാൻ' എന്ന് വിശേഷിപ്പിക്കുകയും 'ഐ ആം ദി സ്റ്റേറ്റ്' എന്ന പ്രസിദ്ധമായ പ്രഖ്യാപനം ഇറക്കുകയും ചെയ്തയാളാണ്. അദ്ദേഹത്തിന്റെ കൊട്ടാരം യൂറോപ്പിലെ ഏറ്റവും ഗംഭീരമായ ഒന്നായിരുന്നു. അദ്ദേഹത്തിന്റെ ശവസംസ്കാരവും അതുപോലെ തന്നെ പ്രതേകതകൾ നിറഞ്ഞതായിരുന്നു. അദ്ദേഹത്തിന്റെ ശരീരം ഒരു സ്വർണ്ണ ശവപ്പെട്ടിയിൽ കിടക്കുന്നതിനാൽ കത്തീഡ്രലിലെ വിളക്കുകൾ പ്രകാശം കുറച്ചു തെളിക്കണം എന്ന ഉത്തരവ് ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ അന്തിമകർമ്മങ്ങൾ നാടകീയമാക്കാൻ ശവപ്പെട്ടിക്കു മുകളിൽ ഒരു പ്രത്യേക മെഴുകുതിരി മാത്രം സ്ഥാപിച്ചു. സ്മാരകത്തിൽ ആയിരങ്ങൾ നിശബ്ദതയോടെ കാത്തിരുന്നു. അപ്പോൾ ബിഷപ്പ് മാസിലോൺ പതുക്കെ താഴേയ്ക്കിറങ്ങി. അദ്ദേഹം മെഴുകുതിരി പുറത്തെടുത്ത് പറഞ്ഞു: ''ദൈവം മാത്രമാണ് വലിയവൻ.'' അതെ, ദൈവം മാത്രമാണ് വലിയവൻ. അവന്റെ മഹത്വം മനുഷ്യരെ ഭയത്തോടെ വിറയ്ക്കാനോ ഭക്തിയിൽ



www.malankaralibrary.com

നമിക്കാനോ സന്തോഷത്തോടെ പാടാനോ ഇടയാക്കും. നമ്മുടെ ദൈവം വലിയവൻ എന്നല്ല, അവനാണ് ഏറ്റവും വലിയവൻ! പാപികളായ സൃഷ്ടികൾക്ക് തന്നെ ആരാധിക്കുവാൻ അനുവാദം നൽകുന്നത് തന്നെ അവന്റെ കൃപയാണ്.

## 4. അവിശ്വാസികളുടെ പോരാട്ടത്തിന്റെ ഒരു പാഠം

ജനക്കൂട്ടത്തിലുണ്ടായിരുന്ന ചില ഫരിസേയർ അവനോടു പറഞ്ഞു: ''ഗുരോ, നിന്റെ ശിഷ്യന്മാരെ ശാസിക്കുക'' (40). അവൻ പ്രതിവചിച്ചു: ''ഇവർ മൗനം ഭജിച്ചാൽ ഈ കല്ലുകൾ ആർത്തുവിളിക്കുമെന്ന് ഞാൻ നിങ്ങളോടു പറയുന്നു'' (ലൂക്ക 19:39-41). ഫരിസേയർ പ്രകോപിതരും അസൂയയുള്ളവരുമായിരുന്നു. യേശു അത്ഭുതങ്ങൾ പ്രവർത്തിക്കുകയും ഉപമകൾ പറയുകയും ചെയ്തപ്പോൾ അവനെ ഗുരുവായും പ്രവാചകനായും അംഗീകരിക്കാൻ കഴിയാത്ത ചില ഫരിസേയന്മാർ ജനക്കൂട്ടത്തിൽ ഉണ്ടായിരുന്നിരിക്കാം. യേശുവിനെക്കുറിച്ചുള്ള ഒരു ചിന്തയും അവർക്ക് ആസ്വദിക്കാൻ കഴിഞ്ഞില്ല. അവനെ അപമാനിക്കുവാനും ചാരപ്പണിക്കായും അവനോടൊപ്പം കൂടിയവരും ഉണ്ടായിരുന്നു. മറ്റുചിലർ അവനെതിരെ തെളിവുകൾ ശേഖരിക്കുകയായിരുന്നു. മതഭ്രാന്താൽ അന്ധരാക്കപ്പെട്ട ഇവർക്ക് ശരിയായ നേർക്കാഴ്ചകൾ ഉണ്ടായിരുന്നില്ല. അവർക്ക് ചെവികളുണ്ടായിരുന്നുവെങ്കിലും കേൾക്കാൻ കഴിഞ്ഞില്ല, അവർക്ക് കണ്ണുകളുണ്ടായിരുന്നുവെങ്കിലും കാണാൻ കഴിഞ്ഞില്ല. യേശുവിന്റെ ദൈവത്വം അവരുടെ മുൻപിൽ ശരിയായിരുന്നു, എന്നാൽ അവരുടെ അഭിമാനവും അസൂയയുമുള്ള ഹൃദയങ്ങൾ ഒരിക്കലും അത് അംഗീകരിക്കുവാൻ തയ്യാറല്ലായിരുന്നു.

ഒരു കഥയുണ്ട്. ഒരിക്കൽ തന്നേക്കാൾ നന്നായി പറക്കാൻ കഴിയുന്ന മറ്റൊരു കഴുകനോട് അസൂയപ്പെട്ട ഒരു കഴുകന്റെ കഥ. ഒരു ദിവസം അസൂയാലുവായ കഴുകൻ അമ്പും വില്ലും കൊണ്ടുപോകുന്ന ഒരാളോട് ചോദിച്ചു: ''നിങ്ങൾ ആ കഴുകനെ അമ്പെയ്തു താഴെയിടാമോ?'' അപ്പോൾ പ്രതിഫലമായി അയാൾ തൂവൽ ചോദിച്ചു. ഉയരത്തിൽ പറക്കുന്ന കഴുകനെ താഴെയിറക്കുന്നതിനുള്ള അസൂയയാൽ നിറഞ്ഞ കഴുകൻ തന്റെ ഒരു തൂവൽ കൊടുത്തു. അയാൾ അമ്പെയ്തു. പക്ഷേ,



www.malankaralibrary.com

കഴുകനിട്ടു കൊണ്ടില്ല. വീണ്ടും എയ്യാൻ അയാൾ തൂവൽ ചോദിച്ചു. ഓരോ എയ്ത്തിനും ഓരോ തൂവൽ! ഒടുവിൽ ഇനി പറക്കാൻ കഴിയാത്ത ഒരു സാഹചര്യത്തിലേക്ക്, തൂവൽ കൊടുത്ത കഴുകൻ എത്തി. വില്ലാളിയായ മനുഷ്യൻ ആ സാഹ ചര്യം മുതലെടുത്ത് നിസ്സഹായനായ കഴുകനെ കൊന്നു. നിങ്ങൾക്ക് ആരോടെങ്കിലും അസൂയയുണ്ടെങ്കിൽ അസൂയ നിറഞ്ഞ പ്രവൃത്തികളാൽ നിങ്ങൾ ഏറ്റവും കൂടുതൽ വേദ നിപ്പിക്കുന്നത് നിങ്ങളെത്തന്നെ ആയിരിക്കും.

ഫരിസേയർക്കും യേശുവിന്റെ ശിഷ്യന്മാരാകാമായിരുന്നു. അവർ വിശ്വസിക്കുകയും അവന്റെ നിബന്ധനകളനുസരിച്ച് അവന്റെ അടുക്കൽ വരികയും ചെയ്തിരുന്നെങ്കിൽ... താർ സാസിലെ സാവൂൾ ദൈവത്തിന്റെ സേവകനായി മാറിയത് നമുക്ക് അറിയാം. ദൈവം പക്ഷപാതം കാണിക്കുന്നില്ല. മനു ഷ്യൻ ബാഹ്യരൂപത്തിലേക്ക് നോക്കിയേക്കാം. പക്ഷേ, ദൈവം ഹൃദയത്തെ നോക്കുന്നു. നമുക്ക് കഴിയാത്തതിനെ അവൻ കാണുന്നു. ദൈവം ഒരു ആട്ടിടയ ബാലനിൽ പോലും ഇസ്ര യേലിന്റെ അടുത്ത രാജാവിനെ കാണുന്നവനാണ്.

## ഉപസംഹാരം

ലൂയിസ് ഗോൾഡ്ബെർഗിന്റെ ഒരു ലേഖനത്തിൽ ഇപ്ര കാരം എഴുതിയിരിക്കുന്നു: ''ഓശാന ഞായറാഴ്ച യേശു വിനെ മിശിഹാ ആയി അംഗീകരിച്ച നൂറുകണക്കിന് ആളുകൾ ഉണ്ടായിരുന്നിട്ടും അവർ ഒരു ന്യൂനപക്ഷമായിരുന്നു. ഒന്നാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ഒരുപക്ഷേ, യഹൂദ ജന സംഖ്യയുടെ 20 % ക്രിസ്തുവിനെ അംഗീകരിച്ചിരുന്നു. എന്നാൽ നേതാക്കളും ഭൂരിഭാഗം ആളുകളും അംഗീകരിച്ചിരുന്നില്ല.'' ന്യൂനപക്ഷമാണ് ഇപ്പോഴും ഈശോയെ മുഴുവനായും അംഗീ കരിക്കുന്നത്. അവന്റെ വഴി ഇടുങ്ങിയതാണ് എന്നതാണ് അതിനു കാരണം. അത് കണ്ടെത്തുന്നവർ ചുരുക്കമാണ്. ഈ ജീവിതരീതി കണ്ടെത്തിയ ചുരുക്കം ചിലരിലൊരാളായ നിങ്ങൾ ഭാഗ്യവാനാണെന്ന് സ്വയം കരുതുക. അതുപോലെ മറ്റുള്ള വരിൽ നിന്ന് ആ വഴി മറയ്ക്കരുത്. അവരെ നിങ്ങളോടൊപ്പം കൊണ്ടുപോകാൻ നിങ്ങൾ ആവുന്നതെല്ലാം ചെയ്യുക. വിജയ കരമായ ജറുസലേം പ്രവേശനം, തുടർന്ന് ഒറ്റിക്കൊടുക്കൽ,



www.malankaralibrary.com

ചാട്ടവാറടി, പരിഹാസം, ക്രൂരമായ കുരിശിലേറ്റൽ, മരണം... ഇതൊക്കെയാണ് ഈ രാജാവ് നമുക്ക് വാഗ്ദാനം ചെയ്യുന്നത്. അവൻ നിങ്ങളോട് പറയുകയാണ് എന്നെ പിന്തുടരുക എന്ന്. അപ്പോൾ എന്താണ് നിങ്ങളുടെ മറുപടി?

**ഫാ. ജി. കടൂപ്പാറയിൽ MCBS/ മരിയ ജോസ്**

www.lifeday.in



www.malankaralibrary.com

## പ്രാർത്ഥന: കുരുത്തോല വീട്ടിൽ പ്രതിഷ്ഠിക്കുമ്പോൾ

*(എല്ലാവരും അത്താഴത്തിനു ശേഷമോ, വേറെ ഏതെങ്കിലും സമയത്തോ വീട്ടിൽ പ്രാർത്ഥന ചൊല്ലുന്ന സ്ഥലത്ത് ഒരുമിച്ചു ചേരുന്നു. തിരി കത്തിച്ചു വയ്ക്കുന്നു. എല്ലാവരും കൈയ്യിൽ കുരുത്തോലകൾ പിടിക്കുന്നു).*

**കുടുംബനാഥൻ:** പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ

**എല്ലാവരും:** ആമ്മേൻ

**കുടുംബനാഥൻ:** അത്യുന്നതങ്ങളിൽ ഓശാന, കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗ്രഹീതൻ.

**എല്ലാവരും:** അത്യുന്നതങ്ങളിൽ ഓശാന.

**കുടുംബനാഥൻ:** നാം വിശുദ്ധ ആഴ്ചയിലേയ്ക്ക് പ്രവേശിക്കുകയാണ്. ഇന്ന് ദേവാലയത്തിൽ വച്ച് നമ്മൾ വെഞ്ചരിച്ച കുരുത്തോലകൾ സ്വീകരിച്ചു. ഒരുമിച്ച് ഓശാന പാടി, ഈശോയുടെ ജറുസലേം പ്രവേശനത്തിന്റെ ഓർമ്മ പുതുക്കി. ആ കുരുത്തോലകൾ നമ്മുടെ വീട്ടിൽ പ്രതിഷ്ഠിക്കാനാണ് നമ്മൾ ഇപ്പോൾ ഒരുമിച്ചുകൂടിയിരിക്കുന്നത്. ഈ കുരുത്തോലകളുടെ വിശുദ്ധ സാന്നിദ്ധ്യം അടുത്ത ഒരു വർഷം മുഴുവൻ നമ്മുടെ ഭവനത്തിൽ ഉണ്ടായിരിക്കട്ടെ.

*(കുട്ടികളിൽ ഒരാൾ തിരുവചനം വായിക്കുന്നു)*

വി. പൗലോസ് ശ്ലീഹ കോറിന്തോസുകാർക്കെഴുതിയ രണ്ടാം ലേഖനം 4:10-11 വരെയുള്ള വാക്യങ്ങൾ.



www.malankaralibrary.com

“യേശുവിന്റെ ജീവൻ ഞങ്ങളുടെ ശരീരത്തിൽ പ്രത്യക്ഷമാകുന്നതിന് അവിടുത്തെ മരണം ഞങ്ങൾ എല്ലായ്പ്പോഴും ശരീരത്തിൽ സംവഹിക്കുന്നു. ഞങ്ങളുടെ മർതൃശരീരത്തിൽ യേശുവിന്റെ ജീവൻ പ്രത്യക്ഷമാകേണ്ടതിന് ഞങ്ങൾ ജീവിച്ചിരിക്കുമ്പോൾ യേശുവിനെപ്രതി സദാ മരണത്തിന് ഏൽപിക്കപ്പെടുന്നു.”

**എല്ലാവരും:** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

*(നിശബ്ദമായി അൽപനേരം സ്തുതിക്കുന്നു)*

**കുടുംബനാഥൻ:** നമുക്ക് പ്രാർത്ഥിക്കാം, കരുണയും സ്നേഹവും നിറഞ്ഞ ദൈവമേ, നീ അനുഗ്രഹീതനാകുന്നു. പുത്രൻ ആയ ഈശോയെ ഞങ്ങൾ അങ്ങയെ വാഴ്ത്തുന്നു. അങ്ങയുടെ മഹനീയമായ ജറുസലേം പ്രവേശനത്തിന്റെ ഓർമ്മ ഇന്ന് ഞങ്ങൾ അനുസ്മരിക്കുന്നു. ഓശാന പാടി, അങ്ങയെ എതിരേറ്റ അന്നത്തെ ജനങ്ങളോടൊപ്പം ഇന്ന് ഞങ്ങളും അങ്ങയെ സ്തുതിക്കുന്നു. ഞങ്ങളുടെ കൈകളിലുള്ള കുരുത്തോലകൾ അങ്ങയുടെ വിജയത്തെക്കുറിച്ച് ഞങ്ങളെ ഓർമ്മിപ്പിക്കുന്നു. ഈ കുരുത്തോലകൾ ഞങ്ങൾക്കിടയിലുള്ള അങ്ങയുടെ സാന്നിധ്യത്തിന്റെ മറ്റൊരു അടയാളമാകട്ടെ. പരിശുദ്ധാത്മാവായ ദൈവമേ, ഞങ്ങളെ നിരന്തരം നവീകരിക്കേണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേയ്ക്കും.

**എല്ലാവരും:** ആമ്മേൻ.

*(ഓശാനയുടെ ഒരു ഗാനം എല്ലാവരും കൂടി പാടുന്നു. തുടർന്ന് കുടുംബനാഥൻ മുതൽ ഓരോരുത്തരും തങ്ങളുടെ കുരുത്തോല നിശ്ചിതസ്ഥലത്ത് വയ്ക്കുന്നു. എല്ലാവരും കുരിശു വരയ്ക്കുന്നു. പരസ്പരം സ്തുതി ചൊല്ലുന്നു).*

**ഫാ. സൈജു തുരുത്തിയിൽ MCBS**



www.malankaralibrary.com

www.malankaralibrary.com



# വിശുദ്ധ വാരം

തിങ്കൾ, ചൊവ്വ, ബുധൻ

കൂടുതൽ തീക്ഷ്ണമായ പ്രാർത്ഥനയോടെ
ഒരുങ്ങേണ്ട ദിനങ്ങൾ. ക്രിസ്തീയജീവിതത്തിന്റെ
അടിസ്ഥാനങ്ങളെക്കുറിച്ച് ഈ ദിവസങ്ങളിൽ ധ്യാനിക്കുക

ധ്യാനം, പ്രാർത്ഥന

## ധ്യാനം (തിങ്കൾ): ഈശോയെ വധിക്കുവാൻ ആലോചന (യോഹ. 11: 47 - 57)

ജനത്തിനു വേണ്ടിയും ചിതറിക്കിടക്കുന്ന ദൈവമക്കളെ ഒന്നിച്ചുകൂട്ടുന്നതിനുമായിട്ടായിരുന്നു യേശുവിന്റെ മരണം (52). ഈ ഭാഗത്തെക്കുറിച്ചുള്ള ഒരു പ്രസംഗത്തിനിടയിൽ ഫ്രാൻസിസ് പാപ്പ പറയുകയുണ്ടായി: ''എല്ലാവർക്കും വേണ്ടിയാണ് യേശു മരിച്ചത്. അത് ശരിയാണുതാനും. എങ്കിലും നമ്മൾ അതിനെ പൊതുവെ പറഞ്ഞവസാനിപ്പിക്കരുത്. യേശു എനിക്കുവേണ്ടി മരിച്ചു എന്ന് ഞാൻ ഉറച്ചു വിശ്വസിക്കണം.''

യേശു അടയാളങ്ങൾ ചെയ്യുന്നുവെന്നതും അവനെ ജനങ്ങൾ അനുഗമിക്കുന്നുവെന്നതും അങ്ങനെ ചെയ്താൽ റോമാക്കാർ തങ്ങളെ നശിപ്പിക്കുമെന്നുമുള്ള ഭയമായിരുന്നു യേശുവിനെ കൊല്ലാൻ യഹൂദരെ പ്രേരിപ്പിച്ച ഘടകങ്ങൾ. ഇത്തരം ഘടകങ്ങളാൽ ഒപ്പമുള്ളവരെ ഇല്ലാതാക്കുവാനുള്ള ശ്രമം നമ്മുടെ ഭാഗത്തു നിന്ന് ഉണ്ടാകാറുണ്ടോ? രണ്ട് ചിന്തകൾ മനസ്സിലുറപ്പിക്കാം. ഒന്ന്, യേശു എനിക്ക് വേണ്ടിയാണ് മരിക്കുന്നത്. രണ്ട്, നന്മ ചെയ്യുന്നവരെ ഇല്ലാതാക്കാൻ ഞാൻ ശ്രമിക്കാറുണ്ടോ?

**ഫാ. ജി. കടൂപ്പാറയിൽ MCBS**



www.malankaralibrary.com

## ധ്യാനം (ചൊവ്വ): ഗോതമ്പുമണി (യോഹ. 12: 20 - 26)

എല്ലാ വിത്തും നൂറുമേനി ഫലം പുറപ്പെടുവിക്കില്ല. അനുകൂലമായ സാഹചര്യമല്ലെങ്കിൽ വിത്ത് വിത്തായിരിക്കുകയോ ഉണങ്ങിപ്പോവുകയോ നശിച്ചുപോവുകയോ ചെയ്യും. മഴ, മഞ്ഞ്, വെയിൽ, മണ്ണ്, വെള്ളം ഇവയെല്ലാം ആവശ്യമാണ് ഒരു വിത്ത് അഴുകാനും മുളച്ചുപൊങ്ങാനും നൂറുമേനി ഫലം പുറപ്പെടുവിക്കാനും.

നമ്മുടെ ആത്മീയജീവിതവും വിശ്വസജീവിതവുമൊക്കെ ഇതുപോലെ തന്നെയാണ്. അവ വളരണമെങ്കിൽ സാഹചര്യങ്ങളുടെ സ്വാധീനം വളരെ പ്രധാനപ്പെട്ടതാണ്. നമ്മുടെ ആത്മീയജീവിതം മയക്കത്തിന്റെ അവസ്ഥയിലാണോ ഉണർവ്വിന്റെ പാതയിലാണോ എന്ന് ധ്യാനിക്കേണ്ട സമയമാണിത്. തന്റെ മരണത്തിലേയ്ക്ക് നടന്നടുക്കുന്ന യേശുവാണ് പറയുന്നത് ഗോതമ്പുമണി അഴുകണമെന്ന്. പഴയ അവസ്ഥയിൽ നിന്ന് പരിപൂർണ്ണമായി മാറിയാലേ പുതുമയെ സ്വീകരിക്കാനാവൂ. മരിച്ചാലേ ഉയിർക്കാനാവൂ. അതാണ് യേശു ചെയ്തത്. നമ്മൾ ചെയ്യേണ്ടതും അതുതന്നെ.

**ഫാ. ജി. കടൂപ്പാറയിൽ MCBS**



www.malankaralibrary.com

## ധ്യാനം (ബുധൻ): മനുഷ്യപുത്രൻ ഉയിർത്തപ്പെടണം (യോഹ. 12:27 - 33)

''ഇപ്പോൾ എന്റെ ആത്മാവ് അസ്വസ്ഥമായിരിക്കുന്നു''(27). ആത്മാവ് അസ്വസ്ഥമായ വേളയിൽ യേശു പിതാവുമായി ബന്ധപ്പെടുകയാണ്. താൻ അസ്വസ്ഥനാണ്, ഇനി എന്തു ചെയ്യണം എന്ന ചോദ്യങ്ങൾ പിതാവായ ദൈവത്തിന്റെ തിരുമുമ്പിലേയ്ക്ക് ഉയർത്തുന്ന ഈശോയെ തുടർന്നുവരുന്ന വചനങ്ങളിൽ നമ്മൾ കാണുന്നു. ദൈവം മറുപടി നൽകുകയും ചെയ്യുന്നു. ഏറ്റെടുക്കാൻ പോകുന്ന മരണത്തിനു മുമ്പുള്ള അസ്വസ്ഥയാണ് യേശുവിന്റേത്. ആ വേളയിലും അവിടുന്ന് ബന്ധപ്പെടുന്നത് ദൈവവുമായിട്ടാണ് എന്നത് നമ്മുടെ കണ്ണുകൾ തുറപ്പിക്കേണ്ട കാര്യമാണ്.

നമ്മുടെ തീവ്രമായ വേദനയിലും മനസ്സ് അസ്വസ്ഥമാക്കുന്ന വേളയിലും ആരുമായാണ് നമ്മൾ ബന്ധപ്പെടുന്നത്? ദൈവവുമായിട്ടാണെങ്കിൽ എല്ലാറ്റിനും പരിഹാരമുണ്ടാകും. അല്ലെങ്കിൽ ജീവിതം കൂടുതൽ നിരാശാഭരിതമാകും.

**ഫാ. ജി. കടൂപ്പാറയിൽ MCBS**



www.malankaralibrary.com

## ത്രിസന്ധ്യാജപം: വിശുദ്ധവാരം

*(വലിയ ബുധനാഴ്ച സായാഹ്നം മുതൽ ഉയിർപ്പു ഞായ റാഴ്ചവരെ)*

മിശിഹാ നമുക്കുവേണ്ടി മരണത്തോളം കീഴ്വഴങ്ങി. അതെ, അവിടുന്നു കുരിശുമരണത്തോളം കീഴ്വഴങ്ങി. അതിനാൽ സർവ്വേശ്വരൻ അവിടുത്തെ ഉയിർത്തി; എല്ലാ നാമത്തെയും കാൾ ഉന്നതമായ നാമം അവിടുത്തേക്കു നൽകി.

(1 സ്വർഗ്ഗ.)

സർവ്വേശ്വരാ, ഞങ്ങളുടെ കർത്താവായ ഈശോമിശിഹാ മർദ്ദകരുടെ കരങ്ങളിൽ ഏൽപിക്കപ്പെട്ട് കുരിശിലെ പീഡകൾ സഹിച്ചു രക്ഷിച്ച ഈ കുടുംബത്തെ തൃക്കൺ പാർക്കണമെ എന്ന് അങ്ങയോടുകൂടി എന്നേയ്ക്കും ജീവിച്ചു വാഴുന്ന ഞങ്ങ ളുടെ കർത്താവ് ഈശോമിശിഹാ വഴി അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ



www.malankaralibrary.com

www.malankaralibrary.com



# പെസഹാ വ്യാഴം

അന്ത്യത്താഴം, സ്നേഹത്തിന്റെ കൽപന,
വി. കുർബാന സ്ഥാപനം, പൗരോഹിത്യത്തിന്റെ സ്ഥാപനം

**പ്രസംഗം, ആരാധന, പെസഹാ അപ്പവും പാലും തയ്യാറാക്കുന്ന വിധം, പ്രാർത്ഥന**

www.malankaralibrary.com

## പ്രസംഗം: പെസഹാവ്യാഴം

ഇന്ന് പെസഹാവ്യാഴം. ലോകമെമ്പാടുമുള്ള ക്രൈസ്തവർ വിശുദ്ധവാരത്തിലെ ഏറ്റവും പ്രധാനപ്പെട്ട ദിവസങ്ങളിലേയ്ക്ക് പ്രവേശിച്ചിരിക്കുന്നു. വിശുദ്ധ കുർബാനയുടെ സ്ഥാപനത്തിന്റെയും പൗരോഹിത്യത്തിന്റെ സ്ഥാപനത്തിന്റെയും അന്ത്യഅത്താഴത്തിന്റെയും കാലുകഴുകുന്നതിന്റെയും സ്നേഹത്തിന്റെ കൽപന നൽകുന്നതിന്റെയും ഓർമ്മയാണ് ഈ ദിനം.

പുരാതനവും നവീനവുമായ വിശ്വസാഹിത്യം പരിശോധിച്ചാൽ മനുഷ്യമനസ്സുകളെ അഗാധമായി സ്പർശച്ചിട്ടുള്ള നിരവധി പ്രണയകഥകൾ നമുക്ക് കണ്ടെത്തുവാൻ കഴിയും. കാസാ ബ്ലാങ്കാ (Casa Blanca), പ്രൈഡ് ആന്റ് പ്രെജുഡിസ് (Pride & Prejudice), റോമിയോ ആന്റ് ജൂലിയറ്റ് (Romeo & Juliet), ടൈറ്റാനിക് (Titanic) തുടങ്ങിയവ ഉദാഹരണങ്ങളാണ്. ഈ സാഹിത്യസൃഷ്ടികളൊക്കെയും പച്ചകെടാതെ ഓർമ്മകളിൽ ശക്തമായും മഹത്തരമായും നിലനിൽക്കാനുള്ള കാരണം, പ്രിയപ്പെട്ടവനു വേണ്ടിയോ പ്രിയപ്പെട്ടവൾക്കു വേണ്ടിയോ പങ്കാളി ഏറ്റെടുക്കുന്ന തീവ്രമായ ത്യാഗങ്ങളുടെ കഥയായതുകൊണ്ടാണ്. ചിലപ്പോൾ അവർ വിജയകരമായി പ്രതിസന്ധികളെ തരണം ചെയ്യുന്നു. കഥ ശുഭപര്യവസായിയായിത്തീരുന്നു. മറ്റു പലപ്പോഴും അവർക്കതിനു സാധിക്കാതെ വരുന്നു. കഥ ദുരന്തപര്യവസായിയായിത്തീരുന്നു. എന്നിരുന്നാലും അവയെല്ലാം തന്നെ വായനക്കാരുടെ ഓർമ്മകളിലും ഹൃദയങ്ങളിലും മഹത്തരമായ കൃതികളായി ഇന്നും നിലനിൽക്കുന്നു.



www.malankaralibrary.com

ഈ ലോകത്ത് പറയപ്പെട്ടിട്ടുള്ളവയിൽ വച്ച് ഏറ്റവും മഹത്തരമായ കൃതികളുടെ ശേഖരമായി വിശുദ്ധ ഗ്രന്ഥത്തെ വിശേഷിപ്പിക്കാറുണ്ട്. അങ്ങനെയെങ്കിൽ, ഈശോയുടെ പെസഹാ, പീഡാനുഭവം, മരണം, ഉത്ഥാനം എന്നീ ക്രിസ്തു സംഭവങ്ങളെ വളരെ ബൃഹത്തായ ഒരു പ്രണയകഥയോട് ഉപമിക്കുന്നതിൽ തെറ്റില്ല. ഇതിന് ഏതാനും കാരണങ്ങൾ കണ്ടെത്താനാകും.

ഒന്നാമതായി, ഇതൊരു യഥാർത്ഥ സംഭവമാണ്; ചരിത്ര സത്യമാണ് എന്നുള്ളതാണ്. ഷേക്സ്പിയറിന്റെയോ ടോൾസ്റ്റോയിയുടെയോ അതുപോലെയുള്ള ആധുനിക സാഹിത്യകാരന്മാരുടെയോ ഭാവനയിൽ വിരിഞ്ഞ, യാഥാർത്ഥ്യത്തോട് സാമ്യമുള്ള ഒരു അമൂല്യമായ കൃതിയല്ലിത്. മറിച്ച്, ഇതൊരു true story ആണ്.

രണ്ടാമതായി, ഇതിനെ തീവ്രവും തീക്ഷ്ണവുമാക്കുന്നത് സ്നേഹത്തിലുള്ള വെല്ലുവിളിയെ (Challenge of Love)/ പ്രതിബന്ധങ്ങളെ ഈശോ തരണം ചെയ്യുന്ന അതിവിശിഷ്ടവും അസാധാരണവുമായ രീതിയാണ്. ഇതിനെ കുറച്ചുകൂടി ധ്യാനിക്കാം. എല്ലാ സ്നേഹത്തിലും വെല്ലുവിളികളും പ്രതിബന്ധങ്ങളുമുണ്ട്. എന്നാൽ, എല്ലാ സ്നേഹവും അതിനെ വിജയകരമായി/ ശുഭപര്യവസായിയായി തരണം ചെയ്യുന്നില്ല. പരസ്പരം സ്നേഹിക്കുന്നവർ നേരിടുന്ന ഒരു വലിയ വെല്ലുവിളിയാണ് വേർപിരിയൽ. ടൈറ്റാനിക്കിലെ ജാക്കിനെയും റോസിനെയും ഓർമ്മിക്കാം. വെറും ഓർമ്മകൾ മാത്രം ബാക്കിയാക്കി ജാക്ക് മറയുന്നു.

ഈശോയുടെ ജീവിതത്തിലും ഇത് വലിയൊരു വെല്ലുവിളിയായിരുന്നു, പ്രതിബന്ധമായിരുന്നു. ''അവന്റെ സമയം അടുത്തിരുന്നു എന്ന് അവൻ അറിഞ്ഞിരുന്നു. തനിക്ക് സ്വന്തമായവരെ അവൻ സ്നേഹിച്ചു. അവസാനം വരെ സ്നേഹിച്ചു'' (യോഹ. 13:1). ഒരുപക്ഷേ, ഈശോയ്ക്ക് ഈ ലോകത്തിൽ തുടരണമെന്നുണ്ടായിരുന്നിരിക്കാം. പക്ഷേ, അവൻ പോകേണ്ടിയിരുന്നു. അതായിരുന്നു പിതാവിന്റെ ഇഷ്ടം (യോഹ. 15:10). രണ്ട് ഇഷ്ടങ്ങൾ തമ്മിലുള്ള കണ്ടുമുട്ടൽ. ഇവിടെ, ഈശോ കണ്ടെത്തുന്ന അനുപമമായ പ്രതിവിധിയാണ് വിശുദ്ധ കുർബാനയിലെ യഥാർത്ഥ സാന്നിദ്ധ്യം.



www.malankaralibrary.com

ദിവ്യകാരുണ്യത്തിലുള്ള ഈശോയുടെ സാന്നിദ്ധ്യം യാഥാർത്ഥ്യവും സത്യവുമാണ്. ഈശോ ഈ ലോകത്തിൽ നിന്നുപോയി. എന്നാൽ, തന്റെ യഥാർത്ഥ സാന്നിദ്ധ്യം ദിവ്യ കാരുണ്യത്തിലൂടെ അവൻ നിലനിർത്തി. മനുഷ്യനേത്ര ങ്ങൾക്ക് കാണാമായിരുന്ന ഈശോ എന്ന ചരിത്രവ്യക്തി ഈ ലോകത്തിൽ നിന്നും അപ്രത്യക്ഷനായിരിക്കുന്നു. എന്നാൽ, വിശ്വാസത്തിന്റെ നേത്രങ്ങൾക്ക് സദാ സാന്നിദ്ധ്യമാകുന്ന ഈശോ ദിവ്യകാരുണ്യത്തിൽ വ്യക്തമാകുന്നു.

സ്നേഹിക്കുന്നവർ അഭിമുഖീകരിക്കുന്ന മറ്റൊരു വെല്ലു വിളിയാണ് പ്രിയപ്പെട്ടവർക്കുവേണ്ടി സർവ്വവും സമർപ്പിക്കു ന്നത്. കൊടുക്കാൻ ഇനി ബാക്കിയൊന്നും ഇല്ലാത്തിടത്തോളം സ്വന്തം പ്രാണൻ പോലും കൊടുക്കുന്ന സ്നേഹം. ഇതിനു മൊരു പരിധിയുണ്ട്. സ്നേഹിതർക്കുവേണ്ടി ആയിരം പ്രാവശ്യം മരിക്കാൻ തയ്യാറാണെങ്കിലും അത് അസാദ്ധ്യ മാണ്. എന്നാൽ, ഈ പ്രതിബന്ധവും ഈശോ വിജയകര മായി തരണം ചെയ്യുന്നു.

ജെസ്യൂട്ട് തിയോളജിയനായ ഫാ. വാൾട്ടർ ബുൾഗാർട്ട് പറയുന്നതുപോലെ, "ഒരു ആയിരം പ്രാവശ്യം ഈശോയും സ്നേഹിതർക്കുവേണ്ടി മരിച്ചേനെ. പക്ഷേ, സ്നേഹത്തിന് ദിവസവും മരിക്കാൻ പറ്റില്ലല്ലോ. ആയിരം തവണ എങ്ങനെ സാധിക്കും; ഒരിക്കലല്ലേ സാധ്യമാവൂ." അദ്ദേഹം തന്നെ ഇതിനുള്ള മറുപടിയും നൽകുന്നുണ്ട്. ഈ പ്രതിസന്ധി യെയും മറികടക്കാൻ ഈശോ കണ്ടെത്തിയ പരിഹാരമാണ് തന്റെ ബലിയും അതിന്റെ ഓർമ്മ ആചരിക്കലായ വിശുദ്ധ കുർബാനയുടെ സ്ഥാപനവും. ഈശോ വീണ്ടും വീണ്ടും മരിക്കുന്നു എന്നല്ല മറിച്ച്, ഓരോ മണിക്കൂറിലും ലോകം മുഴു വൻ അർപ്പിക്കപ്പെടുന്ന ബലികളിൽ സന്നിഹിതനാകുന്ന ഈശോ ഒരാൾ തന്നെയാണ്. അന്ത്യത്താഴ വേളയിൽ ഈശോ നൽകിയ സ്നേഹത്തിന്റെ കൽപന അടിസ്ഥാനമാക്കി അൾ ത്താരകളിൽ അർപ്പിക്കപ്പെടുന്ന ബലികളിൽ യാഥാർത്ഥ്യമാ കുന്ന ഈശോയുടെ ജീവിക്കുന്ന സാന്നിദ്ധ്യം ഓരോ തവ ണയും ആവർത്തിക്കപ്പെടുന്നു.

സ്നേഹിതർ നേരിടുന്ന മറ്റൊരു വെല്ലുവിളിയുണ്ട്. അത് ഒന്നാകാനും ഒന്നിച്ചായിരിക്കാനുമുള്ള (Union) പരിശ്രമത്തിൽ



www.malankaralibrary.com

നേരിടുന്ന പ്രതിബന്ധമാണ്. പക്ഷേ, പൂർണ്ണമായ, അനശ്വരമായ, ഒരിക്കലും പിരിയാത്ത ഐക്യം ഈ ഭൂമിയിൽ സാധ്യമല്ലല്ലോ. അത് സ്വർഗ്ഗത്തിലാണ്. എന്നാൽ, ഈശോ അതിവിശിഷ്ടമായ രീതിയിൽ അതിന്റെ മുന്നാസ്വാദനം ഈ ലോകത്തിലൊരുക്കുന്നു; അതാണ് വിശുദ്ധ കുർബാനയിലുള്ള ഐക്യം (Communion). വിശുദ്ധ കുർബാനയാകുന്ന ആത്മാർത്ഥമായ അർപ്പണത്തിലൂടെയും ഭക്തിയോടെയുള്ള പങ്കുചേരലിലൂടെയും ദിവ്യകാരുണ്യ സ്വീകരണത്തിലൂടെയും ഈശോയുമായുള്ള പൂർണ്ണമായ ഐക്യം നാം സ്വന്തമാക്കുന്നു.

വിശുദ്ധ കുർബാനയിലേക്ക് നോക്കുമ്പോൾ മദർ തെരേസയുടെ വാക്കുകൾ നമ്മുടെ കാതുകളിലും വന്നുപതിക്കട്ടെ. "ക്രൂശിതനിലേയ്ക്കു നോക്കുമ്പോൾ ക്രിസ്തു ഇന്ന് നമ്മെ എത്രയധികം സ്നേഹിച്ചിരുന്നുവെന്ന് നം മനസ്സിലാക്കുന്നു; ദിവ്യകാരുണ്യത്തിലേയ്ക്കു നോക്കുമ്പോൾ ക്രിസ്തു ഇന്ന് നമ്മെ എത്രമാത്രം സ്നേഹിക്കുന്നുവെന്നും." വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പയും ഇതുതന്നെ അനുസ്മരിപ്പിക്കുന്നുണ്ട്: "കാലുകഴുകലും വിശുദ്ധ ബലിയും യേശു, ശിഷ്യർക്ക് പങ്കുവച്ചു നൽകുന്ന ഒരേ സ്നേഹത്തിന്റെ രണ്ട് വ്യത്യസ്തങ്ങളായ പ്രതീകങ്ങളാണ്."

നാം ആചരിക്കുന്ന ഈ മിശിഹാസംഭവങ്ങൾ മഹത്തരമായ പ്രണയകൃതിയായിത്തീരുന്നതിനുള്ള മൂന്നാമത്തെ കാരണത്തെക്കുറിച്ച് നമുക്ക് ധ്യാനിക്കാം. അതിന്റെ കാരണം, ഈ മിശിഹാസംഭവ കഥയിൽ നാമോരോരുത്തരും അഗാധമായി ഇഴുകിച്ചേർന്നിരിക്കുന്നു എന്ന വസ്തുതയാണ്. കാരണം, ഇത് വേറെ ആരുടെയോ കഥയല്ല; നാമോരോരുത്തരുടെയുമാണ്. സ്നേഹത്തിലെ വലിയ വെല്ലുവിളികളെ (Challenge of Love) അതിജീവിച്ച, യഥാർത്ഥവും തുടർന്നുകൊണ്ടിരിക്കുന്നതുമായ പ്രണയകഥയിലെ ഈശോയുടെ പ്രിയപ്പെട്ടവർ നാമോരോരുത്തരുമാണ്. നമുക്കുവേണ്ടിയാണ് ഈശോ ഇതെല്ലാം നിറവേറ്റിയത്.

ലോകചരിത്രത്തിൽ മറവിയുടെ മങ്ങലേൽക്കാത്ത ഒരുപിടി പ്രണയകഥകൾ നമുക്ക് ഓർമ്മിച്ചെടുക്കാൻ കഴിയും. എന്നാൽ, നാമോരോരുത്തരും ജീവിക്കുന്ന കഥാപാത്രങ്ങൾ



www.malankaralibrary.com

ആകുന്ന ദൈവത്തിന്റെ പ്രണയകഥയുമായി താരതമ്യം ചെയ്യു മ്പോൾ അവയെല്ലാം ഈ യഥാർത്ഥ പ്രണയകഥയോടു സാമ്യ മുള്ള വെറും നിഴലുകൾ മാത്രമാണെന്നു തിരിച്ചറിയാൻ നമുക്ക് സാധിക്കും.

വി. ഫിലിപ്പ് നേരി പുണ്യവാളന്റെ വാക്കുകൾ നമ്മെയും ആശ്വസിപ്പിക്കട്ടെ: "ചിലപ്പോൾ നമ്മുടെ ആത്മീയജീവിതത്തിന് ആവശ്യമായവ നിരാകരിച്ചുകൊണ്ട് ദൈവം നമ്മെ പരീക്ഷി ച്ചേക്കാം. അത് നമ്മുടെ സ്ഥിരതയെയും സ്നേഹത്തെയും അള ക്കാനാവാം. എന്നാൽ, പ്രതീക്ഷ കൈവെടിയാതെ നാം ഉറച്ചു നിന്നാൽ ഇവയൊക്കെ സാധ്യമാകുന്ന അവസരത്തിൽ ലഭി ക്കാമായിരുന്നതിനേക്കാൾ വലിയ കൃപകൾ കൊണ്ട് ദൈവം നമ്മെ നിറയ്ക്കും."

സ്നേഹമുള്ളവരേ, സാമൂഹിക അകലവും അതീവജാഗ്ര തയും പുലർത്തുന്ന ഈ നാളുകളിൽ ദൈവത്തോടും മനു ഷ്യരോടും പ്രത്യേകിച്ച്, കുടുംബാംഗങ്ങളോടും ആത്മീയ അടു പ്പത്തോടെ ഈ പെസഹാത്തിരുനാൾ നമുക്ക് ആചരിക്കാം. വീട്ടിലെ വിശുദ്ധ കുർബാനയാകുന്ന പെസഹാചരണം നമ്മുടെ വിശ്വാസത്തിന്റെയും ആരാധനാക്രമത്തിന്റെയും ആത്മാവ് അടുത്തറിയാൻ നമ്മെ സഹായിക്കട്ടെ.

**ഫാ. ജയ്മോൻ മുളപ്പഞ്ചേരിൽ MCBS**



www.malankaralibrary.com

## ആരാധന: തിരുസന്നിധിയിൽ (പെസഹാവ്യാഴം)

*(ആരാധനയ്ക്ക് അനുയോജ്യമായ മറ്റു ഗാനങ്ങൾ ഉപയോഗിക്കാവുന്നതാണ്)*

പ്രാരംഭഗാനം:

ഓ, ദിവ്യമാം സ്നേഹമേ
ഓ, ദിവ്യകാരുണ്യമേ
തിരുവത്താഴ മേശയിലെ സമ്മാനമേ (2)

ഓ, ദിവ്യമാം സ്നേഹമേ
ഓ, ദിവ്യകാരുണ്യമേ

ആരാധന പാടാം മാലാഖമാരൊപ്പം
ജീവന്റെ തിരുഭോജ്യമേ (2) (കോറസ്)

**കാർമ്മി:** സർവ്വശക്തനെ ആരാധിക്കാൻ, നന്ദി പറയാൻ, മഹത്വപ്പെടുത്താൻ ഇതാ നാം തിരുസന്നിധിയിൽ ആയിരിക്കുന്നു.

ഒരു നിമിഷം നമുക്ക് കണ്ണുകളടയ്ക്കാം.

കൊറോണ നഷ്ടപ്പെടുത്തിയ നമ്മുടെ ജീവിതത്തിലെ നല്ല നാളുകൾ ഇനിയും മടങ്ങിവന്നിട്ടില്ല. മനുഷ്യനെ കൊന്നൊടുക്കി പായുന്ന വൈറസ് ശമിച്ചിട്ടുമില്ല.

അതിസമ്പന്നമെന്നും അത്യാധുനികമെന്നും നാം വിശ്വസിച്ചിരുന്ന സംവിധാനങ്ങളൊട്ടാകെ കൊറോണ വൈറസിനു മുന്നിൽ നിഷ്പ്രഭവും ഭയചകിതവുമായിത്തീർന്നു.

ചരിത്രത്തിൽ കേട്ടുകേൾവിയില്ലാത്തവിധം ലോകരാജ്യങ്ങൾ അടഞ്ഞുകിടക്കുന്നു.



www.malankaralibrary.com

അതിവേഗം പാഞ്ഞിരുന്നവയെല്ലാം നിശ്ചലമായി. മരണങ്ങൾ വെറും അക്കങ്ങളായി.

പ്രാർത്ഥന പലപ്പോഴും യാന്ത്രികമായി മാറി.

ദൈവാനുഭവത്തിൽ നിന്നും നാം ഏറെ അകന്നുപോയി.

ഇരുൾ മൂടിയ ഈ കാലത്ത് – സ്വാതന്ത്ര്യത്തോടെ ചെയ്തിരുന്ന പലതും നഷ്ടമാകുന്ന ഈ കാലത്ത് നമുക്ക് ദൈവത്തെ ഓർക്കാം. സർവ്വശക്തനെ ആരാധിക്കാം.

ഓർക്കുക, ദൈവം ഇടപെട്ട മനുഷ്യരാശിയുടെ ദീർഘചരിത്രം ശുഭാപ്തിയുടെ പുസ്തകമാണ്.

ദൈവത്തെ ശക്തമായി മുറുകെപ്പിടിച്ചാൽ, വിശ്വാസത്തിൽ ശക്തി പ്രാപിച്ചാൽ, വിശുദ്ധിയിൽ വളർന്നാൽ, ആരെയും ഉപദ്രവിക്കാതെ മുന്നേറിയാൽ...

ഈ ദുരിതകാലവും അവസാനിക്കും.

പ്രിയപ്പെട്ടവരേ, നമുക്ക് ദൈവത്തെ മുറുകെപ്പിടിക്കാം. ഞങ്ങളെ വിട്ടുപോകരുതേ എന്ന് സത്യസന്ധമായി അപേക്ഷിക്കാം.

നേരം വൈകുന്നു. പകൽ അസ്തമിക്കാറായി എന്ന സത്യം നമുക്ക് വിളിച്ചുപറയാം.

ഇത് ആരാധനയുടെ സമയമാണ്.

പ്രാർത്ഥനയുടെ സമയമല്ല. ദൈവത്തെ ആരാധിക്കാൻ മാത്രമുള്ള സമയം.

പാടി ആരാധിക്കാം,

ഗാനം:

ആരാധന പാടാം
മാലാഖമാരൊത്ത്
ജീവന്റെ തിരുഭോജ്യമേ (2)

**കാർമ്മി:** നമുക്ക് ശാന്തമായി ഇരിക്കാം. ഏറ്റവും സുഖപ്രദമായി ഇരിക്കാം.



www.malankaralibrary.com

ദിവ്യകാരുണ്യത്തിലേയ്ക്ക് കണ്ണിമയ്ക്കാതെ നോക്കിയിരിക്കാം. കണ്ണ് ഒരു പ്രാവശ്യം പോലും അടയ്ക്കരുത് കണ്ണുകൾക്ക് നീറ്റൽ അനുഭവപ്പെടാം, കണ്ണുനീര് വരാം, എങ്കിലും കണ്ണടയ്ക്കരുത്. തിരുവേസ്തിയിലേയ്ക്ക് മാത്രം നോക്കുക (നിശബ്ദത - 2 മിനിറ്റ്).

ഇനി സാവകാശം കണ്ണുകൾ അടയ്ക്കുക. നിങ്ങൾ നോക്കിയിരിക്കുന്ന ദിവ്യകാരുണ്യത്തെ നിങ്ങളുടെ ഉള്ളിൽ കാണുക. 'എന്നെ കാണുന്നവൻ എന്റെ പിതാവിനെ കാണുന്നു' എന്ന കർത്താവിന്റെ വചനം ഓർക്കാം. 'ദൈവമേ' എന്ന നാമം ആവർത്തിച്ചാവർത്തിച്ച് ഉരുവിടാം. മറ്റു ചിന്തകളൊന്നും നിങ്ങളുടെ മനസ്സിലേയ്ക്ക് വരാതിരിക്കട്ടെ.

**കാർമ്മി:** ആരാധന ആത്മാവിലും സത്യത്തിലും ആയിരിക്കണം. അധരവ്യായാമം മാത്രമാകരുത്. എന്തെങ്കിലും കുറേ കാര്യങ്ങൾ പറഞ്ഞുകൂട്ടുന്നതിലല്ല ആരാധനയുടെ വിജയം. മറിച്ച് ആത്മാവിലും സത്യത്തിലുമുള്ള ആരാധനയാണ് ദൈവം ഇഷ്ടപ്പെടുന്നത്. അങ്ങനെയുള്ള ആരാധകരെയാണ് ദൈവം അന്വേഷിക്കുന്നതും.

ഗാനം:

ആരാധിക്കാൻ ആത്മാവിൽ ഞാൻ
അണയുന്നു പ്രിയനേശുവേ (ആവർത്തിച്ചു പാടുക)

കനലാളുന്ന നേരം കരൾ വാടുന്ന നേരം
കനിവോടെത്തും മഞ്ഞുതുള്ളി ദൈവം
ഈശോ ദിവ്യകാരുണ്യം ഈശോ ദിവ്യകാരുണ്യം

നാം ഇതുവരെ തേടിയലഞ്ഞ കാരുണ്യം
അവനെ ആരാധിച്ചീടാം കുമ്പിട്ടാരാധിച്ചീടാം
സ്തുതിയും സ്തോത്രവുമായി സന്നിധി ചേർന്നിടാം...

**കാർമ്മി:** യേശുവിന്റെ പീഡാനുഭവത്തോട് ചേർന്നാണ് ബഥാനിയായിലെ തൈലാഭിഷേകം വി. മത്തായിയുടെ സുവിശേഷത്തിൽ നാം വായിക്കുന്നത്.

യേശു കുഷ്ഠരോഗിയായ ശിമയോന്റെ വീട്ടിൽ ഇരിക്കുമ്പോഴാണ് ഒരു സ്ത്രീ വിലയേറിയ സുഗന്ധദ്രവ്യവുമായി



www.malankaralibrary.com

വരുന്നത്. യോഹന്നാന്റെ സുവിശേഷത്തിൽ അവളുടെ പേര് മറിയം എന്നാണ്.

അവൾ യേശുവിന് വില കൽപിക്കുകയാണ്. മറ്റാരും കൽപിക്കാത്ത വില. കൂടെ നടന്ന യൂദാസ് 30 വെള്ളിക്കാശ് മാത്രമാണ് യേശുവിനു കൽപിച്ച വില. നമുക്ക് ദൈവത്തിന് ഏറ്റവും വലിയ വിലയും സ്ഥാനവും നമ്മുടെ ജീവിതത്തിൽ കൊടുക്കാം. അങ്ങല്ലാതെ വേറൊരു ദൈവം എനിക്കില്ല. അങ്ങയെക്കൂടാതെ എനിക്കൊന്നും ചെയ്യാൻ കഴിയുകയുമില്ല - മനസ്സിൽ ഏറ്റുപറയാം.

ഇത്രയും വിലയേറിയ സുഗന്ധതൈലം 300 ദനാറയ്ക്ക് വിറ്റ് ദരിദ്രർക്ക് കൊടുക്കാമായിരുന്നില്ലേ എന്ന ചോദ്യത്തിന് യേശുവിന്റെ മറുപടി 'എന്റെ ശവസംസ്കാരത്തിനായി ചെയ്തു' എന്നു മാത്രമാണ്.

യേശുവിന്റെ ശവസംസ്കാര സമയത്ത് കല്ലറയുടെ അടുത്ത് തൈലം പൂശാൻ കഴിയാതെ മറിയം കരഞ്ഞുകൊണ്ട് നിൽക്കുന്നുണ്ട്. മുൻകൂട്ടി ഒരു കാര്യം ചെയ്യുന്നതിന്റെ പ്രാധാന്യം. കർത്താവിനു വേണ്ടി എന്തെങ്കിലും ചെയ്യാൻ ആഗ്രഹിക്കുന്നവൻ അത് നാളേയ്ക്ക് മാറ്റിവയ്ക്കരുത്. അവസരം കിട്ടിയില്ല എന്നു വരാം. ദൈവത്തിനു വേണ്ടി നമുക്ക് സദാ ജാഗരൂകരായിരിക്കാം. എപ്പോഴും ഉണർന്നിരിക്കാം. പൂർണ്ണമനസ്സോടെ സർവ്വശക്തിയോടെ ആരാധിക്കാം.

ഗാനം:

ആരാധന പാടാം
മാലാഖമാരൊപ്പം
ജീവന്റെ തിരുഭോജ്യമേ (2)

*(നിശബ്ദത - 2 മിനിറ്റ്)*

ഒലിവുമല പ്രഭാഷണം കഴിഞ്ഞ് അന്ന് വൈകുന്നേരം തന്നെയാണ് യൂദാസ് മഹാപുരോഹിതന്മാരെ സമീപിച്ച് യേശുവിനെ ഒറ്റിക്കൊടുക്കാനുള്ള പദ്ധതി ആലോചിക്കുന്നത്. അതും 30 വെള്ളിക്കാശിന്. ഈ തുക തീരെ കുറഞ്ഞുപോയി എന്ന് നമുക്കു തോന്നാം. മറിയം സുഗന്ധതൈലം പൂശിയപ്പോൾ 300 ദനാറയുടെ കണക്ക് പറഞ്ഞതാണ്. എന്നാൽ



www.malankaralibrary.com

കേവലം ദരിദ്രനായ യൂദാസിന് അന്നത്തെ നിലയിൽ ഒരു തോട്ടം വാങ്ങാനുള്ള തുക കിട്ടിയപ്പോൾ സംതൃപ്തനായി. നമ്മുടെ നിസ്സാര ആഗ്രഹങ്ങളാൽ നാം ദൈവത്തെ ഒറ്റിക്കൊടുക്കാറുണ്ടോ, വില പറയാറുണ്ടോ എന്ന് ആത്മശോധന ചെയ്യാം. 30 വെള്ളിക്കാശിന് തോട്ടം വാങ്ങാൻ ആഗ്രഹിച്ചവന് കിട്ടിയ തോട്ടം കുശവന്റെ പറമ്പാണ്. അതിൽ അവന്റെ മൃതശരീരം അടക്കേണ്ട അവസ്ഥയും. ആത്മഹത്യ ഒന്നിനും പരിഹാരമല്ലെന്ന് യൂദാസിൽ നിന്ന് എല്ലാവരും പഠിക്കേണ്ടതാണ്. ദൈവത്തിന് ഈ ചെറിയ വില നൽകുന്നവന്റെ അവസ്ഥയെല്ലാം ഇങ്ങനെ തന്നെയാണ്.

സർവ്വശക്തനെ സർവ്വശക്തിയോടും കൂടെ ആരാധിക്കാം; വില നൽകി ആരാധിക്കാം.

ഗാനം:

ആരാധന പാടാം
മാലാഖമാരൊപ്പം
ജീവന്റെ തിരുഭോജ്യമേ (2)

കെദ്രോൺ അരുവിക്ക് അക്കരെയുള്ള ഒരു തോട്ടത്തിൽ യേശുവും ശിഷ്യന്മാരും ഇടയ്ക്കിടെ പോകാറുണ്ടായിരുന്നു. ഗത്സെമെൻ തോട്ടമാണ് അത്. ആദം പാപം ചെയ്ത് ഏദൻ തോട്ടത്തിൽ നിന്നു പുറത്തുപോയതായി നമ്മൾ ഉൽപത്തി പുസ്തകത്തിൽ വായിക്കുന്നു. ഇവിടെ ഇതാ ഈശോ പാപികളെ രക്ഷിക്കാൻ വേണ്ടി മറ്റൊരു തോട്ടത്തിലേയ്ക്ക് പ്രവേശിക്കുന്നു.

ആരാധിക്കാം നമുക്ക്, നമ്മുടെ ത്രീയേക ദൈവത്തെ.

ഗാനം:

പരിശുദ്ധ പരമമാം
ദിവ്യകാരുണ്യമേ
എന്നുമെന്നും അങ്ങേയ്ക്കാരാധന (3)
**കാർമ്മി:** നമുക്ക് മുട്ടിന്മേൽ ആയിരിക്കാം.



www.malankaralibrary.com

*ആരാധനയുടെ സമാപനത്തിലേയ്ക്ക് പ്രവേശിക്കാം.*

നിങ്ങൾ ആരെ അന്വേഷിക്കുന്നു?

യേശുവിനെ പിടിക്കാൻ വന്ന പടയാളികളോടാണ് ചോദ്യം. നസ്രായനായ ഈശോയെ എന്ന മറുപടി. അത് ഞാനാണ് എന്ന് ഈശോയുടെ പ്രത്യുത്തരം. ഇത് പറഞ്ഞയുടനെ എല്ലാവരും മറിഞ്ഞുവീണു.

എങ്കിൽ അവസാന വിധി ദിനം നമ്മുടെ അവസ്ഥ എന്തായിരിക്കും? അവിടുത്തെ തിരുമുമ്പിൽ നിൽക്കാനുള്ള യോഗ്യത നമുക്കുണ്ടോ? ആത്മശോധന ചെയ്യാം; അനുതപിക്കാം.

*(നിശബ്ദത)*

**ഗായക.:** സ്വർഗ്ഗത്തിൽ നിന്നാഗതമാം

**കാർമ്മി:** പരിശുദ്ധ ശരീരത്താലും

**ഗായക.:** സകലേശാ ദിവ്യകടാക്ഷം

*(കാർമ്മികൻ ആശീർവ്വദിക്കുന്നു)*

**കാർമ്മി:** ആരാധനാഗീതം മനസ്സിൽ ഏറ്റുപാടി നമുക്ക് വീടുകളിലേയ്ക്ക് യാത്രയാകാം

**ഗായക.:** ആരാധിക്കാം ആത്മാവിൽ ഞാൻ
അണയുന്നു പ്രിയനേശുവേ

**ഫാ. സൈജു തുരുത്തിയിൽ MCBS**

www.lifeday.in



www.malankaralibrary.com

## പെസഹാ അപ്പവും പാലും തയ്യാറാക്കുന്ന വിധം

അന്ത്യ അത്താഴ വേളയിൽ ക്രിസ്തു അപ്പമെടുത്ത് മുറിച്ച് ആശീർവദിച്ച് തന്റെ ശരീരവും രക്തവുമാണെന്നു പറഞ്ഞ് ശിഷ്യർക്ക് നൽകിയതിന്റെ ഓർമ്മയാചരണമാണ് പെസഹ. ഈ ഓർമ്മ ആചരിക്കുന്നതിനു വേണ്ടിയാണ് കത്തോലിക്കാ ഭവനങ്ങളിൽ പെസഹാ വ്യാഴാഴ്ച്ച വൈകുന്നേരം അപ്പം മുറിക്കൽ ശുശ്രൂഷ നടത്തുന്നത്. പുളിപ്പില്ലാത്ത അപ്പം പ്രത്യേക രീതിയിൽ തയ്യാറാക്കിയ പാനീയത്തിനൊപ്പം (പാൽ) പ്രാർത്ഥനാപൂർവ്വമാണ് കഴിക്കുന്നത്. ഗൃഹനാഥനോ അല്ലെങ്കിൽ വീട്ടിലെ ഏറ്റവും മുതിർന്ന അംഗമോ ആയിരിക്കും അപ്പം മുറിക്കുക.

കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ പെസഹാ അപ്പവും പാനീയവും തയ്യാറാക്കുന്നതിൽ നേരിയ വ്യത്യാസങ്ങളുണ്ട്. അപ്പവും പാനീയവും തയ്യാറാക്കുന്ന പൊതുവായ രീതിയാണ് ചുവടെ ചേർക്കുന്നത്.

### പെസഹാ അപ്പം

ആവശ്യമുള്ള സാധനങ്ങൾ (നാലംഗ കുടുംബത്തിനു വേണ്ടത്)

| | |
|---|---|
| പച്ചരി | അരക്കിലോ |
| ഉഴുന്ന് | 75 ഗ്രാം |
| തേങ്ങ | 1 എണ്ണം |
| ജീരകം | 15 ഗ്രാം |
| ചുവന്നുള്ളി | 50 ഗ്രാം |
| വെളുത്തുള്ളി | 10 ഗ്രാം |
| ഉപ്പ് | ആവശ്യത്തിന് |



www.malankaralibrary.com

**തയ്യാറാക്കുന്ന വിധം**

1. പച്ചരി കഴുകി പൊടിച്ചു വറുത്തെടുക്കുക.
2. ഉഴുന്ന് ചീനച്ചട്ടിയിൽ എണ്ണ ചേർക്കാതെ വറുത്തെടുത്ത ശേഷം വെള്ളത്തിൽ കുതിർത്ത് അരച്ചെടുക്കുക.
3. ജീരകവും തേങ്ങയും വെളുത്തുള്ളിയും ചുവന്നുള്ളിയും നന്നായി അരച്ചെടുക്കുക.
4. അരിപ്പൊടിയിൽ ഉപ്പും വെള്ളവും ചേർത്തു കുഴയ്ക്കുക.
5. അതിനുശേഷം ഉഴുന്നും മറ്റു ചേരുവകകൾ അരച്ചതും കൂട്ടിയോജിപ്പിക്കുക.
6. കൈ കൊണ്ടു കോരിയെടുക്കാവുന്ന വിധം മാത്രം വെള്ളം ചേർക്കുക.
7. തുടർന്ന് വൃത്താകൃതിയിലുള്ള പാത്രത്തൽ ഒഴിച്ചു വയ്ക്കുക. അതിനു മുകളിലായി കുരുത്തോല കുരിശാകൃതിയിൽ വയ്ക്കുക.
8. ശേഷം അപ്പച്ചെമ്പിൽ ആവിയിൽ വച്ച് വേവിക്കുക. (ഈർക്കിൽ കൊണ്ട് കുത്തിനോക്കി അരിപ്പൊടി അതിൽ പിടിക്കുന്നില്ലെങ്കിൽ വെന്തെന്ന് ഉറപ്പിക്കാം)

## പെസഹാ പാൽ

ആവശ്യമുള്ള സാധനങ്ങൾ

| | |
|---|---|
| ശർക്കര | അര കിലോ |
| അരിപ്പൊടി | മൂന്നു സ്പൂൺ |
| തേങ്ങ | 2 എണ്ണം |
| ജീരകം | ഒരു നുള്ള് |
| ഏലയ്ക്ക | 2 എണ്ണം |
| ചുക്ക് | 1 ചെറിയ കഷണം |

**തയ്യാറാക്കുന്ന വിധം**

1. ശർക്കര ഉരുക്കി പാനിയാക്കി അരിച്ചെടുക്കുക.
2. അരിപ്പൊടി തലപ്പാലിൽ ചേർത്ത് നന്നായി മിക്സ് ചെയ്യുക.



www.lifeday.in

www.malankaralibrary.com

3. തേങ്ങ ചിരകി മൂന്നു പ്രാവശ്യം പിഴിഞ്ഞെടുത്ത പാലിൽ അരിച്ച ശർക്കരപ്പാനി ചേർത്ത് അടുപ്പത്തു വച്ച് ഇളക്കിക്കൊണ്ടിരിക്കണം. തിളച്ചുപോകാതെ ശ്രദ്ധിക്കണം.

4. അതിലേയ്ക്ക് കുരിശാകൃതിയിൽ ഉണ്ടാക്കിയ കുരുത്തോല ഇടുക.

5. തിളച്ചു പൊങ്ങുമ്പോൾ മൂന്നു സ്പൂൺ അരിപ്പൊടി അൽപം തേങ്ങാപ്പാലിൽ കലക്കി അതിൽ ഒഴിക്കുക. പാത്രത്തിന്റെ അടിയിൽ പിടിക്കാതെ ഇളക്കിക്കൊണ്ടിരിക്കണം.

6. തിളച്ചുകഴിയുമ്പോൾ വറത്തുവച്ചിരിക്കുന്ന ജീരകം, ഏലക്കാപ്പൊടി, ചുക്ക് ഇവ പൊടിച്ചു ചേർക്കുക.

*(ചില സ്ഥലങ്ങളിൽ പൂവൻപഴം വട്ടത്തിൽ അരിഞ്ഞിടാറുണ്ട്)*

www.lifeday.in



www.malankaralibrary.com

## പ്രാർത്ഥന: പെസഹ അപ്പം മുറിക്കൽ (വീട്ടിൽ)

*(അപ്പവും പാലും തയ്യാറാക്കി വച്ചിരിക്കുന്നു. കുടുംബാംഗങ്ങൾ എല്ലാവരും പ്രാർത്ഥനാപൂർവ്വം ഒന്നുചേരുന്നു. കുടുംബത്തിലെ ഏറ്റവും പ്രായം കൂടിയ പുരുഷനാണ് പെസഹാ അപ്പം മുറിക്കൽ കർമ്മത്തിന്റെ കാർമ്മികൻ.)*

**കുടുംബനാഥൻ:** പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ

**എല്ലാവരും:** ആമ്മേൻ.

**കുടുംബനാഥൻ:** സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, (എല്ലാവരും ചേർന്ന് പൂർത്തിയാക്കുന്നു)

**കുടുംബനാഥൻ:** അടിമത്വത്തിൽ കഴിഞ്ഞ ഇസ്രായേൽ ജനത്തെ വാഗ്ദത്തനാട്ടിലേയ്ക്ക് ആനയിച്ച്, ആ ഓർമ്മ ആചരിക്കുവാൻ ആഹ്വാനം ചെയ്ത ദൈവമേ, അങ്ങയുടെ പ്രിയ പുത്രൻ സ്ഥാപിച്ച പഴയ പെസഹായുടെ പൂർത്തീകരണമായ പുതിയ പെസഹായിൽ പങ്കുപറ്റുന്ന ഞങ്ങളെയും ഞങ്ങളുടെ പ്രിയപ്പെട്ടവരെയും രക്ഷയുടെ ഫലങ്ങൾ അനുഭവിക്കുവാൻ യോഗ്യരാക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേയ്ക്കും. ആമ്മേൻ.

*സങ്കീർത്തനം 136 (അല്ലെങ്കിൽ നന്ദിയുടെ ഒരു ഗാനം പാടുന്നു)*

കർത്താവിനു നന്ദി പറയുവിൻ; അവിടുന്ന് നല്ലവനാണ് അവിടുത്തെ കാരുണ്യം അനന്തമാണ്.

അവിടുന്ന് നല്ലവനാണ്. അവിടുത്തെ കാരുണ്യം അനന്തമാണ്. (ഓരോ പാദത്തിനുശേഷവും ഇത് ആവർത്തിക്കുന്നു)



www.malankaralibrary.com

നാഥന്മാരുടെ നാഥന് നന്ദി പറയുവിൻ, കർത്താവിന് നന്ദി പറയുവിൻ.

*അവിടുന്ന് നല്ലവനാണ് അവിടുത്തെ കാരുണ്യം അനന്തമാണ്.*

കർത്താവ് മാത്രമാണ് അത്ഭുതങ്ങൾ പ്രവർത്തിക്കുവാൻ കഴിയുന്നവൻ. കർത്താവിനു നന്ദി പറയുവിൻ.

*അവിടുന്ന് നല്ലവനാണ് അവിടുത്തെ കാരുണ്യം അനന്തമാണ്.*

അവിടുന്ന് ഈജിപ്തുകാരുടെ ഇടയിൽ നിന്ന് ഇസ്രയേലിനെ മോചിപ്പിച്ചു. കർത്താവിനു നന്ദി പറയുവിൻ.

*അവിടുന്ന് നല്ലവനാണ് അവിടുത്തെ കാരുണ്യം അനന്തമാണ്.*

അവിടുന്ന് ചെങ്കടലിനെ രണ്ടായി വിഭജിച്ചു, അതിന്റെ നടുവിലൂടെ ഇസ്രായേലിനെ നടത്തി. കർത്താവിനു നന്ദി പറയുവിൻ.

*അവിടുന്ന് നല്ലവനാണ് അവിടുത്തെ കാരുണ്യം അനന്തമാണ്.*

അവിടുന്ന് തന്റെ ജനത്തെ മരുഭൂമിയിലൂടെ നയിച്ചു. കർത്താവിനു നന്ദി പറയുവിൻ.

*അവിടുന്ന് നല്ലവനാണ് അവിടുത്തെ കാരുണ്യം അനന്തമാണ്.*

**കുടുംബനാഥ:** ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ സ്നേഹത്തിന്റെ പൂർണ്ണതയായ പുതിയ പെസഹാ ഞങ്ങളുടെ ആത്മാക്കളെ പ്രകാശിപ്പിക്കുകയും മഹത്വത്തോടെ വീണ്ടും പ്രത്യക്ഷ്യപ്പെടുന്ന അങ്ങയെ സ്വീകരിക്കുവാൻ ഞങ്ങൾക്ക് ഇടവരുത്തുകയും ചെയ്യട്ടെ. സകല സൗഭാഗ്യങ്ങളും നന്മകളും നിറഞ്ഞ് മുടിചൂടി നിൽക്കുന്ന സഭയിൽ ഞങ്ങൾ അങ്ങയെ സ്തുതിക്കുവാനും മഹത്വപ്പെടുത്തുവാനും യോഗ്യരാകട്ടെ. എന്തുകൊണ്ടെന്നാൽ അങ്ങ് എല്ലാറ്റിന്റെയും സ്രഷ്ടാവാകുന്നു. സകലത്തിന്റെയും നാഥാ എന്നേയ്ക്കും. ആമ്മേൻ.

**സുവിശേഷവായന: ലൂക്കാ 22:7-20**

പെസഹാക്കുഞ്ഞാടിനെ ബലികഴിക്കേണ്ടിയിരുന്ന പുളിപ്പില്ലാത്ത അപ്പത്തിന്റെ ദിനം വന്നുചേർന്നു. യേശു പത്രോസിനെയും യോഹന്നാനെയും അയച്ചുകൊണ്ടു പറഞ്ഞു:



www.malankaralibrary.com

നിങ്ങൾ പോയി നമുക്ക് പെസഹാ ഭക്ഷിക്കേണ്ടതിന് ഒരുക്കങ്ങൾ ചെയ്യുവിൻ.

അവർ അവനോടു ചോദിച്ചു: ഞങ്ങൾ എവിടെ ഒരുക്കണമെന്നാണ് നീ ആഗ്രഹിക്കുന്നത്?

അവൻ പറഞ്ഞു: ഇതാ, നിങ്ങൾ പട്ടണത്തിലേക്കു പ്രവേശിക്കുമ്പോൾ ഒരു കുടം വെള്ളം ചുമന്നുകൊണ്ട് ഒരുവൻ നിങ്ങൾക്കെതിരെ വരും. അവൻ പ്രവേശിക്കുന്ന വീട്ടിലേക്കു നിങ്ങൾ അവനെ പിന്തുടരുക. ആ വീടിന്റെ ഉടമസ്ഥനോടു പറയുക: ഗുരു നിന്നോടു ചോദിക്കുന്നു, എന്റെ ശിഷ്യന്മാരോടുകൂടെ ഞാൻ പെസഹാ ഭക്ഷിക്കുന്നതിനുള്ള വിരുന്നുശാല എവിടെയാണ്? സജ്ജീകൃതമായ ഒരു വലിയ മാളിക മുറി അവൻ നിങ്ങൾക്കു കാണിച്ചുതരും. അവിടെ ഒരുക്കുക.

അവർ പോയി അവൻ പറഞ്ഞതുപോലെ കണ്ടു; പെസഹാ ഒരുക്കുകയും ചെയ്തു. സമയമായപ്പോൾ അവൻ ഭക്ഷണത്തിനിരുന്നു; അവനോടൊപ്പം അപ്പസ്തോലന്മാരും.

അവൻ അവരോടു പറഞ്ഞു: പീഡ അനുഭവിക്കുന്നതിനു മുമ്പ് നിങ്ങളോടു കൂടെ ഈ പെസഹാ ഭക്ഷിക്കുന്നതിന് ഞാൻ അത്യധികം ആഗ്രഹിച്ചു.

ഞാൻ നിങ്ങളോടു പറയുന്നു: ദൈവരാജ്യത്തിൽ ഇതു പൂർത്തിയാകുന്നതുവരെ ഞാൻ ഇനി ഇതു ഭക്ഷിക്കുകയില്ല.

അവൻ പാനപാത്രം എടുത്തു കൃതജ്ഞതാസ്തോത്രം ചെയ്തതിനുശേഷം പറഞ്ഞു: ഇതുവാങ്ങി നിങ്ങൾ പങ്കുവയ്ക്കുവിൻ.

ഞാൻ നിങ്ങളോടു പറയുന്നു: ഇപ്പോൾ മുതൽ ദൈവരാജ്യം വരുന്നതുവരെ മുന്തിരിയുടെ ഫലത്തിൽ നിന്ന് ഞാൻ പാനം ചെയ്യുകയില്ല.

പിന്നെ അവൻ അപ്പമെടുത്ത്, കൃതജ്ഞതാസ്തോത്രം ചെയ്ത്, മുറിച്ച്, അവർക്കു കൊടുത്തുകൊണ്ട് അരുളിച്ചെയ്തു: ഇതു നിങ്ങൾക്കുവേണ്ടി നൽകപ്പെടുന്ന എന്റെ ശരീരമാണ്. എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്യുവിൻ.



www.malankaralibrary.com

അപ്രകാരം തന്നെ അത്താഴത്തിനുശേഷം അവൻ പാന പാത്രം എടുത്തുകൊണ്ട് അരുളിച്ചെയ്തു: ഈ പാനപാത്രം നിങ്ങൾക്കുവേണ്ടി ചിന്തപ്പെടുന്ന എന്റെ രക്തത്തിലുള്ള പുതിയ ഉടമ്പടിയാണ്.

**എല്ലാവരും:** നമ്മുടെ കർത്താവീശോമിശിഹായ്ക്കു സ്തുതി.

കാറോസൂസ

*(കാറോസൂസ, മക്കൾ ഓരോരുത്തരായി ചൊല്ലുന്നു)*

**പ്രാർത്ഥന 1:** നമുക്കെല്ലാവർക്കും കൃതജ്ഞതയോടും സന്തോഷത്തോടും കൂടെ, ദൈവമേ ഞങ്ങളങ്ങേയ്ക്ക് നന്ദി പറയുന്നു എന്നു ഏറ്റുപറയാം.

**എല്ലാവരും:** ഞങ്ങളങ്ങേയ്ക്ക് നന്ദി പറയുന്നു.

**പ്രാർത്ഥന 2:** ഇസ്രയേൽജനത്തെ ഈജിപ്തിന്റെ അടിമത്വത്തിൽ നിന്ന് മോചിപ്പിച്ച് തേനും പാലും ഒഴുകുന്ന കാനാൻ ദേശത്തേക്കു നയിച്ച ദൈവമേ,

**എല്ലാവരും:** ഞങ്ങളങ്ങേയ്ക്ക് നന്ദി പറയുന്നു.

**പ്രാർത്ഥന 3:** ഈജിപ്തിൽ നിന്നുള്ള ഇസ്രയേൽ ജനത്തിന്റെ വിമോചനത്തിന്റെ ഓർമ്മയ്ക്കായി പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാൾ ആഘോഷിക്കുവാൻ ഉദ്ബോധിപ്പിച്ച ദൈവമേ,

**എല്ലാവരും:** ഞങ്ങളങ്ങേയ്ക്ക് നന്ദി പറയുന്നു.

**പ്രാർത്ഥന 4:** മനുഷ്യരോടുള്ള സ്നേഹത്താൽ ഈ ലോകം വിട്ടുപോകുന്നതിനുമുമ്പ് ഒരു പെസഹാതിരുനാളിൽ ഓർമ്മയ്ക്കായി എന്നും അനുഷ്ഠിക്കാൻ പരിശുദ്ധ കുർബാനയെന്ന അവർണ്ണനീയദാനം നൽകിയ ദൈവമേ.

**എല്ലാവരും:** ഞങ്ങളങ്ങേയ്ക്ക് നന്ദി പറയുന്നു.

**പ്രാർത്ഥന 5:** ഞങ്ങളുടെ ഈ ഭവനത്തെ ഈ കൂട്ടായ്മയുടെ ഭാഗമായിരിക്കുവാൻ ഞങ്ങളെ ഓരോരുത്തരെയും അനുഗ്രഹിക്കുകയും ചെയ്ത ദൈവമേ.



www.malankaralibrary.com

**എല്ലാവരും:** ഞങ്ങളങ്ങേയ്ക്ക് നന്ദി പറയുന്നു.

**പ്രാർത്ഥന 6:** ഞങ്ങളുടെ ഈ ഭവനത്തെ നിന്റെ ഇഷ്ടമനുസരിച്ച് രൂപപ്പെടുത്തുന്നതിനായി അത്യദ്ധ്വാനം ചെയ്ത ഞങ്ങളുടെ മൺമറഞ്ഞുപോയ പ്രിയപ്പെട്ടവരെയോർത്ത്

**എല്ലാവരും:** ഞങ്ങളങ്ങേയ്ക്ക് നന്ദി പറയുന്നു.

**പ്രാർത്ഥന 7:** പ്രശ്നങ്ങളിലൂടെയും പ്രതിസന്ധികളിലൂടെയും ഞങ്ങൾ കടന്നുപോകുന്ന അവസരങ്ങളിൽ ഇസ്രായേൽ ജനത്തെ നയിച്ചതുപോലെ നിന്റെ കരത്താൽ ഞങ്ങളെ കാത്തുപരിപാലിച്ച ദൈവമേ.

**എല്ലാവരും:** ഞങ്ങളങ്ങേയ്ക്ക് നന്ദി പറയുന്നു.

**പ്രാർത്ഥന 8:** നമ്മുടെ ഈ കുടുംബത്തിന് ദൈവം നൽകിയ എല്ലാ അനുഗ്രഹങ്ങളെയുമോർത്ത് നന്ദി പറഞ്ഞുകൊണ്ട് നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**എല്ലാവരും:** ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേയ്ക്കു ഞങ്ങൾ സമർപ്പിക്കുന്നു.

**കുടുംബനാഥൻ:** പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാൾ നിങ്ങൾ ആചരിക്കണമെന്ന് പഴയ ഇസ്രായേലിനു നിർദ്ദേശം നൽകിയ ദൈവമേ, പുതിയ ഇസ്രായേലായ ഞങ്ങൾ സെഹിയോൻ ശാലയിൽ ശിഷ്യരോടൊത്ത് പെസഹാ ആഘോഷിച്ച ഈശോയുടെ മാതൃകയിൽ ഒരുമിച്ചുകൂടിയിരിക്കുന്നു. സെഹിയോൻ മാളികയുടെ പ്രതിരൂപമായിരിക്കുന്ന ഞങ്ങളുടെ ഈ ഭവനത്തിൽ ഞങ്ങളുടെ അദ്ധ്വാനത്തിന്റെ ഫലമായ അപ്പത്തെയും പാലിനെയും നിന്റെ തൃക്കരങ്ങളിലേക്ക് സമർപ്പിക്കുന്നു. ഇവയെ നീ ആശീർവദിക്കണമേ. ഈ അപ്പവും പാലും ഞങ്ങൾ ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുമ്പോൾ ഇതു ഞങ്ങളുടെ കൂട്ടായ്മയുടെ വളർച്ചയ്ക്കും കടന്നുപോയ വഴികളെ തിരിച്ചറിയുന്നതിനും സ്വീകരിച്ച നന്മകൾക്ക് നന്ദി പറയുന്നതിനും തെറ്റിപ്പോയ മാർഗ്ഗങ്ങളെ നേരെയാക്കുന്നതിനും അങ്ങനെ തേനും പാലും ഒഴുകുന്ന കാനാൻ ദേശമായി ഞങ്ങളുടെ ഈ ഭവനം തീരുന്നതിനും അതുവഴി



www.malankaralibrary.com

യായി സ്വർഗ്ഗത്തിൽ ഞങ്ങൾക്കു നിത്യജീവന് ഉറപ്പുമായി ത്തീരട്ടെ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേയ്ക്കും.

**എല്ലാവരും:** ആമ്മേൻ

*(കുടുംബനാഥൻ അപ്പം മുറിച്ചു പാലിൽ മുക്കി മുതിർന്നവർ മുതൽ പ്രായക്രമം അനുസരിച്ച് എല്ലാവർക്കും കൊടുക്കുന്നു. ഈ സമയത്ത് കൃതജ്ഞതയുടേതായ ഒരു ഗാനം ആലപിക്കുന്നു).*

**ഫാ. തോമസ് കൊട്ടുപ്പള്ളിൽ MCBS**

www.lifeday.in



www.malankaralibrary.com

www.malankaralibrary.com



# ദുഃഖവെള്ളി

ഈശോയുടെ പീഡാനുഭവം,
സകല മനുഷ്യർക്കും വേണ്ടിയുള്ള കുരിശുമരണം

**പ്രസംഗം, കുരിശിന്റെ വഴി**

www.malankaralibrary.com

## പ്രസംഗം: നീ ഇന്ന് എന്നോടു കൂടെ പറുദീസയിലായിരിക്കും

അന്ന് കാൽവരിയിൽ മൂന്നു കള്ളന്മാർ ക്രൂശിലേറി- ഹൃദയങ്ങൾ കവർന്നതിന് ക്രിസ്തുവും ലോകം കവർന്നതിന് മറ്റു രണ്ടുപേരും. ഒരാളെ നല്ല കള്ളനെന്നും മറ്റെയാളെ മോശം കള്ളനെന്നും ജനം വിളിക്കാൻ തുടങ്ങി. തസ്ക്കരവംശത്തിലെ ഈ വേർതിരിവിന് കാരണം ഒരു കള്ളന്റെ പ്രാർത്ഥനയും അതിന് അവനു ലഭിച്ച മറുപടിയുമാണ്.

ക്രൂശിതന്റെ ആദ്യമൊഴി ഇരുവരും ശ്രദ്ധിക്കുന്നുണ്ടായിരുന്നു. ആഴം ഗണിക്കാനാവാത്ത സ്നേഹത്തിന്റെ മാപ്പ് നൽകുന്ന മൊഴി. കഠിനയാതനയിലും ക്രൂരമർദ്ദനത്തിലും മാപ്പ് നൽകണമെങ്കിൽ അവൻ സാധാരണക്കാരനാവില്ല എന്നു മനസ്സിലാക്കിയവനാണ് വലതുവശത്തെ കള്ളൻ. നിഷ്കളങ്കതയെ ക്രൂശിക്കുമ്പോഴും സംയമനത്തോടെ ക്ഷമിക്കാൻ ദൈവസ്നേഹത്തിനേ കഴിയൂ. പിന്നെയവൻ മടിച്ചില്ല. നിലവിളിക്കാൻ തുടങ്ങി: ''നീ നിന്റെ രാജ്യത്തിൽ പ്രവേശിക്കുമ്പോൾ എന്നെയും ഓർക്കണേ'' (ലൂക്കാ. 23, 42). എന്റെ യൗവനത്തിലെ പാപങ്ങളും അതിക്രമങ്ങളും മറന്ന്, സുകൃതങ്ങളെ ഓർത്തെടുക്കണേ എന്നാണ് പ്രാർത്ഥന.

ചില്ലകൾ നിറയെ പൂക്കളുള്ള ഒരു മുൾമരമാണ് ഓർമ്മ. പൂവിനും മുള്ളിനും സാധ്യതകളുണ്ട് അവിടെ. വേദനയുടെ മുള്ളിനെ പൂവാക്കി മാറ്റുന്ന ക്രൂശിതന്റെ രാജ്യമാണ് നല്ല കള്ളന്റെ സ്വപ്നഭൂമി. ഇടതുവശത്തെ കള്ളനാകട്ടെ അതു മനസ്സിലായില്ല. അവനത് അവഗണിച്ചു. കുരിശിൽ നിന്നും കീഴോട്ടിറങ്ങാൻ കൃപ യാചിച്ചുകൊണ്ടിരുന്നു. നല്ല കള്ളൻ തന്നെ മുകളിലേക്കെടുക്കാനും പ്രാർത്ഥിച്ചു. നമ്മെ മുകളി



www.malankaralibrary.com

ലേക്കെടുക്കാനല്ലേ ക്രിസ്തു വന്നത്. ഒരാൾ സ്വീകാര്യനും മറ്റേയാൾ തിരസ്കൃതനും ആയി.

കുരിശിന്റെ ആദ്യമൊഴിയാണ് രണ്ടാമത്തേതിന് വഴി തുറന്നത്. തന്നോട് സ്വർഗ്ഗം ചോദിക്കാൻ ഒരു വിമുഖതയും വേണ്ട എന്ന് ക്രൂശിതന്റെ ആ തകർക്കപ്പെട്ട മുഖം അപ്പോഴും പറയുന്നുണ്ടായിരുന്നു. എന്നെ ദ്രോഹിക്കുന്നവർക്ക് എന്നോട് ക്ഷമ പറയാൻ എന്റെ മുഖം അവനെ അനുവദിക്കുമോ? നമ്മുടെ ഹൃദയം ഇനിയും സ്നേഹമായിട്ടില്ല, മുഖവും. പരിക്കേറ്റ സ്നേഹത്തിന്റെ മുഖമാണ് നമ്മുടേത്.

ക്രിസ്തു രണ്ടുപേരോടും ക്ഷമിക്കാൻ തയ്യാറായിരുന്നു. പക്ഷേ ഒരുവനുള്ള മൊഴിക്കു മാത്രമേ അവസരമുണ്ടായുള്ളൂ. പറുദീസയിലേക്കു യാത്ര ചെയ്യാൻ ആരും വൈകിയിട്ടില്ല എന്ന ഓർമ്മപ്പെടുത്തലാണ് നല്ല കള്ളനോടുള്ള മൊഴിയുടെ അർത്ഥം. നീ അവനിലേക്ക് അവസാനമണിക്കൂറിൽ പ്രവേശിച്ചാലും നിന്നെ കാത്തിരിക്കുന്ന ആത്മീയ അനുഭൂതികളുടെ ദനാറ ഒന്നുതന്നെയാണ്. പക്ഷേ, നിരന്തരം അവസരങ്ങൾ പാഴാക്കുന്നവർക്ക് ഇനിയും കിട്ടുമെന്ന് ഉറപ്പില്ല. മാത്രവുമല്ല, കുരിശിൽ കയറുമ്പോൾ പറുദീസ ലക്ഷ്യം വച്ച് ഒരു പ്രാർത്ഥന ഉരുവിടണമെങ്കിൽ, ജീവിതത്തിന്റെ സാധാരണ ദിനങ്ങളിൽ നാമത് ശീലിച്ചേ മതിയാകൂ. ജീവിതകാലത്ത് ചേർത്തുപിടിക്കാത്ത ക്രിസ്തുവിനെ മരണനേരത്ത് കണ്ടെത്തുക എളുപ്പമാവില്ല.

തസ്ക്കരന്മാരിലൊരാൾ ജീവിച്ചതുപോലെ മരിച്ചു. അപരൻ ജീവിക്കാൻ ആഗ്രഹിച്ചതുപോലെയും. പറുദീസ എന്നാൽ പ്രത്യേകം തയ്യാറാക്കിയ പൂന്തോട്ടം എന്നാണർത്ഥം. പേർഷ്യൻ പാരമ്പര്യത്തിൽ സുൽത്താന് ഇഷ്ടപ്പെട്ടവരെ അവൻ തന്റെ ഉദ്യാനത്തിലേക്ക് ക്ഷണിക്കും. സ്നേഹവും സൗഹൃദവും പങ്കിടും. തുടർന്ന് അയാൾ ദേശം മുഴുവൻ ഉന്നതനായി ഗണിക്കപ്പെടും. മഹാസുൽത്താനായ ക്രിസ്തുവിന്റെ ഉദ്യാനത്തിൽ ആദ്യം പ്രവേശിക്കുന്നത് കള്ളനാണ്. ആരെ തേടി ഭൂമിയിലവതരിച്ചുവോ, അവരെത്തന്നെ കൂട്ടിക്കൊണ്ടുപോയി, ആദ്യം അനുതപിക്കുന്ന കള്ളനെ.



www.malankaralibrary.com

ദിസ്മിസ് എന്നാണ് ചില പാരമ്പര്യങ്ങളിൽ ഈ കള്ളന്റെ പേര്. ചില പാരമ്പര്യങ്ങൾ വിശുദ്ധ ഗണത്തിലും ഇവനെ ചേർത്തിട്ടുണ്ട്. വിശുദ്ധനായ നല്ല കള്ളൻ! അനീതി നിറഞ്ഞ സാമൂഹ്യവ്യവസ്ഥിതിയിൽ നല്ല തീരുമാനം എടുക്കാൻ പല പ്പോഴും അവൻ ശ്രമിച്ചു, പക്ഷേ, നടന്നില്ല. അവന്റെ മനസ്സ് പതറി. പ്രവൃത്തികൾ പിഴച്ചു. എന്നിട്ടും, ക്രൂശിലേക്കാണ് ആ വൃക്ഷം ചാഞ്ഞു നിന്നത്. അതുകൊണ്ട് അത് ഒടിഞ്ഞു വീണതും ആ ക്രൂശിൽ തന്നെ. ഇടതുവശത്തെ കള്ളനായി ക്രിസ്തു കാത്തുവച്ച രക്ഷാവചനം ഉരുവിടാൻ അവനാ യില്ല. കാരണം, അവൻ ഉള്ളിൽ സൂക്ഷിച്ചതുതന്നെയാണ് അന്ത്യ ത്തിലും പറഞ്ഞത്. ദൈവഭയമില്ലാത്ത വാക്കുകൾ. രക്ഷകന്റെ മാർഗ്ഗത്തെ തടയുന്ന പാഴ്‌വചനങ്ങൾ. പറഞ്ഞു ശീലിച്ചത് അവസാനത്തിലും പറഞ്ഞു. വിതച്ചതു തന്നെ കൊയ്തെ ടുത്തു.

'ദൈവമേ, ഞാൻ കാരണമാണോ, പറുദീസയ്ക്ക് വേലി കെട്ടിയത്? എന്ന ആദത്തിന്റെ നിലവിളിയുടെ മറുപടി കുരി ശിലുണ്ട്. പറുദീസയുടെ വേലിപൊളിച്ച് രക്ഷകൻ കാത്തി രിക്കയാണ്. ഓരോരുത്തരെയും കൂട്ടിക്കൊണ്ടു പോകാൻ.

**ഡോ. റോയി പാലാട്ടി CMI**

www.lifeday.in



www.malankaralibrary.com

## പ്രസംഗം: ഇതാ നിന്റെ മകൻ

സ്കോട്ലണ്ടിൽ ഏറെ ശ്രദ്ധിക്കപ്പെട്ട യുദ്ധകാലാനുഭവ ക്കുറിപ്പായിരുന്നു ആൻഡി കൂഗന്റെ 'നാളെ നീ മരിക്കും' (Tomorrow you die) എന്ന ഗ്രന്ഥം. രണ്ടാം ലോകമഹായുദ്ധ കാലത്ത് ജപ്പാനിലെ തടവറകളിൽ ബ്രിട്ടീഷ് യുദ്ധത്തടവു കാർ നേരിടേണ്ടി വന്ന ക്രൂരമായ പീഡനങ്ങളെ വെളിപ്പെടു ത്തുന്ന ഈ കുറിപ്പുകളിൽ തടവിൽ വച്ച് മരിച്ച തന്റെ സഹ പ്രവർത്തകന്റെ വീടു സന്ദർശിച്ച ഒരു അനുഭവം പങ്കുവയ്ക്കു ന്നുണ്ട് എഴുത്തുകാരൻ. തടവറയിൽ നിന്ന് അത്ഭുതകരമായി രക്ഷപ്പെട്ട് നാട്ടിലെത്തിയ അദ്ദേഹം സുഹൃത്തിന്റെ മരണ വാർത്ത അറിയിക്കാനായി അയാളുടെ വീട്ടിൽ ചെന്നു.

മകന്റെ വരവും കാത്ത് ഏറെ പ്രതീക്ഷയോടെയിരിക്കുന്ന സുഹൃത്തിന്റെ അമ്മയെയാണ് അവിടെ അദ്ദേഹം കണ്ടത്. ആ അമ്മയോട് മകന്റെ മരണവാർത്ത പറയാനുള്ള ധൈര്യം അയാൾക്കുണ്ടായില്ല; ആകയാൽ 'മകൻ ഉടനെ തിരിച്ചു വരു മെന്നും, അമ്മയെ മറന്ന് ഒരു നിമിഷം പോലും താൻ ജീവി ച്ചിട്ടില്ല എന്നും പറയാൻ അവൻ തന്നെ ഏൽപ്പിച്ചു എന്നു മാത്രം അദ്ദേഹം അമ്മയോടു പറഞ്ഞു. അവസാനത്തെ അയാളുടെ വാക്കുകൾ അമ്മയെ വികാരഭരിതയാക്കി. എത്ര ദൂരത്താണെങ്കിലും എന്നും അവന്റെ മനസ്സിൽ ഞാനുണ്ടല്ലോ; അതുമാത്രം മതി എനിക്ക് എന്നുപറഞ്ഞ് വികാരവായ് പോടെ അവർ കരഞ്ഞു.

അമ്മമാർ എന്നും മക്കളെക്കുറിച്ച് ഓർത്തുകൊണ്ടിരി ക്കുന്നു; എന്നാൽ മക്കളോ? മക്കളുടെ മനസ്സിൽ താൻ എന്നു മുണ്ട് എന്ന അറിവിൽ കവിഞ്ഞ് മറ്റെന്താണ് ഒരമ്മയെ കൂടു തലായി സന്തോഷിപ്പിക്കുക!



www.malankaralibrary.com

തന്റെ മനസ്സിൽ അമ്മ എന്നുമുണ്ട് എന്ന് പറയാൻ ശ്രമിക്കുന്ന ക്രിസ്തുവിനെയാണ് കുരിശിൽ കിടന്ന് "ഇതാ നിന്റെ മകൻ" എന്ന അവന്റെ മരണമൊഴികളിൽ നാം ദർശിക്കുന്നത്. സ്വന്തം കാര്യത്തിൽ യാതൊരു വിധത്തിലുമുള്ള ആശങ്ക പുലർത്തിയിരുന്ന ആളായിരുന്നില്ല ക്രിസ്തു. വസ്ത്രമോ, പാർപ്പിടമോ ഒന്നും അവന്റെ ജീവിതത്തിന്റെ പരിഗണനാവിഷയം പോലും ആയിരുന്നില്ല. എന്നിട്ടും ഉള്ളിൽ ഒരാശങ്ക അവൻ കൊണ്ടുനടന്നിട്ടുണ്ടായിരിക്കണം. അത് അമ്മയെക്കുറിച്ചായിരിക്കണം. പ്രാണൻ പോകുന്ന വേദനക്കിടയിൽ പോലും അമ്മയുടെ സംരക്ഷണം ഉറപ്പു വരുത്താൻ അവൻ മറന്നുപോയില്ല എന്നതിൽ നിന്ന് മറ്റെന്താണ് നമ്മൾ അനുമാനിക്കുക? ഒരു വിധത്തിലും ക്രിസ്തുവിന്റെ ദുർബലതയല്ല ഭൂമിയിലെ അമ്മമാർ അർഹിക്കുന്ന സംരക്ഷണത്തെയാണ് ഈ വാക്കുകൾ വെളിപ്പെടുത്തുന്നത്; ഒരു ന്യായീകരണവും അമ്മമാരെ മറക്കുന്നതിനുള്ള മതിയായ കാരണമാവില്ലയെന്ന ഓർമ്മപ്പെടുത്തലാണത്.

ക്രിസ്തു പോലും തന്റെ അവസാന വാക്കുകളിലൊന്ന് അമ്മയെ ഓർമ്മിക്കുന്നതിനു വേണ്ടിയാണ് മാറ്റിവച്ചതെങ്കിൽ മാതൃത്വം എത്രയധികമായി മാനിക്കപ്പെടേണ്ട ഒരു ജീവിതാവസ്ഥയാണ്? ഈ നോമ്പുകാല ചിന്തകളിൽ ഒന്ന് നമ്മുടെ അമ്മമാരെ ഓർക്കുന്നതിനു വേണ്ടിയാകട്ടെ. മാതൃത്വം വല്ലാതെ തിരസ്ക്കരിക്കപ്പെടുകയും അവമതിക്കപ്പെടുകയും ചെയ്യുന്ന കാലമാണ് നമ്മുടേത്. പെറ്റമ്മയെ ആട്ടിൻതൊഴുത്തിൽ പാർപ്പിച്ചതും ബസ് സ്റ്റാന്റുകളിൽ ഉപേക്ഷിച്ചതുമെല്ലാം മലയാള നാട്ടിലെ ആനുകാലിക വാർത്തകളാണ്. അത്രയൊക്കെ ക്രൂരരൊന്നുമല്ല നമ്മൾ എന്ന് സ്വയം വിശ്വസിപ്പിക്കാൻ ശ്രമിക്കുമ്പോഴും കടങ്ങൾ ഒട്ടും മറന്നുപോയിട്ടില്ലാത്ത നല്ല നിഷ്കളങ്കരായ മക്കളാണോ നമ്മൾ എന്ന് ആത്മപരിശോധന നടത്തേണ്ടതുണ്ട്.

ഈ അമ്മയ്ക്ക് എന്ത് ചെയ്തുകൊടുത്തിട്ടും മതിയാകുന്നില്ല എന്നാണ് മക്കളുടെ നിത്യമായ പരാതി. ചിലർ ചോദിക്കുന്നു; തുച്ഛവരുമാനക്കാരനായ താൻ ഭാര്യയുടെയും മക്കളുടെയും ചിലവു നടത്തണോ, വയസ്സാംകാലത്തെ അമ്മയുടെ അനാവശ്യങ്ങൾക്കു വേണ്ടി ചെലവഴിക്കണോ? മറ്റു ചിലർ



www.malankaralibrary.com

ചോദിക്കുന്നു; അമ്മയ്ക്ക് എന്തിന്റെ കുറവാണ്, അവർക്ക് വസ്ത്രത്തിന് വസ്ത്രവും, ഭക്ഷണത്തിന് ഭക്ഷണവും, മരുന്നിന് മരുന്നും നൽകുന്നില്ലേ? രണ്ടായാലും അമ്മമാരെ വിഷമിപ്പിക്കുന്നത് നിവർത്തിക്കപ്പെടാതെ പോകുന്ന അവരുടെ ആഗ്രഹങ്ങളും ആവശ്യങ്ങളുമല്ല; അതിനോടുള്ള മക്കളുടെ മനോഭാവമാണ്.

ഏതു ഞെരുക്കത്തിനോടും ഇണങ്ങിച്ചേരാൻ കഴിയുന്നവരാണ് അമ്മമാർ. വസ്ത്രത്തിന്റെയും ഭക്ഷണത്തിന്റെയും കുറവുകളൊന്നും അവരുടെ കണ്ണു നിറയ്ക്കില്ല. പക്ഷേ, ലഭിക്കാതെ പോകുന്ന സ്നേഹത്തോടു കൂടിയുള്ള മക്കളുടെ ഒരു വാക്ക്, അലിവോടു കൂടിയുള്ളൊരു സ്പർശം, നിങ്ങൾക്ക് എന്തുപറ്റിയെന്ന കരുണാമൃതമായൊരു ചോദ്യം, ഇതു മാത്രമാണ് അവരെ കരയിക്കുക. ചെലവൊന്നുമില്ലാത്ത സ്നേഹത്തിന്റെയും കരുണയുടെയും ഇത്തരം ശരീരഭാഷയെങ്കിലും നമുക്ക് രൂപപ്പെടുത്തിയെടുത്തുകൂടെ. അല്ലെങ്കിൽ തന്നെ കയ്യിലുള്ളതെല്ലാം തന്നെ അമ്മയ്ക്ക് നൽകേണ്ടി വന്നാലും അവളോടുള്ള കടങ്ങൾ വീട്ടാൻ നമുക്കാവുമോ? ഈ ജീവിതം തന്നെ അവളുടെ ഭിക്ഷയല്ലേ? ഈ അസൗകര്യം ചുമന്നു നടക്കാൻ തനിക്കു മനസ്സില്ല എന്ന് ഒരു നിമിഷം അവൾ വിചാരിച്ചിരുന്നെങ്കിൽ ലോകത്തിന്റെ വെളിച്ചം നമ്മുടെ കണ്ണുകൾ ദർശിക്കുമായിരുന്നില്ല. അമ്മ അനുഭവിച്ച അസൗകര്യങ്ങളുടെയും വല്ലായ്മകളുടെയും വേദനകളുടെയും ആകെത്തുകയാണ് നമ്മൾ.

ഒരു കുഞ്ഞിന് ജന്മം നൽകാൻ ഒരമ്മ അനുഭവിക്കുന്ന വേദനയെക്കുറിച്ച് ശാസ്ത്രം തന്നെ നൽകുന്ന കൗതുകപൂർണ്ണമായ ഒരു കണക്ക് ഇങ്ങനെയാണ്. ഒരു മനുഷ്യന് സഹിക്കാൻ കഴിയുന്ന പരമാവധി വേദന 45 ഡെൽസ് ആണ്. എന്നാൽ പ്രസവസമയത്ത് ഒരു സ്ത്രീ അനുഭവിക്കുന്ന വേദന 57 ഡെൽസാണത്രെ. ഇരുപത് അസ്തികൾ ഒരുമിച്ചൊടിയുമ്പോൾ ഉണ്ടാകുന്ന വേദനയ്ക്ക് തുല്യമാണ് ഇത് എന്ന് കണക്കാക്കപ്പെടുന്നു. ഈയിടെ നവമാധ്യമങ്ങളിലൊന്നിൽ കാണാനിടയായ ഒരു ഹൈന്ദവസന്യാസിയുടെ പ്രഭാഷണമാണ് ഇതോട് ചേർത്തുവയ്ക്കാൻ തോന്നുന്നത്. അദ്ദേഹം പറയുന്നു; ''മകനെ നീ എന്തു സമ്പാദിച്ചാലും അതിൽ 10 ശത



www.malankaralibrary.com

മാനം നിന്റെ അച്ഛന് കൊടുക്കണം. എന്തെന്നാൽ പിതാവി ല്ലെങ്കിൽ നീയില്ല. അവന്റെ ബീജത്തിന്റെ തുടർച്ചയാണ് നീ.'' അദ്ദേഹം തുടർന്നു; ''പക്ഷേ, അമ്മയ്ക്ക് നീ ഒന്നും കൊടു ക്കേണ്ട, അതിന്റെ ആവശ്യമില്ല.'' ഇതു കേൾക്കുമ്പോൾ അസ്വ സ്ഥരാകുന്ന ശ്രോതാക്കളെ കാണാം.

ഇദ്ദേഹം എന്താണ് പറയുന്നതെന്ന് അവർ ചിന്തിക്കവെ, അദ്ദേഹം തുടർന്നു; ''നിന്റെ അമ്മയ്ക്ക് ഒന്നും കൊടുക്കേണ്ട, ആവശ്യമുള്ളത് അവൾ എടുത്തുകൊള്ളും. അവൾ എടുത്ത തിനുശേഷം എന്തെങ്കിലും ബാക്കിയുണ്ടെങ്കിൽ അതുമാത്ര മാണ് നിനക്ക് അവകാശപ്പെട്ടത്. എന്തെന്നാൽ നിന്റെ അമ്മ യുടെ വെറും ഭിക്ഷയാണ് നിന്റെ ജീവിതം.''

ഗർഭപാത്രത്തിൽ നൽകിയ സംരക്ഷണത്തിനും, ലോകം കാണാൻ അനുവദിച്ച സൗമനസ്യത്തിനും, ശൈശവത്തിൽ നൽകിയ കരുതലിനും, കൗമാരത്തിൽ നൽകിയ ശിക്ഷണ ത്തിനും, യൗവനത്തിൽ നൽകിയ ദർശനങ്ങൾക്കും ഒരു മകൻ അമ്മയ്ക്കു നൽകിയ വികാരപൂർണ്ണമായ ഒരു കൃതജ്ഞതാ പ്രകാശനമായിരുന്നു കുരിശിൽ കിടന്ന് ക്രിസ്തു തന്റെ അമ്മ യ്ക്കു നൽകിയ സുരക്ഷിതത്വത്തിന്റെ ഉറപ്പ്. മുഖം വാടാനും മിഴികൾ നിറയാനും ഒരുനാളും അനുവദിക്കില്ലെന്ന് അമ്മ യുടെ കരങ്ങൾ പിടിച്ച് ഉറപ്പു നൽകാൻ നമ്മൾ മക്കൾക്ക് ആർജ്ജവം പകരട്ടെ വചനധ്യാനം!

**ഫാ. പീറ്റർ തോമസ് കപ്പൂച്ചിൻ**



www.malankaralibrary.com

## കുരിശിന്റെ വഴി: വി. യൗസേപ്പിതാവിനോടൊപ്പം

ദൈവപുത്രന്റെ മനുഷ്യവതാര രഹസ്യത്തിൽ കുരിശ് വഹിക്കാൻ ആദ്യം ഭാഗ്യം ലഭിച്ച വ്യക്തിയാണ് യൗസേപ്പിതാവ്. മംഗളവാർത്ത മുതൽ കുരിശുകളുടെ ഒരു പരമ്പര അവനെ തേടിവന്നു. വി. യൗസേപ്പിതാവിനോടൊപ്പം കുരിശിന്റെ വഴി ചൊല്ലി നമുക്കു പ്രാർത്ഥിക്കാം.

### പ്രാരംഭ പ്രാർത്ഥന

സ്വർഗ്ഗസ്ഥനായ പിതാവേ, നിന്റെ പ്രിയപുത്രൻ ലോകരക്ഷയ്ക്കായി കുരിശ് വഹിച്ചുകൊണ്ടു നടത്തിയ അന്ത്യയാത്രയിൽ വി. യൗസേപ്പിതാവിനൊപ്പം സഞ്ചരിക്കാൻ ഞങ്ങളും ആഗ്രഹിക്കുന്നു. കൃപയും രക്ഷയും സമൃദ്ധമായി വർഷിക്കപ്പെടുന്ന ഈ രക്ഷണീയ യാത്രയിൽ വി. യൗസേപ്പിതാവിന്റെ സാന്നിധ്യം ഞങ്ങൾക്കു ബലം നൽകട്ടെ. കുരിശിന്റെ വഴിയിലൂടെ ഞങ്ങൾ യാത്ര ചെയ്യുമ്പോൾ ഞങ്ങളുടെ കുടുംബങ്ങളെയും സമൂഹങ്ങളെയും നീ വിശുദ്ധീകരിക്കയും നയിക്കുകയും ചെയ്യണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേയ്ക്കും, ആമ്മേൻ.

*കർത്താവേ അനുഗ്രഹിക്കണമേ.*

വി. യൗസേപ്പിതാവേ, ക്രൂശിതനായ ഈശോയുടെ തിരുമുറിവുകൾ എന്റെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കണമേ.



www.malankaralibrary.com

## ഒന്നാം സ്ഥലം: ഈശോമിശിഹാ മരണത്തിനു വിധിക്കപ്പെടുന്നു

ഈശോമിശിഹായേ, ഞങ്ങൾ അങ്ങയെ കുമ്പിട്ടാരാധിക്കുന്നു. എന്തുകൊണ്ടെന്നാൽ വിശുദ്ധ കുരിശിനാൽ അങ്ങ് ലോകത്തെ വീണ്ടുരക്ഷിച്ചു.

### വിചിന്തനം

ഈശോ ലോകരക്ഷയ്ക്കായി മരിക്കാൻ പിറന്നവനാണ്. രക്ഷിക്കാൻ പിറന്ന ഈശോ രക്ഷയുടെ കുരിശിന്റെ വഴി ആരംഭിക്കുന്നു. വേദനകളും യാതനകളും നിറഞ്ഞ ഈ രക്ഷണീയകൃത്യം എന്നെങ്കിലും സംഭവിക്കുമെന്ന് യൗസേപ്പിന് ഉറപ്പായിരുന്നു. ദൈവാലയത്തിൽ വച്ചുള്ള ശിമയോന്റെ പ്രവചനം - "ഇവൻ ഇസ്രായേലിൽ പലരുടെയും വീഴ്ചയ്ക്കും ഉയർച്ചയ്ക്കും കാരണമാകും. ഇവൻ വിവാദവിഷയമായ അടയാളവുമായിരിക്കും" (ലൂക്കാ 2:34) അവൻ എന്നും ഹൃദയത്തിൽ സൂക്ഷിച്ചിരുന്നു. യൗസേപ്പിതാവും ഈശോയും മരണത്തിന്റെ വഴികളിലൂടെ കടന്നുപോയി. ഞാനും ഒരിക്കൽ മരണത്തിനു കീഴടങ്ങേണ്ടവനാണ്.

### പ്രാർത്ഥന

വി. യൗസേപ്പിതാവേ, മരണം എന്ന യാഥാർത്ഥ്യത്തെ മനസ്സിലാക്കി ജീവിക്കാനും ജീവിതം ക്രമീകരിക്കാനും എന്നെ സഹായിക്കണമേ.

*കർത്താവേ അനുഗ്രഹിക്കണമേ.*

വി. യൗസേപ്പിതാവേ, ക്രൂശിതനായ ഈശോയുടെ തിരുമുറിവുകൾ എന്റെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കണമേ.

## രണ്ടാം സ്ഥലം: ഈശോമിശിഹാ കുരിശ് ചുമക്കുന്നു

ഈശോമിശിഹായേ, ഞങ്ങൾ അങ്ങയെ കുമ്പിട്ടാരാധിക്കുന്നു. എന്തുകൊണ്ടെന്നാൽ വിശുദ്ധ കുരിശിനാൽ അങ്ങ് ലോകത്തെ വീണ്ടുരക്ഷിച്ചു.



www.malankaralibrary.com

## വിചിന്തനം

റോമൻ പടയാളികൾ ഈശോയുടെ കരങ്ങളിലേയ്ക്ക് ഒരു മരക്കുരിശ് നൽകുന്നു. കാൽവരിയിലേയ്ക്ക് അവൻ അത് തനിയെ ചുമക്കണം. യൗസേപ്പിതാവിന്റെ മരപ്പണിശാലയിൽ ചെറുപ്രായത്തിൽ ഈശോ കളിക്കുമ്പോൾ ഒരു ചെറിയ മരക്കുരിശ് നിർമ്മിച്ചിരുന്നു. ഇപ്പോൾ അവൻ ചുമക്കുന്ന കുരിശ് തനിയെ നിർമ്മിച്ചതല്ല, നമ്മുടെ പാപങ്ങൾ തീർത്ത വൻ കുരിശാണത്. രക്ഷകൻ അത് വഹിച്ചാലേ മനുഷ്യവംശത്തിന് രക്ഷ കൈവരികയുള്ളൂ.

## പ്രാർത്ഥന

യൗസേപ്പിതാവേ, എന്റെ ജീവിതകുരിശുകളെ അംഗീകരിക്കാനും അവ വഹിക്കുവാനും എന്നെ സഹായിക്കണമേ.

*കർത്താവേ അനുഗ്രഹിക്കണമേ.*

വി. യൗസേപ്പിതാവേ, ക്രൂശിതനായ ഈശോയുടെ തിരുമുറിവുകൾ എന്റെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കണമേ.

## മൂന്നാം സ്ഥലം: ഈശോമിശിഹാ ഒന്നാം പ്രാവശ്യം വീഴുന്നു

ഈശോമിശിഹായേ, ഞങ്ങൾ അങ്ങയെ കുമ്പിട്ടാരാധിക്കുന്നു. എന്തുകൊണ്ടെന്നാൽ വിശുദ്ധ കുരിശിനാൽ അങ്ങ് ലോകത്തെ വീണ്ടുരക്ഷിച്ചു.

## വിചിന്തനം

കുരിശിന്റെ ഭാരം താങ്ങാനാവാതെ ഈശോ കുരിശുമായി ഒന്നാം പ്രാവശ്യം നിലത്തുവീഴുന്നു. ശിശുവായിരിക്കുമ്പോൾ ഈശോ പലതവണ നിലത്തുവീണിട്ടുണ്ട്. അപ്പോഴെല്ലാം യൗസേപ്പിതാവ് ഏതൊരു പിതാവിനെപ്പോലെയും ഈശോയെ കൈകളിലെടുത്ത് ആശ്വസിപ്പിച്ചിട്ടുണ്ട്. മനുഷ്യവതാര രഹസ്യത്തിന്റെ ആദ്യഘട്ടത്തിൽ ഈശോയെ ആശ്വസിപ്പിച്ച യൗസേപ്പിതാവാണങ്കിൽ, വേദന നിറഞ്ഞ രണ്ടാം ഘട്ടത്തിൽ മറിയം നിഴൽ പോലെ പിന്തുടരുന്നു.



www.malankaralibrary.com

### പ്രാർത്ഥന

വി. യൗസേപ്പിതാവേ, ജീവിതഭാരത്താൽ ഞാൻ തളർന്നു വീഴുമ്പോൾ എന്റെ സഹായത്തിനു വരണമേ.

*കർത്താവേ അനുഗ്രഹിക്കണമേ.*

വി. യൗസേപ്പിതാവേ, ക്രൂശിതനായ ഈശോയുടെ തിരുമുറിവുകൾ എന്റെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കണമേ.

## നാലാം സ്ഥലം: ഈശോ വഴിയിൽ വച്ച് തന്റെ മാതാവിനെ കാണുന്നു

ഈശോമിശിഹായേ, ഞങ്ങൾ അങ്ങയെ കുമ്പിട്ടാരാധിക്കുന്നു. എന്തുകൊണ്ടെന്നാൽ വിശുദ്ധ കുരിശിനാൽ അങ്ങ് ലോകത്തെ വീണ്ടുരക്ഷിച്ചു.

### വിചിന്തനം

കുരിശുയാത്രയിൽ ഈശോയും അമ്മയായ മറിയവും കണ്ടുമുട്ടുന്നു. തന്റെ തിരുസുതന്റെ മുഖദർശനം ഒരു നിമിഷനേരത്തേയ്ക്കെങ്കിലും വേദനിക്കുന്ന അവളുടെ ഹൃദയത്തെ ആശ്വസിപ്പിക്കുന്നു. തിരുപ്പിറവിയുടെ ദിനത്തിൽ തന്റെ മകനെ ആദ്യം ദർശിക്കുമ്പോൾ മറിയത്തിനൊപ്പം യൗസേപ്പിതാവുണ്ടായിരുന്നു. ഇപ്പോൾ അവൾ ഏകയാണെങ്കിലും ആ ഓർമ്മ മറിയത്തെ ധൈര്യപ്പെടുത്തുന്നു.

### പ്രാർത്ഥന

വി. യൗസേപ്പിതാവേ, ഞങ്ങളുടെ കുടുംബങ്ങളിൽ രോഗവും ദു:ഖങ്ങളും വരിഞ്ഞുമുറുക്കുമ്പോൾ ഞങ്ങളെ സഹായിക്കാൻ വരണമേ.

*കർത്താവേ അനുഗ്രഹിക്കണമേ.*

വി. യൗസേപ്പിതാവേ, ക്രൂശിതനായ ഈശോയുടെ തിരുമുറിവുകൾ എന്റെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കണമേ.



www.malankaralibrary.com

## അഞ്ചാം സ്ഥലം: ശിമയോൻ ഈശോയെ സഹായിക്കുന്നു

ഈശോമിശിഹായേ, ഞങ്ങൾ അങ്ങയെ കുമ്പിട്ടാരാധിക്കുന്നു. എന്തുകൊണ്ടെന്നാൽ വിശുദ്ധ കുരിശിനാൽ അങ്ങ് ലോകത്തെ വീണ്ടുരക്ഷിച്ചു.

### വിചിന്തനം

റോമൻ പടയാളികൾ കുറച്ചു നേരത്തേയ്ക്ക് ഈശോയുടെ കുരിശ് കിറേനാക്കാരൻ ശിമയോനെ ഏൽപിക്കുന്നു. സ്വപ്നത്തിൽ ദൈവദൂതന്റെ വാക്കുകൾ ശ്രവിച്ച് ഈജിപ്തിലേയ്ക്കു പലായനം ചെയ്ത യൗസേപ്പിതാവിന്റെ സുരക്ഷിതത്വം ഒരു നിമിഷം ഈശോ ഓർമ്മിക്കുന്നു. മരണത്തിന്റെ നിഴൽ വീണ ആ യാത്രയിൽ എത്ര സൂക്ഷ്മതയോടാണ് അവൻ ഉണ്ണിയേശുവിനെ കാത്തുസംരക്ഷിച്ചത്.

### പ്രാർത്ഥന

വി. യൗസേപ്പിതാവേ, ഏറ്റവും അത്യാവശ്യമുള്ള സമയങ്ങളിൽ എന്നെ സഹായിക്കാനായി വ്യക്തികളെ അയയ്ക്കുവാൻ നിന്റെ തിരുക്കുമാരനോടു പ്രാർത്ഥിക്കണമേ.

*കർത്താവേ അനുഗ്രഹിക്കണമേ.*

വി. യൗസേപ്പിതാവേ, ക്രൂശിതനായ ഈശോയുടെ തിരുമുറിവുകൾ എന്റെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കണമേ.

## ആറാം സ്ഥലം: വെറോനിക്കാ മിശിഹായുടെ തിരുമുഖം തുടയ്ക്കുന്നു

ഈശോമിശിഹായേ, ഞങ്ങൾ അങ്ങയെ കുമ്പിട്ടാരാധിക്കുന്നു. എന്തുകൊണ്ടെന്നാൽ വിശുദ്ധ കുരിശിനാൽ അങ്ങ് ലോകത്തെ വീണ്ടുരക്ഷിച്ചു.

### വിചിന്തനം

ജനക്കൂട്ടത്തിനു നടുവിൽ നിന്ന് രക്തം ഒഴുകുന്ന ഈശോയുടെ തിരുമുഖം വെറോനിക്ക കാണുന്നു. ആൾക്കൂട്ടബഹളത്തിനിടയിലും ധൈര്യപൂർവ്വം അവൾ മുന്നോട്ടുവന്ന്



www.malankaralibrary.com

ഈശോയുടെ മുഖം തുടയ്ക്കുന്നു. ഉണ്ണിയേശുവിനെ ചെറു പ്രായത്തിൽ പരിചരിച്ച യൗസേപ്പിതാവിന്റെ ആർദ്രത നമുക്കു സ്വന്തമാക്കാം. ഒരു പിതാവിന്റെ സ്നേഹത്തോടെ മുറിവുകൾ വൃത്തിയാക്കിയതും കണ്ണീരു തുടച്ചതുമെല്ലാം ഈശോ ഓർത്തെടുക്കുന്നു.

## പ്രാർത്ഥന

വി. യൗസേപ്പിതാവേ, സഹായം ആവശ്യമുള്ളവരെ ഏത് പ്രതികൂലസാഹചര്യത്തിലും സഹായിക്കാനുള്ള വിശുദ്ധമായ മനോഭാവം എനിക്കു നൽകണമേ.

*കർത്താവേ അനുഗ്രഹിക്കണമേ*

വി. യൗസേപ്പിതാവേ, ക്രൂശിതനായ ഈശോയുടെ തിരുമുറിവുകൾ എന്റെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കണമേ.

www.lifeday.in

## ഏഴാം സ്ഥലം: ഈശോമിശിഹാ രണ്ടാം പ്രാവശ്യം വീഴുന്നു

ഈശോമിശിഹായേ, ഞങ്ങൾ അങ്ങയെ കുമ്പിട്ടാരാധിക്കുന്നു. എന്തുകൊണ്ടെന്നാൽ വിശുദ്ധ കുരിശിനാൽ അങ്ങ് ലോകത്തെ വീണ്ടുരക്ഷിച്ചു.

## വിചിന്തനം

കുരിശിന്റെ കനത്ത ഭാരത്താൽ ഈശോ വീണ്ടും നിലത്തു വീഴുന്നു. പതുക്കെ ശക്തി സംഭരിച്ച് കുരിശുമായി വീണ്ടും യാത്ര തുടരുന്നു. കർത്താവിന്റെ ദൂതൻ മൂന്നാം തവണ യൗസേപ്പിനെ സന്ദർശിക്കുമ്പോൾ ഈജിപ്തിൽ നിന്നു മടങ്ങിവരാനായിരുന്നു നിർദ്ദേശം. സ്വന്തം നഗരമായ നസറത്തിലേയ്ക്കു തിരിച്ചുവന്നപ്പോൾ യൗസേപ്പ് അത്യധികം സന്തോഷിക്കുന്നു. സാധാരണ ജീവിതക്രമത്തിലേയ്ക്കുള്ള അവന്റെ മടങ്ങിവരവ് അവൻ ദൈവത്തിലർപ്പിച്ച പ്രത്യാശയുടെ പ്രതിഫലനമായിരുന്നു. ജീവിതത്തിൽ ഞാൻ വീഴുമ്പോൾ ദൈവികപദ്ധതികളിൽ ആഴമായി ശരണപ്പെട്ടാലേ എഴുന്നേൽക്കുവാനും മുന്നോട്ടു നീങ്ങാനും സാധി



www.malankaralibrary.com

ക്കൂവെന്ന് ഈശോയും യൗസേപ്പിതാവും നമ്മെ പഠിപ്പി ക്കുന്നു.

### പ്രാർത്ഥന

വി. യൗസേപ്പിതാവേ, നീ ദൈവത്തിൽ ആശ്രയിച്ചതു പോലെ ആശ്രയിക്കാൻ എന്നെയും പഠിപ്പിക്കണമേ.

*കർത്താവേ അനുഗ്രഹിക്കണമേ*

വി. യൗസേപ്പിതാവേ, ക്രൂശിതനായ ഈശോയുടെ തിരു മുറിവുകൾ എന്റെ ഹൃദയത്തൽ പതിപ്പിച്ചുറപ്പിക്കണമേ.

## എട്ടാം സ്ഥലം: ഈശോമിശിഹാ ജറുസലേം നഗരിയിലെ സ്ത്രീകളെ ആശ്വസിപ്പിക്കുന്നു

ഈശോമിശിഹായേ, ഞങ്ങൾ അങ്ങയെ കുമ്പിട്ടാരാധി ക്കുന്നു. എന്തുകൊണ്ടെന്നാൽ വിശുദ്ധ കുരിശിനാൽ അങ്ങ് ലോകത്തെ വീണ്ടുരക്ഷിച്ചു.

### വിചിന്തനം

കുരിശുയാത്രയിൽ വഴിയരുകിൽ തന്നെ ആശ്വസിപ്പിക്കാ നായി കാത്തുനിന്ന ജറുസലേം നഗരിയിലെ ഭക്തസ്ത്രീ കളെ ഈശോ ആശ്വസിപ്പിക്കുന്നു. അവരോട് ''സീയോൻ പുത്രിമാരേ, നിങ്ങൾ നിങ്ങളെയും നിങ്ങളുടെ കുഞ്ഞുങ്ങ ളെയും ഓർത്തു കരയുവിൻ'' എന്നു ഈശോ പറയുന്നു. സ്വന്തം വേദന മറന്ന് മറ്റുള്ളവരെ സമാശ്വസിപ്പിക്കാൻ ഈശോ പഠിച്ചത് നസറത്തിലെ തന്റെ വളർത്തുപിതാവായ യൗസേപ്പിൽ നിന്നാണ്.

### പ്രാർത്ഥന

വി. യൗസേപ്പിതാവേ, സ്വവേദന മറന്ന് മറ്റുള്ളവരെ ആശ്വ സിപ്പിക്കാൻ കഴിയുന്ന വിശാലമായ ഹൃദയം ഈശോയിൽ നിന്ന് എനിക്ക് വാങ്ങിത്തരേണമേ.

*കർത്താവേ അനുഗ്രഹിക്കണമേ*



www.malankaralibrary.com

വി. യൗസേപ്പിതാവേ, ക്രൂശിതനായ ഈശോയുടെ തിരുമുറിവുകൾ എന്റെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കണമേ.

## ഒൻപതാം സ്ഥലം: ഈശോമിശിഹാ മൂന്നാം പ്രാവശ്യം വീഴുന്നു

ഈശോമിശിഹായേ, ഞങ്ങൾ അങ്ങയെ കുമ്പിട്ടാരാധിക്കുന്നു. എന്തുകൊണ്ടെന്നാൽ വിശുദ്ധ കുരിശിനാൽ അങ്ങ് ലോകത്തെ വീണ്ടുരക്ഷിച്ചു.

### വിചിന്തനം

കുരിശിന്റെ ഭാരത്താൽ ഈശോ മൂന്നാം വട്ടവും നിലത്തു വീഴുന്നു. യൗസേപ്പിതാവിനും പലപ്പോഴും ജീവിതം ഭാരമുള്ളതായി തോന്നിയതാണ്. ദൈവികപദ്ധതികൾ പലപ്പോഴും അതിന്റെ പൂർണ്ണതയിൽ ഗ്രഹിക്കാൻ സാധിക്കാത്തപ്പോൾ ആ പിതൃഹൃദയം വേദനിച്ചിട്ടുണ്ടാവാം. മൂന്നു ദിവസം യേശുവിനെ കാണാതെ അന്വേഷിച്ച് ദൈവാലയത്തിൽ കണ്ടെത്തുമ്പോൾ "ഞാൻ എന്റെ പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനായിരിക്കേണ്ടതാണെന്ന് നിങ്ങൾ അറിയുന്നില്ലേ?" (ലൂക്കാ 2:49) എന്ന് ഈശോ ചോദിക്കുന്നു. ദൈവികപദ്ധതികൾ പൂർണ്ണമായി മനസ്സിലാകാത്തപ്പോഴും ദൈവത്തിൽ ശരണപ്പെട്ട് യൗസേപ്പ് മുന്നോട്ടു നീങ്ങുന്നു.

### പ്രാർത്ഥന

വി. യൗസേപ്പിതാവേ, ദൈവികരഹസ്യങ്ങൾ മനസ്സിലാക്കാനുള്ള ജ്ഞാനം നേടുന്നതിനായി എനിക്കുവേണ്ടി പ്രാർത്ഥിക്കണമേ.

*കർത്താവേ അനുഗ്രഹിക്കണമേ*

വി. യൗസേപ്പിതാവേ, ക്രൂശിതനായ ഈശോയുടെ തിരുമുറിവുകൾ എന്റെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കണമേ.



www.malankaralibrary.com

## പത്താം സ്ഥലം: ദിവ്യരക്ഷകന്റെ വസ്ത്രങ്ങൾ ഉരിഞ്ഞെടുക്കുന്നു

ഈശോമിശിഹായേ, ഞങ്ങൾ അങ്ങയെ കുമ്പിട്ടാരാധിക്കുന്നു. എന്തുകൊണ്ടെന്നാൽ വിശുദ്ധ കുരിശിനാൽ അങ്ങ് ലോകത്തെ വീണ്ടുരക്ഷിച്ചു.

### വിചിന്തനം

ജനിക്കുമ്പോൾ എല്ലാ ശിശുക്കളും നഗ്നരാണ്. മാതാപിതാക്കളാണ് അവരെ വസ്ത്രം ധരിപ്പിക്കുന്നത്. ഇപ്പോൾ ഈശോയുടെ മരണത്താൽ പടയാളികൾ അവന്റെ വസ്ത്രം ഉരിഞ്ഞെടുക്കുന്നു. കുട്ടിക്കാലത്ത് ഈശോയുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി യൗസേപ്പിതാവ് മറിയത്തോടൊപ്പം സദാ സന്നദ്ധനായിരുന്നു. ദൈവസുതൻ നഗ്നനായി കുരിശിൽ മരിക്കുമ്പോൾ സ്വർഗ്ഗീയപിതാവിനൊപ്പം വളർത്തുപിതാവും കണ്ണീർ തൂകിയിട്ടുണ്ടാവാം.

### പ്രാർത്ഥന

വി. യൗസേപ്പിതാവേ, ദൈവസ്നേഹത്തിന്റെ വസ്ത്രത്താൽ എന്റെയും മറ്റുള്ളവരുടെയും മുറിവുകൾ വച്ചുകെട്ടുവാൻ എന്നെ സഹായിക്കണമേ.

*കർത്താവേ അനുഗ്രഹിക്കണമേ*

വി. യൗസേപ്പിതാവേ, ക്രൂശിതനായ ഈശോയുടെ തിരുമുറിവുകൾ എന്റെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കണമേ.

## പതിനൊന്നാം സ്ഥലം: ഈശോമിശിഹാ കുരിശിൽ തറയ്ക്കപ്പെടുന്നു

ഈശോമിശിഹായേ, ഞങ്ങൾ അങ്ങയെ കുമ്പിട്ടാരാധിക്കുന്നു. എന്തുകൊണ്ടെന്നാൽ വിശുദ്ധ കുരിശിനാൽ അങ്ങ് ലോകത്തെ വീണ്ടുരക്ഷിച്ചു.

### വിചിന്തനം

ഈശോയുടെ കൈകളിലും കാലുകളിലും പടയാളികൾ ആണി തറയ്ക്കുന്നു. നസറത്തിലെ മരപ്പണിശാലയിൽ



www.malankaralibrary.com

ഈശോയുടെ കൈ ഒന്നു മുറിഞ്ഞാൽ ഓടിയെത്തിയിരുന്ന യൗസേപ്പിന്റെ മുഖം ഈശോയുടെ മുമ്പിൽ തെളിഞ്ഞുവന്നിരിക്കണം. ഒരു കുറ്റവാളിയേപ്പോലെ ഈശോയെ കുരിശിൽ തറയ്ക്കുമ്പോൾ തങ്ങളുടെ രക്ഷകനെയാണ് ആണികളിൽ തറയ്ക്കുന്നതെന്ന് അവർ അറിയുന്നില്ല. രക്ഷകനെ ബന്ധിക്കാൻ ആർക്കുമാവുകയില്ലെന്നും എല്ലാ ബന്ധനങ്ങളെയും അവൻ പൊട്ടിച്ചെറിയുമെന്ന സത്യവും യൗസേപ്പിതാവിൽ നിന്ന് നമുക്ക് പഠിക്കാം.

## പ്രാർത്ഥന

വി. യൗസേപ്പിതാവേ, എന്റെ വാക്കുകളാൽ ആരെയും ക്രൂശിക്കാതിരിക്കാനും അതിനായി നിശബ്ദനാകാനും എന്നെ പഠിപ്പിക്കണമേ.

*കർത്താവേ അനുഗ്രഹിക്കണമേ*

വി. യൗസേപ്പിതാവേ, ക്രൂശിതനായ ഈശോയുടെ തിരുമുറിവുകൾ എന്റെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കണമേ.

## പന്ത്രണ്ടാം സ്ഥലം: ഈശോമിശിഹാ കുരിശിന്മേൽ തൂങ്ങിമരിക്കുന്നു

ഈശോമിശിഹായേ, ഞങ്ങൾ അങ്ങയെ കുമ്പിട്ടാരാധിക്കുന്നു. എന്തുകൊണ്ടെന്നാൽ വിശുദ്ധ കുരിശിനാൽ അങ്ങ് ലോകത്തെ വീണ്ടുരക്ഷിച്ചു.

## വിചിന്തനം

യോഹന്നാന്റെ സുവിശേഷമനുസരിച്ച്, ഈശോയുടെ കുരിശിൻചുവട്ടിൽ പരിശുദ്ധ കന്യകാമറിയം ഉണ്ട്. തനിക്ക് പ്രിയപ്പെട്ട ഒരാളുടെ കൂടി മരണത്തിന് മറിയം സാക്ഷ്യം വഹിക്കുന്നു. ആദ്യം അവളുടെ മാതാപിതാക്കൾ, പിന്നെ ബന്ധുക്കളായ എലിസബത്ത്, സക്കറിയ ഏറെ വേദന സമ്മാനിച്ച യൗസേപ്പിന്റെ മരണം; ഇപ്പോൾ പ്രിയപുത്രന്റെയും മരണത്തിനു നടുവിൽ അവൾ ഏകയായി നിലകൊള്ളുന്നു. ഈശോ കുരിശിൽ മരിക്കുന്ന സ്ഥലം ധ്യാനിക്കുമ്പോൾ ഈശോയുടെയും മറിയത്തിന്റെയും സാമിപ്യത്തിൽ മരിച്ച


www.malankaralibrary.com

യൗസേപ്പിന്റെ ഭാഗ്യപ്പെട്ട മരണം ഓർമ്മയിൽ തെളിഞ്ഞു വരുന്നു.

## പ്രാർത്ഥന

വി. യൗസേപ്പിതാവേ, പ്രിയപ്പെട്ടവരുടെ വേർപാടിൽ ദു:ഖിക്കുന്ന കുടുംബങ്ങളെ ആശ്വസിപ്പിക്കുകയും അവരോടു കൂടെയായിരിക്കുകയും ചെയ്യണമേ.

*കർത്താവേ അനുഗ്രഹിക്കണമേ*

വി. യൗസേപ്പിതാവേ, ക്രൂശിതനായ ഈശോയുടെ തിരുമുറിവുകൾ എന്റെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കണമേ.

## പതിമൂന്നാം സ്ഥലം: ഈശോമിശിഹായുടെ മൃതദേഹം മാതാവിന്റെ മടിയിൽ കിടത്തുന്നു

ഈശോമിശിഹായേ, ഞങ്ങൾ അങ്ങയെ കുമ്പിട്ടാരാധിക്കുന്നു. എന്തുകൊണ്ടെന്നാൽ വിശുദ്ധ കുരിശിനാൽ അങ്ങ് ലോകത്തെ വീണ്ടുരക്ഷിച്ചു.

## വിചിന്തനം

ഈശോയുടെ മൃതദേഹം കുരിശിൽ നിന്നിറക്കി മാതാവിന്റെ മടിയിൽ കിടത്തുന്നു. അരുമസുതന്റെ മേനി മടിയിൽ കിടത്തി അന്ത്യചുംബനം നൽകുമ്പോൾ തന്റെ പ്രിയതമനായ യൗസേപ്പിന്റെ ഹൃദയവികാരങ്ങളും അവളുടെ വിമലഹൃദയത്തെ കൂടുതൽ ദു:ഖസാന്ദ്രമാക്കി. മരണശേഷം പാതാളത്തിലേയ്ക്കിറങ്ങിയ ഈശോ മരണത്തിന്റെ ബന്ധനങ്ങളെ തകർക്കുകയും പുതുജീവൻ പകരുകയും ചെയ്തു. നിത്യപറുദീസായുടെ വാതിൽ തുറക്കുകയും ചെയ്തു.

## പ്രാർത്ഥന

വി. യൗസേപ്പിതാവേ, ശുദ്ധീകരണസ്ഥലത്തിൽ കഴിയുന്ന ഞങ്ങളുടെ പ്രിയപ്പെട്ടവർക്കു വേണ്ടി പ്രാർത്ഥിക്കണമേ. നിന്റെയും നിന്റെ പ്രിയപ്പെട്ട പരിശുദ്ധ ഭാര്യയുടെയും മാദ്ധ്യസ്ഥം അവർക്ക് സ്വർഗ്ഗദർശനം സാധ്യമാക്കട്ടെ.



www.malankaralibrary.com

*കർത്താവേ അനുഗ്രഹിക്കണമേ*

വി. യൗസേപ്പിതാവേ, ക്രൂശിതനായ ഈശോയുടെ തിരുമുറിവുകൾ എന്റെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കണമേ.

## പതിനാലാം സ്ഥലം: ഈശോമിശിഹായുടെ മൃതദേഹം കല്ലറയിൽ സംസ്കരിക്കുന്നു

ഈശോമിശിഹായേ, ഞങ്ങൾ അങ്ങയെ കുമ്പിട്ടാരാധിക്കുന്നു. എന്തുകൊണ്ടെന്നാൽ വിശുദ്ധ കുരിശിനാൽ അങ്ങ് ലോകത്തെ വീണ്ടുരക്ഷിച്ചു.

### വിചിന്തനം

ഈശോയുടെ ജനനവും മരണവും പ്രവചനങ്ങളുടെ പൂർത്തീകരണമായിരുന്നു. പൂജരാജാക്കന്മാർ കാഴ്ച വച്ച മീറാ ഈശോയുടെ ശവസംസ്കാരത്തിന്റെ പ്രതീകമായിരുന്നു. ശിശുവായ ഈശോയ്ക്കുവേണ്ടി അന്ന് അവ സ്വീകരിച്ചത് യൗസേപ്പായിരുന്നു. യൗസേപ്പിനെ സംസ്കരിച്ച കല്ലറ ഈശോ നിരവധി തവണ സന്ദർശിച്ചിരിക്കണം. ലോകരക്ഷയ്ക്കായുള്ള മരണത്തിന് ഈശോയെ ഭൂമിയിൽ ഒരുക്കിയത് വളർത്തുപിതാവായ യൗസേപ്പായിരുന്നു.

### പ്രാർത്ഥന

വി. യൗസേപ്പിതാവേ, എന്റെ മരണവിനാഴിക അടുക്കുമ്പോൾ നീ എന്റെ സഹായത്തിനു എത്തണമേ.

*കർത്താവേ അനുഗ്രഹിക്കണമേ.*

വി. യൗസേപ്പിതാവേ, ക്രൂശിതനായ ഈശോയുടെ തിരുമുറിവുകൾ എന്റെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കണമേ.

### സമാപന പ്രാർത്ഥന

ഈശോയെ, നിന്റെ കുരിശിന്റെ വഴിയിലൂടെ ഒരു തീർത്ഥയാത്രയായി ഞങ്ങൾ നിന്നെ അനുഗമിക്കുകയായിരുന്നു. ഈ യാത്രയിൽ നിന്റെ വത്സലപിതാവിന്റെ സാന്നിധ്യം ഞങ്ങളെ ധൈര്യപ്പെടുത്തി. കുരിശിന്റെ താഴ്‌വരകളിലൂടെ



www.malankaralibrary.com

ജീവിതം മുന്നോട്ടു നീങ്ങുമ്പോൾ വി. യൗസേപ്പിതാവിന്റെ മഹനീയമാതൃക ഞങ്ങൾക്ക് ശക്തി നൽകട്ടെ.

വി. യൗസേപ്പിതാവിന്റെ മാതൃക പിൻചെന്ന് രക്ഷയുടെ പാതയായ കുരിശിന്റെ മാർഗ്ഗത്തിൽ നിന്ന് ഞങ്ങളുടെ കുടുംബങ്ങൾ ഒരിക്കലും ദൃഷ്ടി മാറ്റാതിരിക്കട്ടെ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേയ്ക്കും, ആമ്മേൻ.

*കർത്താവേ അനുഗ്രഹിക്കണമേ*

വി. യൗസേപ്പിതാവേ, ക്രൂശിതനായ യേശുവിന്റെ തിരുമുറിവുകൾ എന്റെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കണമേ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...

നന്മ നിറഞ്ഞ മറിയമേ...

മനസ്താപ പ്രകരണം

**ഫാ. ജയ്സൺ കുന്നേൽ MCBS**

www.lifeday.in



www.malankaralibrary.com

www.malankaralibrary.com



# ദുഃഖശനി

കാത്തിരിപ്പിന്റെ ദിനം. മൂന്നാം ദിനം ഈശോ ഉയിർക്കും
എന്ന പ്രതീക്ഷ മനസ്സിൽ ഉറപ്പിക്കേണ്ട ദിനം

പ്രസംഗം

www.malankaralibrary.com

## പ്രസംഗം: അവിടുന്ന് വിശ്രമിക്കുകയാണ്...

സൃഷ്ടി ചെയ്ത തമ്പുരാൻ വിശ്രമിച്ച ഏഴാം ദിനത്തിൽ തന്നെ പുതുസൃഷ്ടി ചെയ്തു തളർന്ന തമ്പുരാനും വിശ്രമിക്കുന്നു. നിശബ്ദത പാലിക്കുക! സാന്ദ്രനിശബ്ദതയിൽ, അവിടുന്ന് മുമ്പു പറഞ്ഞതിന്റെയും ആചരിച്ചതിന്റെയും ധ്വനികൾ നമുക്കു കൂടുതൽ വ്യക്തമാകും.

പിതാവിന്റെ ഹിതത്തിനു പൂർണ്ണമായും കീഴ്വഴങ്ങി തോട്ടത്തിനകത്തു തന്നെ അറസ്റ്റും കല്ലറയും വരിക്കുന്ന പുത്രൻ, ദൈവഹിതത്തിന്റെ തോട്ടത്തിൽ വീണഴുകി നൂറുമേനി ഫലം പുറപ്പെടുവിക്കുന്ന ഗോതമ്പുമണിയാണ് (യോഹ. 12:24). "മണ്ണിൽ പൂണ്ടുകിടക്കുന്ന വിത്തിന്റെ അവസ്ഥയാണ് കല്ലറയിൽ നിശ്ചലനായിക്കിടക്കുന്ന മിശിഹായുടേത്." അതിന് മഗ്ദലനാമറിയത്തെപ്പോലെ കാവലിരിക്കാൻ കൊതിക്കുന്ന മനസ്സാണ് വലിയ ശനിയാഴ്ച സഭയുടേത്. നടക്കാനിരിക്കുന്ന മുളപൊട്ടലിന്റെ മൃദുസ്വനം അവിടെ കേൾക്കാനാകും.

ഈശോയുടെ ഈ വിശ്രമത്തിന് ഒരു മരിയൻ സ്പർശമുണ്ട്. "പിതാവേ, അങ്ങേ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു" എന്നു പറഞ്ഞ് യേശു ജീവൻ വെടിഞ്ഞു എന്നു കാണുന്നത്, മരിയൻ പരാമർശങ്ങൾ പലതുള്ള, 'സ്ത്രീകളുടെ സുവിശേഷം' എന്നുകൂടി ഓമനപ്പേരുള്ള വി. ലൂക്കായുടെ സുവിശേഷത്തിലാണ് (23,46). രാത്രി വിശ്രമത്തിനായി കിടക്കുംമുമ്പ് കുഞ്ഞുങ്ങൾ പ്രാർത്ഥിക്കണമെന്ന് ഓരോ യഹൂദ അമ്മയ്ക്കും നിർബന്ധമുണ്ടായിരുന്ന സങ്കീർത്തനഭാഗമാണത് – സങ്കീ. 31,5. കുഞ്ഞുങ്ങളെ ചെറുപ്പം മുതലേ അതു പരിശീലിപ്പിക്കാൻ അമ്മമാർ പ്രത്യേകം ശ്രദ്ധ വച്ചിരുന്നു. താൻ കുഞ്ഞായിരുന്നപ്പോൾ മേരിയമ്മ പഠിപ്പിച്ച



www.malankaralibrary.com

വിശ്രമത്തിന്റെ സങ്കീർത്തനപ്രാർത്ഥനയും ചൊല്ലിയാണ് ആ മുപ്പത്തിമൂന്നു വയസ്സുകാരൻ മൂന്നു ദിവസം നീളുന്ന തന്റെ ഉറക്കത്തിലേക്കു പ്രവേശിച്ചത്.

പണ്ട് മണ്ണിലെ അമ്മയുടെ മാറിൽ കിടന്നവൻ ഇന്ന് സ്വർഗ്ഗത്തിലെ അപ്പന്റെ വിരിമാറിലാണെന്നു മാത്രം! മരണാനന്തര വിശ്രമത്തിൽ ഈശോ 131-ാം സങ്കീർത്തനം ജീവിക്കുകയായിരുന്നെന്നു വേണമെങ്കിൽ പറയാം. നിശ്ചലമായ ആ ദിവ്യാധരങ്ങൾ, ''മാതാവിന്റെ മടിയിൽ ശാന്തനായി കിടക്കുന്ന ശിശുവിനെയെന്നപോലെ ഞാൻ എന്നെത്തന്നെ ശാന്തനാക്കി'' (സങ്കീ. 13:1-2) എന്നു പാടാൻ വെമ്പിയിട്ടുണ്ടായിരിക്കാം! ആശ്രയത്തിന്റെ ചാഞ്ഞുറക്കമാണത്. Trust is Rest! വിശ്വസിക്കുന്നവർക്കുള്ളതാണ് വിശ്രമം (cf. ഹെബ്രാ 4,1.2), ഹൃദയം കഠിനമാക്കുന്നവർക്കും ദൈവത്തെ പരീക്ഷിക്കുന്നവർക്കുമുള്ളതല്ല. ''അവർ ഒരിക്കലും എന്റെ വിശ്രമത്തിലേയ്ക്കു പ്രവേശിക്കുകയില്ല'' എന്നു ദൈവം പറഞ്ഞത് ആരെക്കുറിച്ചാണെന്ന് ഓർമ്മയുണ്ടല്ലോ (cf. സങ്കീ. 95:9-11).

വിമോചനവും വിശ്രമവും ചങ്ങാതികളാണ്! സാബത്തു കൽപനയുടെ കാരണമായി പുറപ്പാട് ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നത് (പുറ 20,11) സൃഷ്ടിക്കുശേഷം ദൈവം വിശ്രമിച്ചു എന്നതാണെങ്കിൽ, നിയമാവർത്തനഗ്രന്ഥത്തിൽ കുറിച്ചിരിക്കുന്നത് (നിയ. 5,15) ഈജിപ്തിൽ നിന്ന് ദൈവം ഇസ്രായേൽക്കാരെ മോചിപ്പിച്ചു എന്ന യാഥാർത്ഥ്യമാണ്. വിമോചനത്തിന്റെ ആഘോഷമെന്നോണം സാബത്ത് ആചരിക്കാൻ നിയമാവർത്തന ഗ്രന്ഥഭാഗം നമ്മെ ആഹ്വാനം ചെയ്യുന്നു. പാപത്തിലും ശിക്ഷയിലും മരണത്തിലും നിന്നുള്ള മനുഷ്യന്റെ കടന്നുപോകലിന് യേശുവിന്റെ പീഡാസഹനമരണങ്ങൾ കാരണമായെന്ന പെസഹാ ദൈവശാസ്ത്രത്തിന്റെ പശ്ചാത്തലത്തിൽ, മാനവവിമോചനത്തിന്റെ ആഘോഷമായും യേശുവിന്റെ സാബത്തുവിശ്രമത്തെ കാണാവുന്നതാണ്. എന്തിന്, അവിടുന്ന് സ്വന്തം വിശ്രമം പോലും പാതാളത്തിലെ നീതിമാന്മാരുടെ വിമോചനത്തിന് ഉപയുക്തമാക്കിയെന്നാണല്ലോ ബൈബിളും (എഫേ. 4,9; 1 പത്രോസ് 4,6) പുരാതനരേഖകളും (നിക്കോദേമൂസിന്റെ സുവിശേഷം; പത്രോസിന്റെയും പൗലോസിന്റെയും നടപടികൾ; ഗ്രീക്ക് പിതാക്കന്മാർ



www.malankaralibrary.com

43, 440A, 452C) സാക്ഷ്യപ്പെടുത്തുന്നത്. അങ്ങനെ, 'പുത്രന്റെ വിശ്വസ്തതയും കാരുണ്യവും' (cf. ഹെബ്രാ. 2,17) മെനഞ്ഞെടുത്ത സമ്പൂർണ്ണവിശ്രമത്തിന് പിതാവ് നൽകിയ സമ്മാനത്തിന്റെ പേരാണെന്നു തോന്നുന്നു തിരുവുത്ഥാനം!'

ഒപ്പം, 'വിമോചനത്തിനു നിമിത്തമാകുന്നവർക്കേ വിശ്രമിക്കാൻ അവകാശമുള്ളൂ' എന്നു കടത്തിപ്പറയാനും ഇവിടെ എനിക്കു തോന്നുന്നു. സ്നേഹത്തിലൂടെ പ്രവർത്തനനിരതരായ (ഗലാ 6,5) ''ദൈവജനത്തിന് ഒരു സാബത്തുവിശ്രമം ലഭിക്കാനിരിക്കുന്നു'' (ഹെബ്രാ 4,9). കാരണം, അവരാണ് വിമോചകർ; അവർ മാത്രമാണ് വിശ്വാസികളും.

വലിയ ശനിയാഴ്ച അതുല്യമായ ഒന്നാണ്. പുത്രനോടൊപ്പം വിശ്രമിക്കാൻ പിതാവ് കനിഞ്ഞുതന്നതാണ് ഈ വലിയ ശനി. കല്ലറയനുഭവമാണ് പലർക്കുമിത്! പക്ഷേ, പുത്രന്റെ വിശ്രമാന്ത്യം എന്തായിരുന്നോ, അതുതന്നെയായിരിക്കും എന്റെയും നിങ്ങളുടെയും ഈ കല്ലറക്കാലത്തിന്റേതും. നമ്മൾ തീർച്ചയായും അവനോടൊപ്പം ഉയിർക്കും – ഇവിടെയും അവിടെയും!

**ഫാ. ജോഷി മയ്യാറ്റിൽ**



www.malankaralibrary.com



# ഉയിർപ്പ് ഞായർ

മരണത്തിന്റെ മൂന്നാം ദിനം ഈശോയുടെ ഉയിർപ്പ്.
നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനം.

**പ്രസംഗം, ധ്യാനം, കുടുംബപ്രാർത്ഥന, ത്രിസന്ധ്യാജപം**

www.malankaralibrary.com

## പ്രസംഗം: ഉയിർപ്പ് ഞായർ

ക്രിസ്തു മരിച്ചവരുടെയിടയിൽ നിന്ന് ഉയിർത്തിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ്. നിങ്ങളുടെ വിശ്വാസവും വ്യർത്ഥം. വി. പൗലോസ് ശ്ലീഹായുടെ വാക്കുകളാണിവ. തിരുനാളുകളുടെ തിരുനാളും, ഏതൊരു ക്രൈസ്തവന്റെയും വിശ്വാസത്തിന്റെ കേന്ദ്രവുമായ ഈശോയുടെ ഉയിർപ്പിന്റെ തിരുനാൾ ഇതാ ജീവിതത്തിൽ ഒരിക്കൽക്കൂടി ആഗതമായിരിക്കുന്നു. ഏവർക്കും തിരുനാളിന്റെ നല്ല മംഗളങ്ങൾ നേരുന്നു.

രണ്ടായിരാമാണ്ടിൽ റോമൻ കൂരിയായിലെ വാർഷിക ധ്യാനത്തിന് വി. ജോൺപോൾ രണ്ടാമൻ മാർപാപ്പ ക്ഷണിച്ചത് വിയറ്റ്നാമിൽ നിന്നുള്ള വാൻ ത്വാൻ എന്ന മെത്രാനെയായിരുന്നു. നീണ്ട 13 വർഷക്കാലം കമ്മ്യൂണിസ്റ്റ് ഭരണകൂടത്തിന്റെ കീഴിൽ ദൈവത്തിൽ വിശ്വസിച്ചു എന്ന ഒറ്റക്കാരണത്താൽ ഏകാന്തതടവിന് വിധിക്കപ്പെട്ട മെത്രാനായിരുന്നു വാൻ ത്വാൻ. കാപ്പി കുടിക്കുന്നതിനിടയിൽ കുശലാന്വേഷണമായി പരിശുദ്ധ പിതാവ് വാൻ ത്വാൻ മെത്രാനോട് ചോദിച്ചു: ''താങ്കൾ എന്തിനെക്കുറിച്ചാണ് ഇന്ന് ഞങ്ങളെ ധ്യാനിപ്പിക്കാൻ പോകുന്നത്?''

വാൻ ത്വാൻ തന്റെ ഇരുകരങ്ങളും പിതാവിനു മുൻപിൽ തുറന്ന് പിടിച്ചിട്ടു പറഞ്ഞു. ''പിതാവേ, കഴിഞ്ഞ പതിമൂന്ന് വർഷക്കാലം കമ്മ്യൂണിസ്റ്റ് ഭരണകൂടത്തിൻ കീഴിൽ ഏകാന്ത തടവിന് വിധിക്കപ്പെട്ടപ്പോൾ രാത്രിയുടെ ഇരുണ്ട യാമങ്ങളിൽ ആരും കാണാതെ വലതു കൈയ്യിൽ മൂന്നു തുള്ളി വീഞ്ഞും അതിൽ ഒരു തുള്ളി വെള്ളവുമൊഴിച്ച് ഇടതു കൈയ്യിൽ കിട്ടിയ അപ്പത്തിന്റെ ഏതാനും പൊടിക്കഷണങ്ങളുമിട്ട് ഞാൻ



www.malankaralibrary.com

വിശുദ്ധ ബലിയർപ്പിച്ചു. അപ്പോഴൊക്കെ വിശുദ്ധ ബലിയിൽ എഴുന്നള്ളി വന്നിരുന്ന കർത്താവിനോട് ഞാൻ ഒന്നു മാത്ര മാണ് പ്രാർത്ഥിച്ചത്. എന്റെ വിശ്വാസത്തെ കാത്തുസൂക്ഷി ക്കാനുള്ള വരം തരണമേയെന്നു മാത്രം. ചുറ്റും പടരുന്ന ഇരു ട്ടിലും എന്റെ കൈകളിൽ എഴുന്നള്ളിവന്ന് ക്രൂശിതനായ ഈശോ പ്രത്യാശയെക്കുറിച്ച് എന്നോട് സംസാരിക്കുമായി രുന്നു. ഈ പ്രത്യാശയിലാണ് പിന്നീട് ഞാൻ പുറംലോകം കണ്ടതും ഇവിടെ അങ്ങയുടെ മുൻപിൽ നിൽക്കുന്നതും. ക്രൂശി തൻ എന്നെ പഠിപ്പിച്ച ഈ പ്രത്യാശയെക്കുറിച്ചാണ് ഇന്ന് ഞാൻ നിങ്ങളോട് സംസാരിക്കുന്നത്.''

ഭോഷത്വത്തിന്റെയും പരിഹാസത്തിന്റെയും അടയാളമാ യിരുന്ന കുരിശിനെ രക്ഷയുടെ അടയാളമാക്കി കുരിശിൽ മരിച്ചവൻ ഈ ഉത്ഥാനത്തിൻ നാളിൽ നമ്മോട് വാചാലനാകു ന്നത് പ്രത്യാശയെക്കുറിച്ചാണ്. അതെ, പ്രിയമുള്ളവരേ ഈസ്റ്റർ നമുക്ക് പ്രത്യാശയുടെ ആഘോഷമാണ്.

ആർഷഭാരത സംസ്കാരത്തിലെ ഏറ്റവും വലിയ പ്രാർ ത്ഥനകളിലൊന്നായ, മനുഷ്യവംശത്തോളം തന്നെ പഴക്കമുള്ള 'മൃത്യോമ അമൃതം ഗമയാ' മരണത്തിൽ നിന്ന് മരണമില്ലാ യ്മയിലേക്ക് നയിക്കണമേയെന്ന പ്രാർത്ഥനയ്ക്ക് ദൈവം നൽകുന്ന ഉത്തരമാണ് ഈ ഉയിർപ്പു തിരുനാൾ.

ഇന്നലെയും ഇന്നും എന്നും മനുഷ്യനെ അലട്ടുന്ന വലിയ ചോദ്യങ്ങളിൽ ഒന്നാണ് 'മരണത്തിനപ്പുറം എന്താണ്' എന്നു ള്ളത്. ഇന്നു മുതൽ നമുക്കിടയിലും നമ്മുടെ ജീവിതത്തിലും ആ ചോദ്യത്തിന് ഇനി പ്രസക്തിയില്ല. കാരണം 'ഞാനാകുന്നു പുനരുത്ഥാനവും ജീവനും' എന്ന് പഠിപ്പിച്ചവൻ അത് നമുക്ക് കാണിച്ചുതന്നിരിക്കുന്നു. മരണത്തിനു ശേഷമുള്ള ഉത്ഥാന ത്തിലൂടെ നാളെ നിങ്ങൾക്കും എനിക്കും മരണത്തിനപ്പുറമുള്ള ഉത്ഥാനമെന്ന ദൈവികസത്യത്തിന്റ വെളിപ്പെടുത്തലിലൂടെ.

ഇത് കേവലം ഭൗതീകമായ പ്രത്യാശയല്ല, മറിച്ച് അഭൗമി കതയിലുള്ള ഈ ലോകത്തിനപ്പുറത്തേക്കും എത്തിനിൽ ക്കുന്ന ഒരു പ്രത്യാശയാണ്. മരണത്തോടെ മനുഷ്യന്റെ ജീവിതം അവസാനിക്കുമെന്നും അതിനാൽ ഈ ലോകകേന്ദ്രീകൃത മായ ഒരു ജീവിതം നയിക്കാമെന്നും നയിക്കണമെന്നും പഠി



www.malankaralibrary.com

പ്പിക്കുന്ന, വിശ്വാസജീവിതത്തിനും സഭാസംവിധാനങ്ങൾക്കും അർത്ഥമില്ലെന്ന് പ്രഘോഷിക്കുന്ന വ്യക്തികളിൽ നിന്നും, മനോഭാവങ്ങളിൽ നിന്നും പ്രത്യയശാസ്ത്രങ്ങളിലും നിന്നു മൊക്കെ മാറി ചിന്തിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്ന, നമ്മെ പ്രേരിപ്പിക്കേണ്ട ഒരു പ്രത്യാശയാണിത്. ഉത്ഥിതനായ ക്രിസ്തു തന്റെ ശിഷ്യന്മാർക്ക് നൽകുന്ന ആശംസ 'ഭയപ്പെടേണ്ട, നിങ്ങൾക്ക് സമാധാനം' എന്നാണ്. ഇതിൽ നിന്ന് ഒരു കാര്യം വ്യക്തമാണ് ഉത്ഥിതനായ ക്രിസ്തുവിനെ കണ്ടുമുട്ടുന്നവരും അവനിൽ വിശ്വസിക്കുന്നവരും ഇനിമേൽ ഭയപ്പെടേണ്ട. കാരണം ജീവിതവഴികളിൽ നിനക്ക് കരുത്ത് പകരുവാൻ, നിന്നെ വഴിനടത്തുവാൻ, നിന്റെ പാദങ്ങൾക്ക് വിളക്കും, പാത യിൽ വെളിച്ചവുമായി അവിടുന്ന് ഉയിർത്തെഴുന്നേറ്റിരിക്കുന്നു.

മഗ്ദലന മറിയത്തോട് ക്രിസ്തു ചോദിക്കുന്ന ചോദ്യമുണ്ട് ''സ്ത്രീയേ, എന്തിനാണ് നീ കരയുന്നത്?''

ഉത്ഥിതനായ ക്രിസ്തുവിൽ വിശ്വസിക്കുന്ന ആരെങ്കിലും ഇന്ന് കരയുന്നുണ്ടെങ്കിൽ, അത് അവരുടെ മാതാപിതാക്കളെ ക്കുറിച്ചോർത്തോ, മക്കളെക്കുറിച്ചോർത്തോ, ജീവിതപങ്കാളി യെക്കുറിച്ചോർത്തോ, കൂടെപ്പിറപ്പുകളെക്കുറിച്ചോ, ഏറ്റെടുത്ത ജീവിതാവസ്ഥയെക്കുറിച്ചോർത്തോ, വിവിധങ്ങളായ ജീവിത സാഹചര്യങ്ങളെക്കുറിച്ചോ, എന്തിനെപ്പറ്റിയോ ആയിക്കൊ ള്ളട്ടെ. ക്രിസ്തു ഇന്ന് അവരോട് ചോദിക്കുന്ന ചോദ്യം ഇതു തന്നെയാണ്. ''എന്തിനാണ് നീ പ്രത്യാശയില്ലാത്തവരെപ്പോലെ കരയുന്നത്?'' നിന്റെ വേദനകൾക്കും പ്രതിസന്ധികൾക്കും ഉത്തരം നൽകാൻ, ഒരു പരിഹാരം കാണാൻ മരണത്തെ പ്പോലും തോൽപിച്ച് ഉത്ഥാനത്തിന്റെ വിജയകിരീടം ചൂടി നിൽ ക്കുന്ന ക്രിസ്തുവാണ് നിന്റെ രക്ഷകൻ.

അതുകൊണ്ട് കണ്ണുനീരിന്റെ ദുഃഖവെള്ളിയാഴ്ചകളിൽ പ്രത്യാശ കൈവിടാതെ 'ഭയപ്പെടേണ്ട നിങ്ങൾക്കു സമാധാനം' എന്ന് പറയുന്നവനിൽ അഭയം പ്രാപിക്കാൻ നമുക്ക് സാധി ച്ചാൽ ഈസ്റ്ററിന്റെ സന്തോഷവും സമാധാനവും നമ്മെ വ്യക്തി പരമായിത്തന്നെ തേടിവരും.

ജീവിതത്തിലെ കടലുകൾക്കപ്പുറം ഒരു കരയുണ്ടെന്നും ഇരു ണ്ടരാവുകൾപ്പുറം പുലരിയുടെ പൊൻവെളിച്ചമുണ്ടെന്നും



www.malankaralibrary.com

മരണത്തിനപ്പുറം ഉത്ഥാനത്തിന്റെ നിത്യജീവനുണ്ടെന്നും അത് നമ്മെ പഠിപ്പിക്കും. പ്രതിസന്ധികൾക്കും പ്രശ്നങ്ങൾക്കും വേദനകൾക്കും ആകുലതകൾക്കുമിടയിലും സന്തോഷത്തോടെ, പ്രത്യാശയോടെ മുമ്പോട്ടുപോകുവാൻ അത് നമ്മെ ശക്തിപ്പെടുത്തും. അതുകൊണ്ട് നിങ്ങൾക്കും എനിക്കും നമുക്കെല്ലാവർക്കും മുമ്പോട്ടു പോകാനുള്ള ഒരു കാരണമാണ് മരണത്തെ തോൽപിച്ച് ഉത്ഥാനം ചെയ്ത് വിശുദ്ധ കുർബാനയായി നമുക്കൊപ്പം വസിക്കുന്ന ഈശോ.

2003-ലെ ഗുജറാത്ത് ഭൂകമ്പത്തിൽ തകർന്നുവീണ ആയിരക്കണക്കിന് കെട്ടിടങ്ങൾക്കൊപ്പം ഒരു സ്കൂൾ കെട്ടിടവുമുണ്ടായിരുന്നു. തകർന്നു കിടക്കുന്ന സ്കൂളിനെ ലക്ഷ്യമാക്കി ഒരു പിതാവ് അലമുറയിട്ടുകൊണ്ട് ഓടിയെത്തുകയാണ്. രക്ഷാപ്രവർത്തകരുടെ നിയന്ത്രണമൊന്നും വകവയ്ക്കാതെ അയാൾ തന്റെ കുഞ്ഞ് പഠിച്ചിരുന്ന ക്ലാസ്സ് മുറിയുടെ അടുത്തെത്തി ഒരു മൺവെട്ടി കൊണ്ട് മണ്ണ് വെട്ടിമാറ്റാൻ തുടങ്ങി. കെട്ടിടത്തിന്റെ ശേഷിച്ച ഭാഗം കൂടി എപ്പോൾ വേണമെങ്കിലും നിലംപതിക്കാമെന്നുള്ളതുകൊണ്ട് ആരും അയാളുടെ സഹായത്തിനെത്തിയില്ല. ഏകദേശം 36 മണിക്കൂറുകൾ കടന്നുപോയി. പെട്ടെന്നാണ് അയാൾ 'അപ്പാ' എന്നൊരു സ്വരം കേട്ടത്. അത് തന്റെ കുഞ്ഞിന്റെ ശബ്ദമാണെന്ന് അയാൾ തിരിച്ചറിഞ്ഞു. ജീവന്റെ സാന്നിധ്യം തിരിച്ചറിഞ്ഞ് മറ്റുള്ളവരും അപ്പോൾ അദ്ദേഹത്തിന്റെ സഹായത്തിനെത്തി. ഒടുവിൽ കെട്ടിടം തകർന്ന സമയത്ത് എങ്ങനെയോ രൂപം കൊണ്ട ത്രികോൺ പോലുള്ള സുരക്ഷിതമായൊരിടത്ത് തന്റെ മകനും മറ്റു രണ്ടു കുട്ടികളും സുരക്ഷിതരായിരിക്കുന്നത് അയാൾ കണ്ടു. ഈ നീണ്ട 36 മണിക്കൂറുകൾ എങ്ങനെ അവിടെ കഴിഞ്ഞുകൂടി എന്ന് അത്ഭുതത്തോടെ ചോദിച്ചവരോട് ആ കുഞ്ഞ് പറഞ്ഞു: "ഞാൻ കൂട്ടുകാരോട് പറഞ്ഞു, എന്റെ അപ്പൻ ജീവിച്ചിരിപ്പുണ്ടെങ്കിൽ നമ്മളെ രക്ഷിക്കാൻ വന്നിരിക്കുമെന്ന്. ഞങ്ങൾ അതുകൊണ്ട് അപ്പനെ കാത്തിരിക്കുകയായിരുന്നു."

ജീവിതവിഷമങ്ങളുടെ വെളിച്ചം കടക്കാത്ത ഭൂവറകളിൽ പെട്ടുപോയതായിരിക്കാം നമ്മുടെ ജീവിതങ്ങൾ. പക്ഷേ നമുക്ക് ശാന്തരാകാം. എന്തെന്നാൽ നമ്മുടെ അപ്പൻ ജീവിച്ചി



www.malankaralibrary.com

രിപ്പുണ്ട്. അവൻ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേറ്റിരിക്കുന്നു. പ്രതീക്ഷയോടെ, വിശ്വാസത്തോടെ കാത്തിരുന്നാൽ ജീവതവഴികളിൽ വെളിച്ചം വിതറി അവിടുന്ന് നമ്മെ തേടി വരും തീർച്ച.

**ഫാ. സിനോജ് ഇരട്ടക്കാലായിൽ MCBS**

www.lifeday.in



www.malankaralibrary.com

## ധ്യാനം: കല്ലറ

മരണത്തെ നിദ്രയെന്നാണ് ക്രിസ്തു വിളിച്ചത്. അതു കൊണ്ടു തന്നെ ആരും ഇതുവരെയും കിടക്കാത്ത തോട്ടത്തിലെ ആ കല്ലറ അവന് ഉറക്കശയ്യയായി. ആകാശം പറവകളും മാളങ്ങൾ കുറുനരികളും സ്വന്തമാക്കിയപ്പോൾ അവന് തലചായ്ക്കാനൊരിടം ആരോ കരുതിവച്ചതു പോലെ. ആർത്തികൾ കവർന്നെടുക്കാത്ത ഒരിടം സ്രഷ്ടാവ് എല്ലാവർക്കുമായി വീതിച്ചിടുന്നുണ്ട്. ഓരോ ബലിയിലും അവന്റെ മരണവും ഉയിർപ്പും സ്വർഗ്ഗാരോഹണവും പിന്നെ കബറടക്കവും അനുസ്മരിക്കുന്നു. ക്രിസ്തുവിന്റെ ആ കബറും കബറടക്കവും നമ്മെ ഓർമ്മിപ്പിക്കുന്ന ചിലതുണ്ട്. അത് നമ്മുടെ കബറിടങ്ങളെക്കുറിച്ചു തന്നെ.

അവസാനിക്കാത്ത ഓർമ്മകളുടെ തിരുശേഷിപ്പാണ് ഓരോ കബറിടവും. അമ്മയുടെ ഗർഭപാത്രത്തിൽ നിന്ന് ഭൂമിയെന്ന മൺപാത്രത്തിലേക്കുള്ള കൂടുമാറ്റമാണ് ജീവിതമെന്ന് ആരോ പാടുന്നുണ്ട്. ഓർമ്മകൾക്കു മുമ്പിൽ കരം കൂപ്പിപ്പിടിച്ച് ഒരു മെഴുകുതിരി തുണ്ടിന്റെ വെളിച്ചത്തിൽ നിറഞ്ഞ കണ്ണുകളുമായി നിൽക്കുമ്പോൾ ഓരോ കബറിടത്തിൽ നിന്നും അവരുടെ ജീവിതത്തിന്റെ ഗന്ധം നമ്മെ പൊതിയുന്നു. പറയാതെ പോയ വാക്കുകളും കാതിൽ പറഞ്ഞതും പാടാതെ പോയ ഈണങ്ങളും കുറെ സ്വപ്നങ്ങളും പരിഭവങ്ങളും കരുതലും കാവലും ഒക്കെ ചേർത്ത് നാം അനുഭവിച്ച ആ ജീവിതത്തിന്റെ ഋതുഭേദങ്ങളാണ് നമ്മെ പൊതിയുന്നത് (ചലച്ചിത്രങ്ങളിൽ മൃതസംസ്ക്കാര വേളകളെ ചിത്രീകരിക്കുന്ന രംഗങ്ങളിൽ തോരാമഴയത്ത് കുട ചൂടി നിൽക്കുന്ന പ്രിയപ്പെട്ടവരുടെ മുഖങ്ങൾ ആ സുഗന്ധത്തെ നല്ലവണ്ണം ഫോക്കസ് ചെയ്യുന്നുണ്ട്).



www.malankaralibrary.com

അടക്കം ചെയ്യപ്പെട്ടത് വെറും ശരീരമാണെങ്കിലും ദൈവ ത്തിന്റെ നിശ്വാസത്തെയും എന്റെ ഹൃദയമിടിപ്പുകളെയും നെഞ്ചിലേറ്റിയ ഒരാളാണ് ഇവിടെ അന്തിയുറങ്ങുന്നതെന്ന സത്യമാണ് ആ കബറിടത്തെ എന്നിലേക്ക് അടുപ്പിക്കുന്നത്. ശൂന്യമായ കല്ലറയ്ക്ക് വെളിയിലിരുന്ന് മഗ്ദലേന പൊട്ടിക്ക രയുന്നത് എന്തിനാണെന്ന് എനിക്കിപ്പോൾ നന്നായി അറിയാം. അത്രമേൽ അവളെ സ്നേഹിച്ചിരുന്ന ഒരാളെ ആരോ മോഷ്ടി ച്ചുകൊണ്ടുപോയിരിക്കുന്നു.

ജീവിതത്തിന്റെ അനിവാര്യമായ അന്ത്യമാണ് കബറിടം. താളിൽ ചുംബിച്ചുകൊണ്ടും താണുവീണ് നമസ്ക്കരിച്ചു കൊണ്ടും വായിച്ച് തീർക്കേണ്ട ചില അദ്ധ്യായങ്ങൾ വേദഗ്ര ന്ഥത്തിലുണ്ട്. അതിലൊന്നാണ് ഉൽപ്പത്തി പുസ്തകത്തിലെ ഒന്നും രണ്ടും അദ്ധ്യായങ്ങൾ. പ്രപഞ്ചസൃഷ്ടിയെക്കുറിച്ചും മനുഷ്യസൃഷ്ടിയെക്കുറിച്ചുമുള്ള ഭാഗങ്ങളാണവ.

ദൈവമായ കർത്താവ് ഭൂമിയിലെ പൂഴി കൊണ്ട് മനുഷ്യനെ രൂപപ്പെടുത്തി എന്നാണ് വചനം സാക്ഷിക്കുന്നത്. ഹീബ്രു ഭാഷാപ്രയോഗത്തിൽ 'അതമാ'യിൽ (മണ്ണിൽ) നിന്ന് 'ആദാമി'ന് (മനുഷ്യന്) രൂപം കൊടുത്തു. മണ്ണിൽ നിന്ന് രൂപം കൊണ്ടത് ഒടുവിൽ കല്ലറയിലേക്ക് പോകുക തന്നെ വേണം. ആത്മാവ് കൊണ്ട് നിർമ്മിക്കപ്പെട്ടത് ആത്മാവിലേക്കും മാംസം കൊണ്ട് മെനയപ്പെട്ടത് മണ്ണിലേക്കും. ക്രിസ്തുവിന്റെ കബറ ടക്കം അവന്റെ മനുഷ്യത്വത്തേയും അവന്റെ ഉത്ഥാനം അവന്റെ ദൈവീകതയേയും പ്രഘോഷിക്കുന്നു.

'ഒരാൾക്കു എത്രയടി മണ്ണുവേണം?'എന്ന ടോൾസ്റ്റോയ് കഥയിലെ നായകൻ ഒടുവിൽ നേടിയത് ആറടി മണ്ണുമാത്രം. ഉദയത്തിൽ ആരംഭിച്ച് അസ്തമയത്തിനു മുമ്പേ പൂർത്തിയാ കുന്ന ദൂരപരിധിയിലെ ഭൂമിയാണ് അവന് വാഗ്ദാനം ചെയ്യ പ്പെട്ടത്. ഓടിക്കിതച്ച് വലിയ ഒരു പരിവൃത്തം പൂർത്തീകരി ച്ചപ്പോഴേക്കും അവന്റെ ആയുസ്സിന്റെ പരിധി നിശ്ചയിക്കപ്പെ ട്ടിരുന്നു. ആറടി മണ്ണിന്റെ ജന്മിയായി അയാൾ കഥാന്ത്യത്തിൽ മരണം കൊണ്ട് അഭിഷേകം ചെയ്യപ്പെടുന്നു. നിർത്താതെ യുള്ള ജീവിതത്തിന്റെ ഓട്ടം ഒടുവിൽ അവസാനിക്കുന്ന ദൂര പരിധി കൺതുറന്ന് കാണുന്നത് നല്ലതാണ്.



www.malankaralibrary.com

മരണമെത്തുന്ന നേരത്ത്...
പ്രണയമേ നിന്നിലേക്കു നടന്നെത്തൊരെൻ
വഴികളോർത്തെന്റെ പാദം തണുക്കുവാൻ
അതുമതി ഉടൽ മൂടിയ മണ്ണിൽ നി-
ന്നിവനു പുൽക്കൊടിയായുർത്തേൽക്കുവാൻ

കവി റഫീക്ക് അഹമ്മദിന്റെ വരികൾ വെളിപാട് ഗാനം പോലെ എന്റെ ശവമഞ്ചത്തെ അനുധാവനം ചെയ്യുന്നുണ്ട്.

ഒടുവിൽ കല്ലറ ശൂന്യമാണ്; കാരണം ക്രിസ്തു കല്ലറ തുറന്നവനാണ്. ഉത്ഥാനത്തിന് മുമ്പ് കബറടക്കം അവന്റെ ഓർമ്മകളെ അനശ്വരമാക്കുന്നു.

**ഫാ. ഡൊമിനിക് OIC**

www.lifeday.in



www.malankaralibrary.com

## കുടുംബപ്രാർത്ഥന: ഉയിർപ്പു ദിവസങ്ങളിൽ

*(ഉയിർപ്പു ദിവസങ്ങളിലെ കുടുംബപ്രാർത്ഥനയിൽ ഉൾപ്പെടുത്താവുന്ന പ്രാർത്ഥന.)*

### സുവിശേഷഭാഗം:

ലൂക്കാ 24: 36-43 ഈശോ ശിഷ്യന്മാർക്ക് പ്രത്യക്ഷനാകുന്നു.

അവർ ഇത് പറഞ്ഞുകൊണ്ടിരിക്കുമ്പോൾ യേശു അവരുടെ മദ്ധ്യേ പ്രത്യക്ഷനായി അവരോട് അരുളിച്ചെയ്തു: നിങ്ങൾക്കു സമാധാനം! അവർ ഭയന്നുവിറച്ചു. ഭൂതത്തെയാണ് കാണുന്നത് എന്ന് അവർ വിചാരിച്ചു. അവൻ അവരോടു ചോദിച്ചു: നിങ്ങൾ അസ്വസ്ഥരാകുന്നതെന്തിന്? നിങ്ങളുടെ മനസ്സിൽ ചോദ്യങ്ങൾ ഉയരുന്നതും എന്തിന്? എന്റെ കൈകളും കാലുകളും കണ്ട് ഇതു ഞാൻ തന്നെയാണെന്നു മനസ്സിലാക്കുവിൻ. എന്നെ സ്പർശിച്ചുനോക്കുവിൻ. എനിക്കുള്ളതുപോലെ മാംസവും അസ്ഥികളും ഭൂതത്തിന് ഇല്ലല്ലോ. എന്നിട്ടും അവർ സന്തോഷാധിക്യത്താൽ അവിശ്വസിക്കുകയും അത്ഭുതപ്പെടുകയും ചെയ്തപ്പോൾ അവൻ അവരോടു ചോദിച്ചു: ഇവിടെ ഭക്ഷിക്കാൻ എന്തെങ്കിലുമുണ്ടോ? ഒരു കഷണം വറുത്ത മീൻ അവർ അവനു കൊടുത്തു. അവൻ അതെടുത്ത് അവരുടെ മുമ്പിൽ വച്ചു ഭക്ഷിച്ചു.

**കുടുംബനാഥൻ:** സമാധാനം ആശംസിച്ചുകൊണ്ട് ഞങ്ങൾക്ക് മുൻപിൽ ആഗതനാകുന്ന ഉത്ഥിതനായ യേശുവേ ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു. ഞങ്ങളുടെ കുടുംബത്തിന്റെ അഭയവും പ്രതീക്ഷയും അങ്ങാണല്ലോ. സഹനത്തെയും മരണത്തെയും പരാജയപ്പെടുത്തി അങ്ങ് ഉയിർ



www.malankaralibrary.com

ത്തെഴുന്നേറ്റതുപോലെ, ജീവിതപരാജയങ്ങളിൽ നിന്നും പാപസാഹചര്യങ്ങളിൽ നിന്നും ഉയിർത്തെഴുന്നേൽക്കുവാൻ ഞങ്ങളെ സഹായിക്കേണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേയ്ക്കും.

**അംഗങ്ങൾ:** ആമ്മേൻ.

**കുടുംബനാഥൻ:** നമുക്ക് പ്രാർത്ഥിക്കാം, നമ്മുടെ എല്ലാ ആവശ്യങ്ങളിലും നമ്മുടെ ദൃഢമായ വിശ്വാസത്തിൽ നമുക്ക് പറയാം, ഈശോയെ ഞങ്ങളെ രക്ഷിക്കണമേ! എല്ലാ സംശയങ്ങളിൽ നിന്നും ആകുലതകളിൽ നിന്നും പ്രലോഭനങ്ങളിൽ നിന്നും ഉത്ഥിതനായ ഈശോയെ ഞങ്ങളെ രക്ഷിക്കണമേ!

എന്റെ ഏകാന്തതയുടെ മണിക്കൂറുകളിൽ, വിഷമതകളിൽ, ലൗകിക പരീക്ഷണങ്ങളിൽ...

**എല്ലാവരും:** ഉത്ഥിതനായ ഈശോയെ എന്നെ രക്ഷിക്കണമേ.

എന്റെ ഹൃദയം പരാജയഭാരത്താൽ തകരുമ്പോഴും പ്രത്യാശ നശിക്കുമ്പോഴും...

**എല്ലാവരും:** ഉത്ഥിതനായ ഈശോയെ...

എന്റെ ക്ഷമ നശിക്കുമ്പോഴും എന്റെ അനുസരണക്കേടിലും...

**എല്ലാവരും:** ഉത്ഥിതനായ ഈശോയെ...

എന്റെ രോഗങ്ങളിലും ആകുലതകളിലും ഞാൻ ഒറ്റപ്പെടുമ്പോഴും...

**എല്ലാവരും:** ഉത്ഥിതനായ ഈശോയെ...

എന്റെ ബലഹീനതകളാൽ ഞാൻ വീഴുമ്പോൾ...

**എല്ലാവരും:** ഉത്ഥിതനായ ഈശോയെ...

എന്റെ കടബാധ്യതകളിലും ശാരീരിക-മാനസിക ബുദ്ധിമുട്ടുകളിലും...

**എല്ലാവരും:** ഉത്ഥിതനായ ഈശോയെ...



www.malankaralibrary.com

**"എന്റെ ആത്മാവേ നീ എന്തിനു വിഷാദിക്കുന്നു. നീ എന്തിനു നെടുവീർപ്പെടുന്നു. ദൈവത്തിൽ പ്രത്യാശ വയ്ക്കുക" (സങ്കീ. 43:5).**

(എല്ലാവരും ഒരുമിച്ചു 3 പ്രാവശ്യം നെറ്റിയിൽ കുരിശു വരച്ച്, 3 പ്രാവശ്യം ഈ സങ്കീർത്തനഭാഗം ചൊല്ലുക).

**ഫാ. സൈജു തുരുത്തിയിൽ MCBS**

www.lifeday.in



www.malankaralibrary.com

## ത്രിസന്ധ്യാജപം: ഉയിർപ്പുകാലം

*(ഉയിർപ്പു ഞായറാഴ്ച തുടങ്ങി പരിശുദ്ധ ത്രീത്വത്തിന്റെ ഞായറാഴ്ച വരെ ചൊല്ലേണ്ടത്)*

സ്വർല്ലോകരാജ്ഞീ ആനന്ദിച്ചാലും, ഹല്ലേലൂയ്യ.

എന്തെന്നാൽ ഭാഗ്യവതിയായ അങ്ങയുടെ തിരുവുദരത്തിൽ അവതരിച്ച ആൾ, ഹല്ലേലൂയ്യ.

അരുളിചെയ്തതുപോലെ ഉയിർത്തെഴുന്നേറ്റു, ഹല്ലേലൂയ്യ.

ഞങ്ങൾക്കു വേണ്ടി സർവ്വേശ്വരനോടു പ്രാർത്ഥിക്കണമേ, ഹല്ലേലൂയ്യ.

കന്യകാമറിയമേ ആമോദിച്ചാനന്ദിച്ചാലും, ഹല്ലേലൂയ്യ.

എന്തെന്നാൽ കർത്താവ് സത്യമായി ഉയിർത്തെഴുന്നേറ്റു, ഹല്ലേലൂയ്യ.

പ്രാർത്ഥിക്കാം

സർവ്വേശ്വരാ, അങ്ങയുടെ പുത്രനും ഞങ്ങളുടെ കർത്താവുമായ ഈശോമിശിഹായുടെ ഉത്ഥാനത്താൽ ലോകത്തെ ആനന്ദിപ്പിക്കുവാൻ അങ്ങ് തിരുമനസ്സായല്ലോ. അവിടുത്തെ മാതാവായ കന്യകാമറിയം മുഖേന ഞങ്ങൾ നിത്യാനന്ദം പ്രാപിക്കുവാൻ അനുഗ്രഹം നൽകണമേ എന്ന് അങ്ങയോട് ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.



www.malankaralibrary.com

www.malankaralibrary.com

LIFEDAY




ഒരു വർഷത്തിലെ എല്ലാ ദിനങ്ങളും മനോഹരമാണെങ്കിലും ക്രൈസ്തവരെ സംബന്ധിച്ച് ഓശാന മുതൽ ഉയിർപ്പ് വരെയുള്ള ദിനങ്ങൾ കൂടുതൽ വിശുദ്ധവും അനുഗ്രഹീതവുമാണ്.

കാരണം, നമ്മുടെ രക്ഷകനും നാഥനുമായ ഈശോയുടെ പീഡാനുഭവ-മരണ-ഉത്ഥാന അനുഭവങ്ങളുടെ ഓർമ്മയാചരണമാണ് ആ ദിനങ്ങളിൽ നമ്മൾ നടത്തുന്നത്.

ആ ദിനങ്ങളെ കൂടുതൽ പ്രാർത്ഥനാനിർഭരമാക്കാൻ സഹായിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ ഇ-ബുക്ക് പുറത്തിറക്കുന്നത്.

കൂടുതൽ വാർത്തകൾക്കു സന്ദർശിക്കുക
www.lifeday.in

www.malankaralibrary.com